# നിയമധ്വനി

വാല്യം 3
ഇഷ്യു 1
ആഗസ്റ്റ് 2018

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം



ഉയരട്ടെ
നവകേരളം

# നിയമധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപ സമിതി

| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| *എഡിറ്റർ* | : | **എൽ. ശോഭാ നായർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| *അംഗങ്ങൾ* | : | **ഗ്രാൻസി റ്റി. എസ്.**<br>ജോയിന്റ് സെക്രട്ടറി |
| | | **സോണിഷ്, കെ.**<br>സെക്ഷൻ ആഫീസർ |
| | | **ശ്രീരഞ്ജിത്, എം. സി.**<br>ലീഗൽ അസിസ്റ്റന്റ് |
| | | **മുഹമ്മദ് ഇസ്മയിൽ, കെ. എസ്.**<br>ലീഗൽ അസിസ്റ്റന്റ് |
| *പുറംതാൾ രൂപകല്പന* | : | **വൈശാഖ് ചന്ദ്രൻ, യു.** |
| *വിലാസം* | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| *ഫോൺ* | : | 0471-2517064, 0471-2517066 |


ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനത്തിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റേയോ നിയമവകുപ്പിന്റേയോ അല്ലായെന്നും അവ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

*—പത്രാധിപ സമിതി*



# പ്രസാധക കുറിപ്പ്

ജനാധിപത്യം സാർഥകമാകണമെങ്കിൽ ഭരണത്തിൽ ജനങ്ങളുടെ പങ്ക് ഉറപ്പാക്കണം. ഭാഷ അതിനൊരു തടസ്സമാകരുത്. ഭരിക്കുന്നവരുടേയും, ബഹുജനത്തിന്റെയും ഭാഷ ഒന്നായി തീരുമ്പോഴേ ഇരുകൂട്ടരും തമ്മിലുള്ള ആശയവിനിയം പൂർണ്ണമാകുന്നുള്ളു. ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമായിരിക്കണം എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി സർക്കാർ വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി ബഹു. സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടേയും കാലികവും പ്രധാനപ്പെട്ടതുമായ വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തികൊണ്ട് നിയമ വകുപ്പിൽ നിന്ന് "നിയമധ്വനി" എന്ന പേരിൽ ഒരു ജേർണൽ പ്രസിദ്ധപ്പെടുത്തിവരുകയാണ്. ഈ പ്രസിദ്ധീകരണത്തിനു സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നും ലഭിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നിയമധ്വനി - ആഗസ്റ്റ് പതിപ്പ് മാന്യ വായനക്കാരുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

നിയമ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
തിരുവനന്തപുരം,
29-08-2018.

**ബി. ജി. ഹരീന്ദ്രനാഥ്,**
നിയമ സെക്രട്ടറി.

# ഉൾത്താളുകളിൽ......

## സുപ്രീം കോടതി വിധിന്യായങ്ങൾ

1. ഐസക് *Vs* റെണാൾഡ് ചെറിയാനും മറ്റുള്ളവരും ........................................ 03

2. ദേവ് കന്യാ തിവാരി *Vs* സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ........................................ 19

3. കവിതാ ചന്ദ്രകാന്ത് ലഖാനി *Vs* സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്രയും മറ്റൊരാളും 25

4. മോട്ടിറാം പാദുജോഷിയും മറ്റുള്ളവരും *Vs* സ്റ്റേറ്റ് ഓഫ് മാഹാരാഷ്ട്ര ...... 29

## ഹൈക്കോടതി വിധിന്യായങ്ങൾ

1. കെ. യു. ജോസഫ് *Vs* ബാർ കൗൺസിൽ ഓഫ് കേരള ................................35

2. ശിവകുമാറും മറ്റുള്ളവരും *Vs* സ്റ്റേറ്റ് ഓഫ് കേരള ........................................42

3. സെബാസ്റ്റ്യൻ റ്റി. ജോസഫ് മറ്റുള്ളവരും കേരള സംസ്ഥാന ബാലാവകാശങ്ങൾ സംരക്ഷണ കമ്മീഷനും മറ്റുള്ളവരും........................... .45

4. റോസ് ലിൻഡ് ജോൺ *Vs* കേരള സർക്കാരും മറ്റുള്ളവരും ........................53

5. ദാസൻ *Vs* കേരള സർക്കാരും മറ്റുള്ളവരും........................................ 59

6. സംഗീത *Vs* ഷിബു. കെ. കെ. ........................................ 62

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് രഞ്ജൻ ഗോഗോയ്

&

ബഹു. ജസ്റ്റിസ് ആർ.ബാനുമതി

ക്രിമിനൽ അപ്പീൽ നമ്പർ. 165/2018

ഐസക്ക്

*Vs*

റോണാൾഡ് ചെറിയാനും മറ്റുള്ളവരും

2018 ജനുവരി 23-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**അപ്പീലുകൾ കൈകാര്യം ചെയ്യുന്ന അപ്പീൽ കോടതികളുടെ അധികാരങ്ങൾ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 386-ാം വകുപ്പിൽ നിർവ്വചിക്കുന്നു. അതിൽ വിവരിച്ചു പറയുന്ന അധികാരങ്ങൾ എല്ലാ കോടതികളിലും നിക്ഷിപ്തമാണ്, ഹൈക്കോടതിയായാലും സബോർഡിനേറ്റ് കോടതിയായാലും, വകുപ്പിന്റെ (എ) ഖണ്ഡം കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീൽ ഹൈക്കോടതിയിൽ മാത്രം നിലനിൽക്കുന്നതിനാൽ ഹൈക്കോടതിയുടെ ആ അധികാരങ്ങൾ ആ കോടതിയിൽ പരിമിതപ്പെടുത്തുന്നതൊഴികെ (ബി) ഖണ്ഡം അങ്ങനെ പരിമിതപ്പെടുത്തിയിട്ടില്ലാത്തതും, എല്ലാ കോടതികൾക്കും സ്വീകാര്യവുമാണ്. പ്രതിയെ പുനർവിചാരണ ചെയ്യുന്നതിന് നിർദ്ദേശിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്ക് നൽകിയിരിക്കുന്നത്, കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീൽ കൈകാര്യം ചെയ്യുമ്പോൾ മാത്രമല്ല, കുറ്റസ്ഥാപനം പ്രതിപാദിക്കുന്ന അപ്പീൽ കൈകാര്യം ചെയ്യുമ്പോൾ കൂടിയാണ്.**

### ഉത്തരവ്

*ജസ്റ്റിസ് ആർ.ബാനുമതി*

1. അനുമതി അനുവദിച്ചു

2 ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പും 394-ാം വകുപ്പും 34 -ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റകൃത്യങ്ങളിൽ നിന്നും അപ്പീൽ വാദി (1-ാം പ്രതിയുടെ) കുറ്റവിമോചനം അസ്ഥിരപ്പെടുത്തികൊണ്ടും, വിഷയം വീണ്ടും വിചാരണ കോടതിയിലേക്കു പുനർവിചാരണയ്ക്ക് മടക്കി അയച്ചുകൊണ്ടും, കേരളാ ഹൈക്കോടതി 25-07-2012 -ൽ ഇതിലെ 1-ാം എതിർകക്ഷി ബോധിപ്പിച്ച ക്രിമിനൽ റിവിഷൻ പെറ്റീഷൻ നം. 3413/08

അനുവദിച്ചുകൊണ്ടുള്ള വിധിന്യായത്തിൽ നിന്നുമാണ് ഈ അപ്പീൽ ഉത്ഭവിച്ചിട്ടുള്ളത്.

3. പ്രോസിക്യൂഷൻ കേസ് ചുരുക്കി പറഞ്ഞാൽ, പരേതയായ ബ്രിജിത 63 വയസ്സുള്ള വിധവയും അഞ്ചേക്കർ വരുന്ന കൃഷി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന അവരുടെ വീട്ടിൽ ഒറ്റയ്ക്ക് താമസിച്ചുവരികയുമായിരുന്നു. ബ്രിജിത താമസിക്കുന്ന അതേ വീട്ടിൽ ഒന്നാം പ്രതിയുടെ അച്ഛൻ നടരാജനും താമസിച്ചിരുന്നു. അയാൾ ബ്രിജിതയുടെ ഒരു സ്ഥിരം ജോലിക്കാരനായിരുന്നു. പരേതയുടെ മകൻ, 1-ാം എതിർകക്ഷി റൊണാൾഡ് ചെറിയാൻ, നടരാജനോട് ചില കാരണങ്ങളാൽ വീട്ടിൽ താമസിക്കരുതെന്നു നിർദ്ദേശിച്ചതിനാൽ, നടരാജൻ അയാളുടെ ജോലി തുടർന്നില്ല. അതിനുശേഷം കൃഷിപ്പണിയിൽ പരേതയെ സഹായിക്കുന്നതിനായി അപ്പീൽവാദി -1-ാം പ്രതി പരേതയോടൊപ്പം അവരുടെ വീട്ടിൽ താമസം തുടങ്ങി. 06.02.2006 - അർദ്ധരാത്രിയിൽ പരേതയുടെ വീട്ടിൽ നിന്നും 50 മീറ്റർ അകലെ താമസിക്കുന്ന പരേതയുടെ സഹോദരി, പരേതയുടെ വീട്ടിൽ നിന്നും നിലവിളി കേട്ടു. പരേതയുടെ നിലവിളി കേട്ടപ്പോൾ പരേതയുടെ നാത്തൂൻ അവരുടെ മകൻ ഷബിൻ എന്നു വിളിക്കുന്ന ചെറിയാനെ (പി ഡബ്യു1) വിളിച്ചുണർത്തി പിന്നീട്, പി ഡബ്യു 1 പരേതയുടെ വീട്ടിൽ പോവുകയും അപ്പീൽ വാദി - 1-.ാം പ്രതിയോട് അടുക്കളയുടെ വാതിൽ തുറക്കാൻ ആവശ്യപ്പെട്ടു, എന്നാൽ, അപ്പീൽ വാദി 1-ാം പ്രതി, അയാളെ കയർ കൊണ്ട് കെട്ടിയിട്ടിരിക്കുന്നതിനാൽ വാതിൽ തുറക്കാൻ സാധിക്കില്ലെന്നും അതുകൊണ്ട് മുൻ വാതിലിലൂടെ പ്രവേശിക്കാനും പറഞ്ഞു. പി ഡബ്യു 1 മുൻ വാതിലിലൂടെ പ്രവേശിച്ചപ്പോൾ പരേത വീടിന്റെ മുൻ വശത്തെ മുറിയിൽ ബോധരഹിതയായി കിടക്കുന്നതായും അപ്പീൽവാദി- 1-ാം പ്രതി-യെ അടുക്കളയിൽ കയർ കൊണ്ട് കെട്ടിയിട്ടിരിക്കുന്നതായും കണ്ടു. പി ഡബ്ല്യു 1 നോട്, അഞ്ച് കള്ളൻമാർ വീട്ടിൽ കയറുകയും പരേതയെ ശ്വാസം മുട്ടിച്ച ശേഷം വില പിടിപ്പുള്ള എല്ലാ സ്വർണ്ണാഭരണങ്ങളും പണവും വീട്ടിൽ നിന്നും കൊണ്ടുപോയതായി അപ്പീൽവാദി- 1-ാം പ്രതി പറഞ്ഞു. പി ഡബ്യു 1 പരേതയുടെ മൂത്തമകനായ 1-ാം എതിർകക്ഷി റോണാൾഡ് ചെറിയാനെ സംഭവമറിയിച്ചതിനു ശേഷം, പരേതയെ കട്ടപ്പന സെന്റ് ജോൺ ആശുപത്രിയിൽ കൊണ്ടുപോകുകയും അവിടെ വെച്ച് അവർ മരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. പി ഡബ്യൂ 1 രാവിലെ ഏകദേശം 4 മണിയോടെ കട്ടപ്പന പോലീസ് സ്റ്റേഷനിൽ പോകുകയും അയാളുടെ മൊഴി (എഗ്സിബിറ്റ് -പി 1) പി ഡബ്യൂ 22 പോലീസ് സബ് ഇൻസ്പെക്ടർ രേഖപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, കണ്ടാലറിയാവുന്ന അഞ്ച് പേർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 396-ാം വകുപ്പ് ചുമത്തി 49/2006-ാം നമ്പറായി ക്രൈം രജിസ്റ്റർ ചെയ്യുകയും ചെയ്തു

4. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതിനു ശേഷം, പോലീസ് ഇൻസ്പെക്ടർ അന്വേഷണ സമയത്ത് കൃത്യസ്ഥല പഞ്ചനാമ (സീൻ മഹസ്സർ) തയ്യാറാക്കുകയും കുറ്റകൃത്യം നടന്ന സ്ഥലത്ത് നിന്ന് വിരലടയാളങ്ങൾ ശേഖരിക്കുകയും ചെയ്തു. അപ്പീൽ വാദി ഒന്നാം പ്രതിയെ 7-02-2006 -ൽ വൈകിട്ട് 6.20 മണിക്ക് അറസ്റ്റ് ചെയ്യുകയും, അയാൾ ഒരു വെളിപ്പെടുത്തൽ മൊഴി നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, 2-ാം പ്രതി എവിടെയുണ്ടെന്ന് മനസ്സിലാക്കുകയും അന്നേ ദിവസം വൈകിട്ട് 8 മണിക്ക് അറസ്റ്റ് ചെയ്യുകയും ചെയ്തു. 2-ാം പ്രതിയുടെ കുറ്റസമ്മത മൊഴി, സ്വർണ്ണാഭരണങ്ങളും പണവും ശ്വാസം മുട്ടിക്കാൻ ഉപയോഗിച്ച ഷാളും,

2-ാം പ്രതിയുടെ വീട്ടിൽ നിന്നും വീണ്ടെടുക്കുന്നതിലേക്ക് നയിച്ചു. കൂടാതെ, ഷാളിൽ കണ്ട നരച്ച മുടി കൂടുതൽ അന്വേഷണത്തിനായി സൂക്ഷിച്ചു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പരേതയുടെ മരണ കാരണം ശ്വാസംമുട്ടൽ മൂലമാണെന്ന് വെളിപ്പെടുത്തി. അന്വേഷണം പൂർത്തിയാക്കിയതിനു ശേഷം, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 394-ാം വകുപ്പും 302-ാം വകുപ്പും, 34-ാം വകുപ്പുമായി കൂട്ടിവായച്ച പ്രകാരം അപ്പീൽ വാദി-1-ാം പ്രതിക്കെതിരെ കുറ്റപത്രം ഫയൽ ചെയ്തു

5. വിചാരണ കോടതി 2-ാം പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ഉം 394 -ഉം വകുപ്പുകൾ പ്രകാരം മറ്റുപലതിന്റെയും കൂട്ടത്തിൽ താഴെ പറയുന്ന കാരണങ്ങളാൽ ശിക്ഷിച്ചു: (എ) കൃത്യം നടന്ന സ്ഥലത്ത് നിന്നും വീണ്ടെടുത്ത വസ്തുക്കളിൽ പ്രതിയുടെ വിരലടയാളം കണ്ടെത്തിയത് പരേതയുടെ വീട്ടിൽ 1-ാം പ്രതിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത്; (ബി) 2-ാം പ്രതിയുടെ വീട്ടിൽ നിന്നും പരേതയുടെ ആഭരണങ്ങളും കറൻസി നോട്ടുകളും വീണ്ടെടുത്തത് (സി) 2-ാം പ്രതിയുടെ വീട്ടിൽ നിന്നും പരേതയുടെ മുടി അടങ്ങുന്ന കൃത്യം നിർവ്വഹിക്കാൻ ഉപയോഗിച്ച ഷാൾ വീണ്ടെടുത്തത് (ഡി) 2-ാം പ്രതിക്ക് തന്റെ കട ബാദ്ധ്യത തീർക്കുന്നതിന് അടിയന്തിരമായി പണം ആവശ്യമായിരുന്നു. രണ്ടാംപ്രതിയുടെ കൃത്യത്തിലുള്ള പങ്കാളിത്തം സംബന്ധിച്ച് അപ്പിൽവാദി നൽകിയ വെളിപ്പെടുത്തൽ മൊഴിയും 2-ാം പ്രതിയുടെ വീടിന്റെ സ്ഥാനവും അപ്പീൽവാദിയുടെ കുറ്റം തെളിയിക്കുന്നതിന് മതിയായ കാരണമല്ലെന്ന നിലപാടിൽ വിചാരണ കോടതി പ്രതിയെ വെറുതെ വിട്ടു. അപ്പീൽ വാദി - 1-ാം പ്രതി പരേതയുടെ വീട്ടിൽ സഹായിയായി നിന്നതിനാൽ സംഭവസ്ഥലത്ത് നിന്നും ശേഖരിച്ച അയാളുടെ വിരലടയാളം അപ്രസക്തമാണെന്ന് വിചാരണ കോടതി വിധിച്ചു.

(6) അപ്പീൽ വാദിയുടെ കുറ്റവിമോചനത്തിൽ സങ്കടപ്പെട്ടുകൊണ്ട്, പരേതയുടെ മൂത്തമകൻ, അപ്പീൽവാദി-1-ാം പ്രതിയുടെ കുറ്റവിമോചനത്തെ ചോദ്യം ചെയ്തുകൊണ്ട് ക്രിമിനൽ റിവിഷൻ ഫയൽ ചെയ്തു. 2-ാം പ്രതിയും അയാളുടെ കുറ്റസ്ഥാപനത്തേയും ശിക്ഷയേയും ചോദ്യം ചെയ്തുകൊണ്ട് ഒരു ക്രിമിനൽ അപ്പീൽ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു.

7. 1-ഉം 2-ഉം പ്രതികൾ കൊള്ളയും കൊലപാതകവും നടത്തുന്നതിൽ പൊതു ഉദ്ദേശം, പങ്കുവച്ചു എന്ന സംഗതിയിൽ, വിചാരണകോടതി വാദവിഷയം രൂപപ്പെടുത്തിയിരുന്നെങ്കിലും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പിൻകീഴിലെ കുറ്റം രൂപപ്പെടുത്താതിരുന്നത് വിചാരണ കോടതി വരുത്തിയ ഒരു ക്രമരാഹിത്യമാണെന്ന് ഹൈക്കോടതി വിധിച്ചു. .റിപ്പോർട്ട് (എഗ്സിബിറ്റ്-പി8) തയ്യാറാക്കിയ വിരലടയാള വിദഗ്ദ്ധനെ വിചാരണ കോടതി മുമ്പാകെ വിസ്തരിക്കേണ്ടതായിരുന്നു, എന്നാൽ, ആ സാക്ഷിയെ വിസ്തരിക്കാതിരുന്നത് മുൻവിധിയിലേക്ക് നയിച്ചുവെന്നും ഹൈക്കോടതി വിധിച്ചു. അപ്പീൽവാദിയുടെ സഹായമില്ലാതെ 2-ാം പ്രതിയ്ക്ക് ഒറ്റയ്ക്ക് കുറ്റ കൃത്യം നടത്താം എന്നതിന്റെ സാധ്യത വിലയിരുത്തുന്നതിൽ വിചാരണകോടതി പരാജയപ്പെട്ടതായും പരേതയുടെ വീട്ടിൽ കയറുകൊണ്ട് ബന്ധിച്ച നിലയിൽ അപ്പിൽവാദിയെ കണ്ടപ്പോൾ അയാൾക്ക് യാതൊരു പരിക്കുമില്ലാതിരുന്നതായും ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടു.

8. ഞങ്ങൾ, കക്ഷികളുടെ വിദ്വാനായ അഭിഭാഷകനേയും ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും, രേഖകളിൽ നിന്നുള്ള വസ്തുതയും പരിശോധിച്ചു. വിചാരണ കോടതിയുടെ വിധിന്യായം അസ്ഥിരപ്പെ

ടുത്തി വിഷയം വീണ്ടും പുനർവിചാരണയ്ക്കായി വിചാരണകോടതിയിലേക്ക് അയച്ചുകൊടുത്ത ഹൈക്കോടതിയുടെ ഉത്തരവ് ശരിയാണോ എന്നതാണ് പരിഗണനയ്ക്ക് വന്ന വിഷയം.

9. അപ്പീലുകൾ കൈകാര്യം ചെയ്യുന്ന അപ്പീൽ കോടതികളുടെ അധികാരങ്ങൾ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 386 -ാം വകുപ്പിൽ നിർവചിക്കുന്നു. അതിൽ വിവരിച്ചു പറയുന്ന അധികാരങ്ങൾ എല്ലാ കോടതികളിലും നിക്ഷിപ്തമാണ്, ഹൈക്കോടതിയായാലും സബോർഡിനേറ്റ് കോടതിയായാലും, വകുപ്പിന്റെ (എ) ഖണ്ഡം കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീൽ ഹൈക്കോടതിയിൽ മാത്രം നിലനിൽക്കുന്നതിനാൽ ഹൈക്കോടതിയുടെ ആ അധികാരങ്ങൾ ആ കോടതിയിൽ പരിമിതപ്പെടുത്തുന്നതൊഴികെ (ബി) ഖണ്ഡം അങ്ങനെ പരിമിതപ്പെടുത്തിയിട്ടില്ലാത്തതും, എല്ലാ കോടതികൾക്കും സ്വീകാര്യവുമാണ്. പ്രതിയെ പുനർവിചാരണ ചെയ്യുന്നതിന് നിർദ്ദേശിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്ക് നൽകിയിരിക്കുന്നത്, കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീൽ കൈകാര്യം ചെയ്യുമ്പോൾ മാത്രമല്ല, കുറ്റസ്ഥാപനം പ്രതിപാദിക്കുന്ന അപ്പീൽ കൈകാര്യം ചെയ്യുമ്പോൾ കൂടിയാണ്. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 386-ാം വകുപ്പ് താഴെപ്പറയും പ്രകാരം വായിക്കാവുന്നതാണ്:

386-ാം വകുപ്പ് അങ്ങനെയുള്ള രേഖകൾ വായിച്ചു നോക്കുകയും, അപ്പീൽ വാദിയോ, അയാളുടെ വക്കീലോ ഹാജരാവുകയാണെങ്കിൽ അയാൾക്കും പബ്ലിക് പ്രോസിക്യൂട്ടർ ഹാജരാവുകയാണെങ്കിൽ അയാൾക്കും 377 -ാം വകുപ്പിനോ 378-ാം വകുപ്പിനോ കീഴിലുള്ള അപ്പീലിന്റെ സംഗതിയിൽ പ്രതി ഹാജരാവുകയാണെങ്കിൽ അയാൾക്കും പറയാനുള്ളത് കേട്ടതിനു ശേഷം ഇടപെടാൻ മതിയായ കാരണമില്ലെന്ന് കരുതുന്നുവെങ്കിൽ അപ്പീൽക്കോടതിക്ക് അപ്പീൽ തളളിക്കളയാവുന്നതോ ; അല്ലെങ്കിൽ

(എ) കുറ്റവിമോചന ഉത്തരവിൽ നിന്നുളള അപ്പീലിൽ അങ്ങനെയുളള ഉത്തരവ് മറിച്ച് വിധിക്കുകയും തുടർന്നുളള അന്വേഷണ വിചാരണ നടത്തണമെന്നോ പ്രതിയെ, അതതു സംഗതിപോലെ, പുനർ വിചാരണ ചെയ്യുകയോ വിചാരണയ്ക്ക് കമ്മിറ്റ് ചെയ്യുകയോ അല്ലെങ്കിൽ അയാൾ അപരാധിയാണെന്നു കാണുകയും അയാൾക്ക് നിയമമനുസരിച്ച് ശിക്ഷ വിധിക്കുകയും ചെയ്യാവുന്നതോ;

(ബി) കുറ്റസ്ഥാപനത്തിൽ നിന്നുളള അപ്പീലിൽ:

(i) തീർപ്പും ശിക്ഷാവിധിയും മറിച്ചാവുകയും പ്രതിയെ കുറ്റവിമോചനനാക്കുകയോ ഡിസ്ചാർജ്ജ് ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുളള അപ്പീൽക്കോടതിയുടെ കീഴിലെ അധികാര പരിതിയിലെ ക്ഷമതയുള്ള ഒരു കോടതി അയാളെ വീണ്ടും വിചാരണ ചെയ്യുകയോ വിചാരണയ്ക്ക് കമ്മിറ്റ് ചെയ്യുകയോ ചെയ്യണമെന്ന ഉത്തരവിടുകയോ, അല്ലെങ്കിൽ

(ii) ശിക്ഷാവിധി നിലനിർത്തികൊണ്ട് തീർപ്പിൽ മാറ്റം വരുത്തുകയോ, അല്ലെങ്കിൽ

(iii) തീർപ്പ് ഭേദഗതി വരുത്തികൊണ്ടോ ഭേദഗതി വരുത്താതെയൊ എന്നാൽ വർദ്ധിപ്പിച്ച ശിക്ഷ വിധിക്കാതെ ശിക്ഷാവിധിയുടെ സ്വഭാവമോ വ്യാപ്തിയോ അല്ലെങ്കിൽ സ്വഭാവവും വ്യാപ്തിയും ഭേദഗതി വരുത്തുകയോ, ചെയ്യാവുന്നതോ;

10. 386 (എ) യും (ബി) (1) -ഉം വകുപ്പിൻ കീഴിൽ അപ്പീൽ കോടതികൾക്ക് പുനർവിചാരണയ്ക്കു നിർദ്ദേശിക്കാനുള്ള അധികാരം

അത് കുറ്റസ്ഥാപനത്തിൻമേലുള്ള വിധിന്യായത്തിനെതിരെയുള്ള അപ്പീലിലോ കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീലിലോ നൽകിയിരിക്കുന്നു (ഹൈക്കോടതി). (എ) യും (ബി) യും ഖണ്ഡങ്ങൾ പ്രകാരം, ഒരു അപ്പീൽ കോടതിയുടെ അധികാരങ്ങൾ തമ്മിൽ ഒരു വ്യത്യാസമുണ്ട്. (ബി) ഖണ്ഡ പ്രകാരം കണ്ടെത്തലും ശിക്ഷയും കോടതി പരിശോധിക്കേണ്ട ആവശ്യകതയുണ്ട്, എന്നാൽ (എ) ഖണ്ഡപ്രകാരം കോടതിക്ക് കുറ്റവിമോചന ഉത്തരവ് നേരെവിപരീതമാക്കികൊണ്ടും കൂടുതൽ അന്വേഷണത്തിനായി നിർദ്ദേശിക്കുകയോ പ്രതിയെ വീണ്ടും പുനർവിചാരണ നടത്തുകയോ അല്ലെങ്കിൽ കുറ്റക്കാരനെന്ന് കാണുകയോ നിയമാനുസരണമുള്ള ശിക്ഷ വിധിക്കാവുന്നതോ ആണ്.

11. സാധാരണയായി, ചില പോരായ്മകൾ വിചാരണയെ ന്യൂനതയിലേക്ക് നയിച്ചുവെന്നാൽ, പൂനർവിചാരണയ്ക്ക് ഉത്തരവിടാൻ പാടില്ല. ആദ്യ വിചാരണ തൃപ്തികരമല്ലായെന്ന ചില പ്രത്യേക കാരണങ്ങളാൽ ഒരു പുനർ വിചാരണക്ക് ഉത്തരവിടാറുണ്ട് എന്തെന്നാൽ ,മതിയായ കുറ്റം രൂപപ്പെടുത്തിയിട്ടില്ല, സ്വീകരിക്കപ്പെടാവുന്ന തെളിവ് തെറ്റായി നിരസിക്കുകയോ, നിരസിക്കപ്പെടേണ്ട തെളിവ് സ്വീകരിക്കുക മുതലായവ. വെറും ക്രമരാഹിത്യം മാത്രമുളളിടത്ത് പുനർവിചാരണയ്ക്ക് ഉത്തരവിടാൻ സാധിക്കാത്തതും എന്തെങ്കിലും മുൻവിധി ഉണ്ടാകാതെ ഇരിക്കുമ്പോൾ അപ്പീൽ കോടതിയ്ക്ക് പുനർവിചാരണ നിർദ്ദേശിക്കാവുന്നതുമല്ല. അപൂർവ്വമായ കേസുകളിൽ മാത്രമേ പൂനർവിചാരണയ്ക്കുള്ള ഉത്തരവ് നിർദ്ദേശിക്കാൻ പാടുളളു.

12. കെ. ചിന്നസ്വാമി റെഡ്ഡി്' സ്റ്റേറ്റ് ഓഫ് ആന്ധ്രാപ്രദേശും മറ്റൊരാളും മനു/എസ്.സി./0133/1962: എ.ഐ.ആർ. 1962 എസ്സ്.സി. 1788-ൽ, വിചാരണ കോടതി പ്രതിയെ ശിക്ഷിച്ചു. പ്രതിക്കെതിരെയുള്ള ഒരു പ്രധാനപ്പെട്ട ഒരു ഭാഗം തെളിവ് സ്വീകരിക്കത്തക്കതല്ല എന്നതിനാൽ സെഷൻസ് കോടതി പ്രതിയെ കുറ്റവിമോചിതനാക്കി. യഥാർത്ഥ പരാതിക്കാരൻ ഹൈക്കോടതിയിൽ സമർപ്പിച്ച റിവിഷനിൽ, സെഷൻസ് കോടതി, അംഗീകരിക്കത്തക്കതല്ലാത്ത തെളിവുകൾ അംഗീകരിക്കാവുന്നതാണെന്ന് വിധിയ്ക്കുകയും അതേ കുറ്റങ്ങൾക്ക് പ്രതിയെ വീണ്ടും വിചാരണ ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കുറ്റവിമോചനം അസ്ഥിരപ്പെടുത്തുകയും ചെയ്തു. ഹൈക്കോടതി കുറ്റവിമോചനം അസ്ഥിരപ്പെടുത്തിയതിനോട് സുപ്രീംകോടതി യോജിച്ചു. 7-ാം ഖണ്ഡികയിൽ ഈ കോടതി വ്യത്യസ്തമായ സാഹചര്യങ്ങൾ എന്തായിരിക്കും എന്ന് താഴെപ്പറയും പ്രകാരം ഉദ്ധരിക്കുന്നു:

7. സ്വകാര്യ വ്യക്തികളുടെ അപേക്ഷയിൽ പോലും, അപ്പീലിന് അനുയോജ്യമാണെന്ന് സർക്കാർ പോലും കരുതാതിരുന്നാൽ തന്നെയും, റിവിഷനിൽ ഹൈക്കോടതിക്ക് പ്രതിയെ കുറ്റവിമോചനനാക്കുന്ന ഉത്തരവ് അസ്ഥിരപ്പെടുത്താമെന്നത് സത്യമാണ്; എന്നാൽ ഞങ്ങളുടെ അഭിപ്രായത്തിൽ ഹൈക്കോടതി ഈ അധികാരം അപൂർവ്വമായ സാഹചര്യങ്ങളിൽ മാത്രമേ ഉപയോഗിക്കാവു, നടപടിയിൽ പ്രകടമായ എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിലോ നിയമപ്രശ്നത്തിൽ വ്യക്തമായ തെറ്റ് ഉണ്ടെങ്കിലും തത്ഫലമായി നീതി നിർവഹണത്തിൽ ഗൗരവമേറിയ ഭംഗം സംഭവിക്കുന്നു. 439-ാം വകുപ്പിലെ 4-ാം ഉപ-വകുപ്പ് വിമോചിപ്പിക്കുന്ന കണ്ടെത്തലിൽ പരിവർത്തനം വരുത്തി ഒരു കുറ്റസ്ഥാപനം നടത്തുന്നതിൽനിന്നും ഹൈക്കോടതിയെ വിലക്കുന്നതും, പരോക്ഷമായ മാർഗ്ഗത്തിലൂടെ പുനർവിചാരണ ഉത്തരവ് നൽകികൊണ്ട്, അത്, കുറ്റവിവേചനമെന്ന കണ്ടെത്തലിനെ പരിവർത്തനം ചെയ്ത് ഒരു കുറ്റസ്ഥാപനം നടത്തുന്നല്ലായെന്ന് കാ

ണേണ്ടത് ഹൈക്കോടതിയുടെ കടമയാകുന്നതും, അതിന്, പ്രത്യക്ഷമായി, ഒരു കുറ്റവിമോചനമെന്ന കണ്ടെത്തലിനെ പരിവർത്തനം ചെയ്ത് സ്വയം ഒരു കുറ്റസ്ഥാപനം നടത്തിയതായി കണ്ടെത്താൻ സാധിക്കുന്നതുമല്ല. ഇത് റിവിഷനിൽ കുറ്റവിമോചനമെന്ന കണ്ടെത്തൽ അസ്ഥിരപ്പെടുത്തുന്ന ഹൈക്കോടതിയുടെ അധികാരത്തിേ ൽ പരിമിതികൾ കൊണ്ടുവരുന്നതും, അപൂർവ്വമായ കേസുകളിൽ മാത്രമേ ഈ അധികാരം വിനിയോഗിക്കാൻ പാടുള്ളൂ. സംഭവ്യമായ എല്ലാം ഉൾക്കൊള്ളുന്ന അങ്ങനെയുള്ള കേസ്സുകൾ നിർണ്ണയിക്കുന്നതുനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത് അസാധ്യമാണ് എന്നിരുന്നാലും, ഞങ്ങൾ ഇത്തരത്തിലുള്ള ചില കേസുകൾ ചൂണ്ടിക്കാണിക്കാം, ആയത്, ഞങ്ങളുടെ അഭിപ്രായത്തിൽ, റിവിഷനിൽ കുറ്റവിമോചനമെന്ന കണ്ടെത്തലിൽ, ഹൈക്കോടതിയുടെ ഇടപെടലിനെ ന്യായീകരിക്കുന്നു. ഈ കേസുകൾ ആകാം: വിചാരണ കോടതിക്ക് കേസ് വിചാരണ നടത്താൻ യാതൊരു അധികാരവുമില്ലാത്തിടത്തും പ്രതിയെ കുറ്റവിമോചിതനാക്കുകയോ, അല്ലെങ്കിൽ, വിചാരണകോടതി പ്രോസിക്യൂഷൻ ഹാജരാകാൻ ഉദ്ദേശിച്ച തെളിവിനെ ക്രമവിരുദ്ധമായി സ്വീകരിക്കാതെയിരിക്കുകയോ, അല്ലെങ്കിൽ വിചാരണ കോടതി സ്വീകരിച്ച തെളിവിനെ അപ്പിൽ കോടതി അസ്വീകാര്യമെന്ന് വിധിക്കുകയോ, അല്ലെങ്കിൽ, വസ്തുതാപരമായ തെളിവിനെ വിചാരണ കോടതിയോ അപ്പീൽ കോടതിയോ അവഗണിക്കുകയോ, അല്ലെങ്കിൽ, നിയമവിരുദ്ധമായി കുറ്റം രാജിയാക്കലിനെ അടിസ്ഥാനമാക്കിയുള്ള കുറ്റവിമോചനമോ, ഇവയും സമാനസ്വഭാവമുള്ള മറ്റു കേസ്സുകളും അപൂർവ്വതരത്തിൽപ്പെടുന്നതാണെന്നും, യഥോചിതം വിധിക്കാവുന്നതും അവിടെ കുറ്റവിമോചനം ചെയ്തുകൊണ്ടുള്ള ഒരു ഉത്തരവിൽ ഹൈക്കോടതിക്ക് നീതിപൂർവ്വകമായി ഇടപെടാവുന്നതുമാണ്; കൂടാതെ ഇങ്ങനെയുള്ള കേസ്സുകളിൽ, 439 (4) വകുപ്പിലെ വ്യവസ്ഥകളുടെ വീക്ഷണത്തിൽ ഹൈക്കോടതിക്ക് പ്രത്യക്ഷമായി ചെയ്യാൻ കഴിയാത്തത് പരോക്ഷമായി വഴിയിലൂടെ ചെയ്യുകയാണെന്ന് പറയാൻ കഴിയില്ലെന്ന് സ്പഷ്ടമാണ്.....

(സ്പഷ്ടീകരണം കൂട്ടിചേർത്തത്)

ഇതേ തത്ത്വം മഹേന്ദ്ര പ്രതാപ്സിംഗ് ് െസാർജു സിംഗും മറ്റൊരാൾ,-ലും .

മനു/എസ്.സി/0398/1967:എ.ഐ.ആർ. 1968 എസ്സ്.സി 707. വീണ്ടും ആവർത്തിച്ചു.

13. മധുക്ധാരി സിംഗും മറ്റുള്ളവരും *VS* ജനാർദ്ദൻ പ്രസാദ്, മനു/എസ്.സി/0084/1965. എ.ഐ.ആർ. 1968 എസ്.സി 356 -ൽ, പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിൻ കീഴിലെ 420,466,406,465/471 എന്നീ വകുപ്പുകൾ പ്രകാരം വിചാരണ നടത്തി കുറ്റവിമോചിതനാക്കി. ആയതിനെപ്പറ്റി പ്രത്യക്ഷമായ വസ്തുതകൾ ലഭ്യമായിരുന്നിട്ടും വിചാരണ കോടതി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 467-ാം വകപ്പുപ്രകാരം കുറ്റം ചുമത്താത്തതും, ആ കുറ്റകൃത്യം സെഷൻസ് കോടതിയാൽ മാത്രം വിചാരണ ചെയ്യാവുന്നതുമായിരുന്നു. അപ്പീലിൽ, ഹൈക്കോടതി കുറ്റവിമോചനം അസ്ഥിരപ്പെടുത്തുകയും പുനർവിചാരണയ്ക്ക് ഉത്തരവിടുകയും ചെയ്തു. സുപ്രീംകോടതി അതിന് മുമ്പാകെ സമർപ്പിച്ച അപ്പീൽ തള്ളി. കോടതി, അബിനാഷ് ചന്ദ്ര ബോസ് ് െബിമൽ കൃഷ്ണസെന്നും മറ്റൊരാളും, മനു/എസ്.സി/0135/1962 : എ.ഐ.ആർ. 1963 എസ്സ്.സി 316- ലും രാജേശ്വർ പ്രസാദ് മിശ്ര *vs* സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാളും മറ്റൊരാളും, മനു/എസ്.സി/0080/1965; എ.ഐ.ആർ. 1965 എസ്സ്.സി 1887-ലേയും നേരത്തെയുള്ള വിധി പരാമർശിക്കുകയും ആ കേസുകളിലെ

വസ്തുതകൾ സംബന്ധിച്ചും പുനർവിചാരണയ്ക്ക് ഉത്തരവിടാൻ അപ്പീൽ കോടതികൾക്ക് വിശാലമായ വിവേചനാധികാരം ഉണ്ടെന്നു ഊന്നിപ്പറഞ്ഞു.

14. കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീലിൽ, അപൂർവ്വമായ സാഹചര്യങ്ങളിൽ, സംസ്ഥാനം ഇത് അപ്പീലിനു അനുയോജ്യമല്ലെന്നു ചിന്തിച്ചാൽപോലും സ്വകാര്യ വ്യക്തികളുടെ അപേക്ഷയിൽ ഹൈക്കോടതിയ്ക്ക് കുറ്റവിമോചന ഉത്തരവ് അസ്ഥിരപ്പെടുത്താവുന്നതാണ്. എന്നാൽ വിചാരണ നടത്തിയതിൽ സ്പഷ്ടമായ ന്യൂനതയുള്ളതും, ആയത് വിചാരണയെ സാരമായി ബാധിക്കുകയും മുൻവിധിയ്ക്ക് ഇടയാകുകയും ചെയ്യുന്ന അപൂർവ്വമായ സാഹചര്യങ്ങളിൽ മാത്രം വിനിയോഗിക്കേണ്ട അധികാരിത ഇവിടെ ഊന്നൽ നൽകുന്നു. നിലവിലെ കേസിൽ, ഒന്നും രണ്ടും പ്രതികൾ കുറ്റം നടത്തുന്നതിൽ ഒരു പൊതു ഉദ്ദേശം പങ്കുവച്ചെന്ന ഒരു പ്രശ്നം കീഴ്ക്കോടതി ചിന്തിച്ചു എങ്കിലും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പിൻ കീഴിൽ ചാർജ് രൂപപ്പെടുത്തുന്നതിൽ വരുത്തിയ വീഴ്ച വിചാരണയെ സാരമായി ബാധിച്ചതായി ഹൈക്കോടതി കണ്ടെത്തി. എഗ്സിബിറ്റ് പി 8 തയ്യാറാക്കിയ വിരലടയാള വിദഗ്ധനെ വിസ്തരിക്കേണ്ടതായിരുന്നെന്നും തെളിവിൽ ഉരുത്തിരിഞ്ഞിട്ടുള്ള മറ്റു സാഹചര്യങ്ങൾ കൂടി വിചാരണ കോടതി പരിശോധിക്കേണ്ടതായിരുന്നെന്നും ഹൈക്കോടതി കൂടുതലായി നിരീക്ഷിച്ചു. പൊതു ഉദ്ദേശത്തിട ലുള്ള തർക്കം രൂപപ്പെടുത്തിയിട്ടും, ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പിൻ കീഴിൽ ചാർജ്ജ് രൂപപ്പെടുത്തുന്നതിൽ വരുത്തിയ വീഴ്ച, കാരണം, വിചാരണകോടതി ശരിയായ കാഴ്ചപ്പാടിൽ തെളിവ് പരിശോധിക്കാത്തതും ആയത്, ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, വിചാരണയെ സാരമായി ബാധിക്കുകയും അത്, പുനർവിചാരണ ആവശ്യപ്പെടുത്തുകയും ചെയ്തതായി ഹൈക്കോടതി വീണ്ടും നിരീക്ഷിച്ചു. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 386 (എ) വകുപ്പ് പ്രകാരം ചില നിർദ്ദേശങ്ങൾക്ക് വിധേയമായി പുനർവിചാരണയ്ക്ക് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി വിനിയോഗിച്ച വിവേചനാധികാരം ഇടപെടൽ നിർബന്ധമാക്കുന്ന തെറ്റായതാണെന്ന് പറയാൻ സാധിക്കില്ല.

15. ഫലത്തിൽ, അപ്പീൽ തള്ളി. വിചാരണ കോടതി ഹൈക്കോടതി നിർദ്ദേശങ്ങൾ പ്രകാരം വിഷയവുമായി മുന്നോട്ട് പോകേണ്ടതും, ആ വിഷയം കഴിയുന്നതും ത്വരിതഗതിയിൽ തീർപ്പാക്കേണ്ടതുമാണ്. ചെലവില്ല.

*————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എൻ.വി രമണ**

**ബഹു. ജസ്റ്റിസ് എസ്സ്.അബ്ദുൾ നസീർ**

**ക്രിമിനൽ അപ്പീൽ നം. 720/2016**

**ദേവ് കന്യാ തിവാരി**

*Vs*

**സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്**

**2018 മാർച്ച് 12-ന് വിധി കൽപിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**നിയമ പരിപാലനത്തിന്റെ പരാജയം തടയുന്നത് ഉറപ്പാക്കുക എന്നതാണ് കോടതി പ്രധാനമായും പരിഗണിക്കേണ്ടത്. കേസിൽ ഹാജരാക്കിയ തെളിവിനെ അടിസ്ഥാന മാക്കി രണ്ടു കാഴ്ചപ്പാടുകൾ സാദ്ധ്യമാണെങ്കിൽ, ഒന്ന് പ്രതിയുടെ കുറ്റത്തിലേക്ക് സൂചിപ്പിക്കുകയും, വേറൊന്ന് പ്രതിയുടെ നിരപരാധിത്വ ത്തിലേക്ക് സൂചിപ്പിക്കുന്നിടത്തും, സാധാരണയായി പ്രതിക്ക് അനു കൂലമായ കാഴ്ചപ്പാടാണ് സ്വീകരി ക്കേണ്ടത് എന്നതാണ് ക്രിമിനൽ നീതി നിർവ്വഹണത്തിൽ സ്വീകരിക്കേണ്ട ധാരണ.**

### വിധിന്യായം

*ജസ്റ്റിസ് എൻ.വി. രമണ*

ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302/34 വകുപ്പുകളിൻ കീഴിലുളള കുറ്റകൃത്യ ങ്ങൾക്ക് വിചാരണകോടതി 105/1997-ാം നമ്പർ സെഷൻസ് ട്രയലിൽ 22.7.2014-ൽ വിധിച്ച കുറ്റസ്ഥാപനത്തിനും ശിക്ഷയ്ക്കും എതിരെ പ്രതി - അപ്പീൽവാദി ഫയൽ ചെയ്ത ക്രിമിനൽ നം. 2894/2014-ൽ അലഹബാദ് ഹൈക്കോടതി 14/3/2016-ൽ തള്ളിയ വിധിന്യായത്തിൽ നിന്നുമാണ് ഈ പ്രത്യേക അനുമതി അപ്പീൽ ഉത്ഭവി ച്ചിട്ടുളളത്.

2. പ്രോസിക്യൂഷൻ കേസിൽ നിന്നും വേർതിരിച്ചെടുത്ത പ്രകാരം കേസിലെ വസ്തുതകൾ, പരാതിക്കാരൻ, ശശി ഭൂഷൺ തിവാരി (പി.ഡബ്ല്യു 5), അയാളുടെ സഹോദരൻ ബ്രിജ് ഭൂഷൺ തിവാരി (പരേതൻ) 28-9-1995-ൽ അയാളുടെ ഭാര്യയുടെ കുടുംബവീട്ടിൽ അയാളുടെ കുട്ടികളുടെ ക്ഷേമം അന്വേഷിച്ചു പോകുകയും, അയാളുടെ സഹോദരനെ ഭാര്യയും ബന്ധുക്കളും കൂടി കൊല പ്പെടുത്തി എന്ന് അയാൾ വിശ്വസിക്കുന്ന തായി പ്രസ്താവിച്ചുകൊണ്ട് അലഹബാദ് ജില്ലയിലെ കർച്ചാന പോലീസ് സ്റ്റേഷനിൽ

30-9-1995-ൽ ഒരു പരാതി (അനുബന്ധം - പി2) സമർപ്പിക്കുകയും ചെയ്തു എന്നതാണ്. ആയത് 1995-ലെ ക്രൈം കേസ് നം.177 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. പരേതന്റെ ഭാര്യയും പോലീസിൽ ഒരു പരാതി നൽകിയിട്ടുണ്ട്. സ്റ്റേഷൻ ആഫീസർ - രാം നിവാസ് പാണ്ടേ (പി.ഡബ്ല്യയു.7) മൃതശരീരത്തിന്റെ ഇൻക്വസ്റ്റ് നടത്തുകയും, പഞ്ചായത്ത്നാമ (എഗ്സിബിറ്റ് പി2) തയ്യാറാക്കുകയും ശരീരം പോസ്റ്റ് മോർട്ടത്തിന് അയയ്ക്കുകയും ചെയ്തു. ഡോക്ടർ അശോക് കുമാർ ഗുപ്ത (പി.ഡബ്ല്യു. 6) 1995 ഒക്ടോബർ 1-ന് പോസ്റ്റ്മോർട്ടം നടത്തുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ട് എഗ്സിബിറ്റ് പി1 ആയി രേഖപ്പെടുത്തുകയും ചെയ്തു. കണ്ഠനാളത്തിൽ ശ്വാസം മുട്ടിച്ചുകൊണ്ടുണ്ടായ അസ്ഫിക്സിയായാണ് മരണകാരണമെന്ന് ഡോകട്ർ അഭിപ്രായപ്പെട്ടു.

3. അന്വേഷണ ഉദ്യോഗസ്ഥൻ (പി.ഡബ്ല്യു 8)- വീർ ബഹദൂർ സിംഗ്, ജനറൽ ഡയറിയിൽ ആവശ്യമായ കുറിപ്പുകൾ രേഖപ്പെടുത്തിയ ശേഷം സംഭവസ്ഥലം സന്ദർശിക്കുകയും സൈറ്റ് പ്ലാൻ (എഗ്സിബിറ്റ് പി5) തയ്യാറാക്കുകയും സാക്ഷികളുടെ മൊഴികൾ രേഖപ്പെടുത്തുകയും പ്രതിയ്ക്കെതിരെ കുറ്റപത്രം (എഗ്സിബിറ്റ് പി 6) സമർപ്പിക്കുകയും ചെയ്തു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ഫസ്റ്റ് ക്ലാസ്, അലഹബാദ്, കുറ്റകൃത്യം നടപടിക്കെടുക്കുകയും കേസ് വിചാരണയ്ക്കായി സെഷൻസ് കോടതിയിലേക്ക് അയയ്ക്കുകയും ചെയ്തു. വിദ്വാനായ അഡീഷണൽ സെഷൻസ് ജഡ്ജി, പ്രതി സന്തോഷ് ദേവി (പരേതന്റെ ഭാര്യ)യ്ക്കും ദേവ് കന്യാ തിവാരിക്കും (പ്രതിയുടെ ഭാര്യാമാതാവും ഇവിടത്തെ അപ്പീൽ വാദിയും) എതിരെ ഇന്ത്യൻ ശിക്ഷാനിയമം 302/34 വകുപ്പിൻ കീഴിൽ കുറ്റപത്രം ചമച്ചു. കുറ്റം ചെയ്തിട്ടുള്ളതായി അവർ നിഷേധിക്കുകയും വിചാരണയ്ക്കു വേണ്ടി അപേക്ഷിക്കുകയും ചെയ്തു. പരേതൻ വിഷകരമായ ഗുളികകൾ കഴിച്ച് ആത്മഹത്യ ചെയ്തതാണെന്നും മുഴുവൻ വസ്തു വകകളും പിടിച്ചെടുക്കുന്നതിനായി പരാതിക്കാരൻ അവരെ തെറ്റായി കേസിൽ ഉൾപ്പെടുത്തിയതാണെന്നുമുള്ള എതിർവാദം അവർ ഉന്നയിച്ചു. എന്നിരുന്നാലും, വിചാരണ തീർപ്പാകാതെ ഇരുന്നവേളയിൽ, പ്രതി സന്തോഷ്ദേവി - പരേതന്റെ ഭാര്യ മരണപ്പെട്ടു.

4. വിചാരണവേളയിൽ, പ്രോസിക്യൂഷൻ അതിന്റെ കേസിന് അനുകൂലമായി ഏകദേശം എട്ടോളം സാക്ഷികളെ വിസ്തരിച്ചു. പരേതന്റെ മരണത്തിന് പ്രതി നൽകിയ വിശദീകരണം തെറ്റാണെന്ന നിഗമനത്തിൽ വിചാരണകോടതി എത്തിച്ചേർന്നു. പ്രോസിക്യൂഷന് പ്രതിയുടെ കുറ്റം സംശയാതീതമായി തെളിയിക്കാൻ സാധിച്ചു എന്നത് ബോദ്ധ്യപ്പെട്ടുകൊണ്ട് പ്രതി അപ്പീൽവാദിയെ, വിചാരണകോടതി, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302/34 വകുപ്പുകൾ പ്രകാരം ജീവപര്യന്തം തടവിനും പതിനായിരം രൂപ പിഴയ്ക്കും ആയതിൽ പരാജയപ്പെട്ടാൽ ആറുമാസം കൂടുതൽ കഠിനതടവ് അനുഭവിക്കാനും ശിക്ഷിച്ചു.

5. വിചാരണകോടതി പുറപ്പെടുവിച്ച കുറ്റസ്ഥാപന ഉത്തരവിലും ശിക്ഷയിലും തൃപ്തികരമല്ലാതെ, പ്രതി - അപ്പീൽവാദി ഹൈക്കോടതി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ഇവിടെ ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിനാൽ ഹൈക്കോടതി വിചാരണകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ദൃഢപ്പെടുത്തുകയും പ്രതി -

അപ്പീൽവാദിയുടെ അപ്പീൽ തള്ളുകയും ചെയ്തു. കീഴ്കോടതികളുടെ തീരുമാനത്തിൽ സങ്കടപ്പെട്ടുകൊണ്ട് അപ്പീൽ വാദി ഞങ്ങൾ മുമ്പാകെ ഈ അപ്പീൽ ബോധിപ്പിച്ചു.

6. അപ്പീൽവാദിയ്ക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനേയും സംസ്ഥാനത്തിനുവേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകനേയും ഞങ്ങൾ കേട്ടു.

7. കീഴ്ക്കോടതികൾ പുറപ്പെടുവിച്ച കുറ്റസ്ഥാപന ഉത്തരവിലും ശിക്ഷയിലും ഗുരുതരമായ ദൗർബ്ബല്യങ്ങൾ അടങ്ങുന്നു എന്നതാണ് അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകന്റെ നിർദ്ദിഷ്ടമായ തർക്കം. പരേതൻ ശ്വാസം മുട്ടിമരിച്ചതാണെന്നും ഒരു ലിഗേച്ചർ അടയാളം ശരീരത്തിലുണ്ടെന്നും സൂചിപ്പിക്കുന്ന പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന് അമിതപ്രാധാന്യം നൽകിയിരിക്കുന്നു. പരേതന്റെ അവയവങ്ങളിൽ രക്തം കെട്ടിനിന്നിട്ടുള്ളതും ശരീരം മുഴുവൻ പൊള്ളലേറ്റതായി കാണുകയും നഖങ്ങൾക്ക് നീലനിറമായിട്ടുള്ളതും ആയതിനാൽ ഇതിനെ ഒരു വിഷം കലരലിന്റെ കേസായി ചിത്രീകരിക്കാവുന്നതും വസ്തുതാപരമായ കാര്യങ്ങളാൽ പരേതൻ വിഷം കഴിച്ച് ആത്മഹത്യ ചെയ്തിട്ടുള്ളതുമാണ്. അപ്പീൽവാദിയെ തെറ്റായി ഉൾപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ, പരേതൻ വിഷം കഴിച്ച് ആത്മഹത്യ ചെയ്തു എന്ന പ്രവൃത്തി മുന്തിനിൽക്കുന്നതും അതുകൊണ്ട് ആന്തരാവയവങ്ങൾ ഡോക്ടർമാർ സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. പ്രോസിക്യൂഷൻ കേസിനെ അനുകൂലിക്കുന്നതിന് യാതൊരു സ്വതന്ത്ര സാക്ഷിയും ഇല്ലായിരുന്നു.

8. പി.ഡബ്ല്യു 5-ന്റെ സാന്നിദ്ധ്യത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് പഞ്ചനാമ റിപ്പോർട്ടെന്നും, ആ പഞ്ചനാമയിൽ, ഏതെങ്കിലും ലിഗേച്ചർ അടയാളമോ ശരീരത്തിലെ മുറിവുകളെപ്പറ്റിയോ യാതൊരു പരാമർശവും ഇല്ലായിരുന്നു എന്നും വിദ്വാനായ അഭിഭാഷകൻ കൂടുതലായി ബോധിപ്പിച്ചു. പഞ്ചനാമ തയ്യാറാക്കുന്ന വേളയിൽ പി.ഡബ്ല്യു 5-ന് യാതൊരു എതിർപ്പും ഇല്ലായിരുന്നു. കേസിലെ നിർണ്ണായകമായ വസ്തുതകൾ അവഗണിച്ചു കൊണ്ട്, കീഴ്ക്കോടതികൾ പ്രതി - അപ്പീൽവാദിയെ ശിക്ഷിക്കാൻ തുനിയുകയും, ആയത്, നിയമത്തിലെ ഗൗരവതരമായ ഒരു പിഴവും, അതിൽ ഭരണഘടനയുടെ 136-ാം അനു:ച്ഛേദത്തിൻ കീഴിലുള്ള അധികാരം വിനിയോഗിച്ചു കൊണ്ട് ഈ കോടതി ഇടപെടേണ്ടതുമാണ്.

9. നേരെമറിച്ച്, സംസ്ഥാനത്തിനുവേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ അപ്പീൽവാദിയ്ക്കുവേണ്ടി ഉയർത്തിയിട്ടുള്ള വാദങ്ങൾ ശക്തിയായി എതിർക്കുകയും പ്രതിയെ ശിക്ഷിക്കുവാൻ മതിയായ തെളിവ് രേഖയിലുണ്ടെന്നും മെഡിക്കൽ തെളിവ് പരിശോധിക്കുന്നതിൽ കീഴ്കോടതികൾ യാതൊരു തെറ്റും വരുത്തിയിട്ടില്ലെന്നും വാദിച്ചു. പരേതനെ അവസാനമായി പ്രതിയോടൊപ്പം കണ്ടതും പ്രതിയുടെ വീട്ടിൽവച്ച് മരണപ്പെട്ടതും സംഭവ പരമ്പര പൂർണ്ണമായി തെളിയിക്കപ്പെട്ടിട്ടുള്ളതും, അപ്രകാരം അപ്പീൽ തള്ളുന്നതിന് ആവശ്യപ്പെടുകയും ചെയ്തു.

10. ഇരുഭാഗത്തുമുള്ള വിദ്വാ ാരായ അഭിഭാഷകരെ കേൾക്കുകയും രേഖയിലുള്ള വസ്തുതയിലൂടെ ഞങ്ങൾ ശ്രദ്ധാപൂർവ്വം പോകുകയും ചെയ്തു. പ്രത്യക്ഷത്തിൽ, സംഭവത്തിന് യാതൊരു ദൃക്സാക്ഷികൾ ഇല്ലാത്തതും, കേസ് സാഹചര്യത്തെളിവിനെ

മാത്രം അടിസ്ഥാനമാക്കിയുളളതുമാണ്. അങ്ങനെയുളള ഒരു കേസിൽ, തെളിവ് വിശകലനം ചെയ്യുമ്പോഴും പ്രതിയെ ശിക്ഷിക്കുമ്പോഴും കോടതി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. മറ്റൊരു തരത്തിൽ, എല്ലാ സാദ്ധ്യതകളിലും പ്രതി കുറ്റകൃത്യത്തിൽ പങ്കെടുത്തതായും കുറ്റം നടത്തിയതായുമുളള പ്രതിരോധിക്കാനാവാത്ത നിഗമനത്തിലേക്ക് സാഹചര്യത്തിന്റെ ശൃംഖല നയിക്കുന്നു. ഈ കോടതി, വളരെമുമ്പ്, സാഹചര്യ തെളിവ് വിലയിരുത്തുന്ന രീതി ഹനുമന്ത് ഗോവിന്ദ് നർഗുണ്ടകർ ഢെ സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ്, 1953 ക്രി.ലോ.ജേർണൽ 129-ൽ താഴെ പ്പറയുന്ന വാക്കുകളിൽ ദൃഢമാക്കിയിട്ടുളളതാണ്.

"തെളിവ്, ഒരു സാഹചര്യസ്വഭാവമുളള കേസുകളിൽ, കുറ്റം നടന്നതിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ, ആദ്യം പൂർണ്ണമായും സ്ഥാപിക്കേണ്ടതും അങ്ങനെ സ്ഥാപിച്ചിട്ടുള എല്ലാ വസ്തുതകളും പ്രതി കുറ്റക്കാരനാണെന്ന ഊഹവുമായി പൊരുത്തപ്പെടുന്നതായിരിക്കണം എന്ന് ഓർമ്മിക്കേണ്ടതാണ്. വീണ്ടും, സാഹചര്യങ്ങൾ നിർണ്ണായകമായ സ്വഭാവത്തോടും പ്രവണതയോടും അവ, അത്തരം എല്ലാ ഊഹങ്ങളേയും ഒഴിവാക്കുന്നതും എന്നാൽ തെളിയിക്കാൻ ഉദ്ദേശിക്കുന്ന ഒന്നാകേണ്ടതുമാണ്. **മറ്റൊരു രീതിയിൽ പറഞ്ഞാൽ, പ്രതിയുടെ നിരപരാധിത്വവുമായി പൊരുത്തപ്പെടുന്ന തിന് ന്യായമായ ഏതെങ്കിലും ഒരു കാരണം അവശേഷിപ്പിക്കാതെ പൂർണ്ണമായ അത്രത്തോടളം, തെളിവിന്റെ ഒരു ശൃംഖല ഉണ്ടായിരിക്കേണ്ടതും ആയത് മാനുഷികമായ എല്ലാ സാദ്ധ്യതകൾക്കുളളിലും പ്രതിയാണ് കുറ്റം ചെയ്തത് എന്നു കാണിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.**"

11. നിലവിലെ കേസിൽ പി.ഡബ്ല്യു 5 പരാതി സമർപ്പിക്കുന്നതിനുമുമ്പ്, മറ്റൊരു പ്രതിയായ സന്തോഷ് ദേവി (വിചാരണ വേളയിൽ മരണപ്പെട്ടു)- പരേതനായ ബ്രിജു ഭൂഷൺ തിവാരിയുടെ ഭാര്യ, 30.9.1995-ൽ ഒരു പരാതി (അനുബന്ധം പി-1) ഇതിനകം സമർപ്പിച്ചിട്ടുളളതാണ്. ആ പരാതി പ്രകാരം, കഴിഞ്ഞ ദിവസം പരേതൻ അത്താഴത്തിനു ശേഷം സ്വൈരവിഹാരം നടത്തുന്നതിന് പുറത്തുപോകുകയും വൈകിട്ട് ഏകദേശം 6 മണിയോടെ ഉറയ്ക്കാത്ത നടത്തത്തോടെയും, പതർച്ചയോടും തളർച്ചയോടും തിരികെ വന്നിട്ടുളളതുമാണ്. അയാളെ, ഡോക്ടർ ഹിരാലാലിന്റെ (വിസ്തരിച്ചിട്ടില്ല) അടുത്തേക്ക് കൊണ്ടുപോയപ്പോൾ, പരേതൻ അയാൾക്ക് ഇനിയും ജീവിക്കാൻ ആഗ്രഹമില്ലാത്തതിനാൽ സൾഫാസ് ഗുളികകൾ കഴിച്ചിട്ടുളളതായും അയാളുടെ ജീവൻ രക്ഷിക്കാൻ യാതൊരു ശ്രമവും നടത്തരുതെന്നും ഡോക്ടറോട് അപേക്ഷിച്ചു. അവർ അയാളെ അലഹബാദ് ഹോസ്പിറ്റലിലേക്ക് മാറ്റുന്നതിനിടയിൽ അയാൾ യാത്രാമദ്ധ്യ മരണപ്പെട്ടു. പി.ഡബ്ല്യു1-ഉം (സന്തോഷ്കുമാർ), പി.ഡബ്ല്യു 2-ഉം (ലല്ലൻ) പി.ഡബ്ല്യു3-ഉം (ശിവ് ലാൽ) അവരുടെ ഈ മൊഴികളിൽ വസ്തുതകൾ ഉറപ്പിച്ചു പറഞ്ഞിട്ടുളളതാണ്. പി.ഡബ്ല്യു 8 അന്വേഷണ ഉദ്യോഗസ്ഥൻ വീർ ബഹാദൂർ സിംഗും അയാളുടെ എതിർ വിസ്താരത്തിൽ പരേതൻ അയാളുടെ ജിവിതം മടുത്തുവെന്നും അതുകൊണ്ട് അയാൾ സൾഫാസ് ഗുളികകൾ കഴിച്ചിട്ടുണ്ടെന്ന് പറഞ്ഞതായും ഡോ. ഹിരാലാൽ അയാളുടെ മൊഴിയിൽ വെളിപ്പെടുത്തിയിട്ടുളളതായി സമ്മതിച്ചിട്ടുണ്ട്. അയാൾ പി.ഡബ്ല്യു 8 പഞ്ചനാമയുടെ സമയത്ത്, മൃതശരീരത്തിൽ പ്രത്യക്ഷമായ മുറിവില്ലായിരുന്നുവെന്ന് സ്പഷ്ടമായി വെളിപ്പെടുത്തി. ഭാര്യയുടെ പരാതി ഇവിടെ ഉദ്ധരിക്കുന്നത്

പ്രസക്തമാകും, ആയത് താഴെ പറയും പ്രകാരം വായിക്കുന്നു:

പരാതിക്കാരി സന്തോഷ്ദേവി, ബ്രിജ് ഭൂഷൺ തിവാരിയുടെ ഭാര്യ ഹിന്ദുപ്പൂർ പോലീസ് സ്റ്റേഷൻ, കർച്ചാനയിലെ താമസക്കാരിയാണെന്ന് ബോധിപ്പിക്കുന്നു. എന്റെ ഭർത്താവ് എന്റെ പിതാവിന്റെ ഭവനത്തിലേക്ക് ഏകദേശം 3/4 ദിവസം മുമ്പ് വന്നിട്ടുള്ളതും ഇവിടെ സുഖമായി താമസിച്ചിട്ടുള്ളതുമാണ്. ഇന്നലെ, രാവിലെ ഏകദേശം 10 മണിയോടെ അയാൾ ഭക്ഷണം കഴിച്ചതിനുശേഷം പുറത്ത് സ്വൈരവിഹാരം നടത്തുന്നതിന് പോയി. അയാൾ ഏകദേശം 6 മണി യോടെ ഉറയ്ക്കാത്ത നടത്തത്തോടും പതർച്ചയോടും തളർച്ചയോടും എന്റെ അച്ഛന്റെ ഭവനത്തിൽ തിരികെ വന്നിട്ടുള്ള താണ്. അങ്ങനെ ഈ സാഹചര്യങ്ങളിൽ, പരാതിക്കാരിയും അവളുടെ അമ്മയും ഗ്രാമത്തിലെ മറ്റു താമസക്കാരും എങ്ങനെ യെങ്കിലും അയാളെ ഹിരലാലിന്റെ ക്ലിനിക്കിൽ കൊണ്ടുവന്നു. അവിടെ ശ്രീ. ബ്രിജ് ഭൂഷൺ തിവാരി, താൻ ധാരാളം സൾഫാസ് ഗുളികകൾ കഴിച്ചെന്നും എനിക്ക് ഇനിയും ജീവിക്കാൻ ആഗ്രഹമില്ലായെന്നും എന്റെ ജീവൻ രക്ഷിക്കാൻ യാതൊരു ശ്രമവും നടത്തേണ്ടതില്ലെന്നും ഡോക്ടറോടു പറഞ്ഞു. അതിനുശേഷം, ഞങ്ങൾ അലഹബാദ് ഹോസ്പിറ്റലിലേക്കു അയാളെ കൊണ്ടുപോകുമ്പോൾ വഴിമദ്ധ്യേ അയാൾ മരണപ്പെട്ടു.

ആയതിനാൽ, പരാതിക്കാരി ഉചിതമായ നടപടി എടുക്കുന്നതിന് നിങ്ങളെ അറിയിക്കുന്നു.

12. അതേ ദിവസം, അതായത് 30.9.1995, പി.ഡബ്ല്യു 5 പരേതന്റെ സഹോദരനും കർച്ചാന പോലീസ് സ്റ്റേഷൻ, സ്റ്റേഷൻ ആഫീസർ മുമ്പാകെ ഒരു പരാതി താഴെ പറയും പ്രകാരം ബോധിപ്പിച്ചു:

"അപേക്ഷകൻ, അലഹബാദ് ജില്ലയിലെ സൊരോവ് പോലീസ് സ്റ്റേഷൻ പരിധിയിലെ നരീ ഗ്രാമത്തിലെ താമസക്കാരനാണെന്ന് താഴ്മയോടെ ബോധിപ്പിക്കുന്നു. അപേക്ഷകന്റെ സഹോദരനായ പരേതനായ ശ്രീ, ബ്രിജ് ഭൂഷൺ തിവാരിയുടെ ഭാര്യയുടെ കുടുംബ വീടാണ് കർച്ചാന പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ബെലാ ചൗരഹയിലുള്ള രാം സൂറത് തിവാരിയുടെ വീട്. അപേക്ഷകന്റെ സഹോദരൻ അയാളുടെ കുട്ടികളുടെ ക്ഷേമം അന്വേഷി ക്കുന്നതിനും അവരെ കാണുന്നതിനും 28-09-1995-ൽ അയാളുടെ ഭാര്യയുടെ കുടുംബവീട്ടിൽ പോയിട്ടുള്ളതാണ്. ഇന്നലെ, 29-9-1995, രാത്രി ഏകദേശം 3 മണിയോടെ ബേലാ ചൗരാഹയിലെ ചില അജ്ഞാതരായ ആൾക്കാർ അപേക്ഷക ന്റെ സഹോദരൻ പരേതനായ ശ്രീ. ബ്രിജ് ഭൂഷൺ തിവാരിയെ കൊന്നതായി അപേക്ഷകന് വിവരം ലഭിച്ചു."

വിവരം ലഭിച്ചപ്പോൾ, പ്രഥമവിവര റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഞാൻ നേരിട്ടു പോലീസ് സ്റ്റേഷനിൽ വന്നു. അപേക്ഷകന്റെ സഹോദരനെ അയാളുടെ ഭാര്യയുടെ ബന്ധുക്കൾ കൊന്നതാണെന്ന് അപേക്ഷകൻ വിശ്വസിക്കുന്നു. റിപ്പോർട്ട് ഇതിനാൽ സമർപ്പിക്കുന്നു. ഉചിതമായ നടപടി എടുക്കാവുന്നതാണ്.

13. മുകളിൽ പ്രതിപാദിച്ച രണ്ടു പരാതികളുടേയും അടിസ്ഥാനത്തിൽ, ഇത് ക്രിമിനൽ നിയമത്തിന്റെ പരിധിയിൽ വരുന്നു. വിചാരണകോടതിയും അതേ പോലെ ഹൈക്കോടതിയും, പരേതന്റെ

സഹോദരന്റെ (പി.ഡബ്ല്യു 5) തെളിവിനേയും പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ (പി.ഡബ്ല്യു 6) അശോക് കുമാർ ഗുപ്ത)യുടെയും അഭിപ്രായത്തേയുമാണ് മുഖ്യമായും അവലംബിച്ചത്. പി.ഡബ്ല്യു 5 പറയുന്ന പ്രകാരം, അയാളുടെ അഭിപ്രായ ത്തിൽ, രാവിലെ 10 മണിയോടെ പ്രതിയുടെ വീട്ടിലെത്തിയപ്പോൾ, അവർ കരയാൻ തുടങ്ങുകയും അയാളുടെ ഭാര്യയെ തിരികെ കൊണ്ടു പോകാൻ തയ്യാറാകാത്തതിനാൽ അയാളുടെ സഹോദരനെ അവൻ ശ്വാസം മുട്ടിച്ചു എന്ന തെറ്റ് ചെയ്തിട്ടുള്ളതായും അവർ കുറ്റസമ്മതം നടത്തി. പോലീസിൽ പരാതി നൽകരുതെന്ന് പ്രതി അയാളോടു അപേക്ഷിച്ചതായും പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷവും അയാളോടു പിൻവലിക്കാൻ ആവശ്യപ്പെട്ടതായും അയാൾ കൂടുതലായി ബോധിപ്പിച്ചു. ഈ സാഹചര്യത്തെക്കുറിച്ച് പ്രഥമ വിവര റിപ്പോർട്ടിൽ ഒരു സൂചനയും ഇല്ലാതിരുന്ന തിനാൽ, പ്രതിയുടെ എക്സ്ട്രാ-ജുഡീഷ്യൽ കുറ്റസമ്മതത്തെക്കുറിച്ച് പി.ഡബ്ല്യു 5-ന്റെ വിവരണം വിചാരണക്കോടതി അവിശ്വസി ച്ചതും, എന്നാൽ പരേതന്റെ ഏതെങ്കിലും കുടുംബാംഗം സംഭവസ്ഥലത്ത് ഒരു സന്ദർശനം നടത്തുന്നതിന് മുമ്പ് പഞ്ചനാമ തയ്യാറാക്കിയിട്ടുള്ളതാണെന്നും പഞ്ചനാമ യുടെ സമയത്ത് അയാളുടെ കുടുംബാംഗ ങ്ങൾ ആരും തന്നെ ഇല്ലായിരുന്നെന്നും നിരീക്ഷിച്ചിട്ടുള്ളതാണ്. പഞ്ചനാമ തയ്യാറാക്കുന്ന സമയത്തും ശരീരം പോസ്റ്റുമോർട്ടത്തിനയയ്ക്കുമ്പോഴും അയാൾ ഹാജരുണ്ടായിരുന്നു എന്ന് അയാളുടെ എതിർ വിസ്താരത്തിൽ പി.ഡബ്ല്യു 5 സമ്മതിച്ചിട്ടുള്ളത് പ്രാധാന്യ ത്തോടെ ശ്രദ്ധിക്കേണ്ടതാണ്. സംഭവത്തെ സംബന്ധിച്ച്, അയാൾക്ക് വ്യക്തിപരമായ അറിവില്ലെന്നും, എന്നാൽ കേട്ടറിവിന്റെ അടിസ്ഥാനത്തിൽ മാത്രം സംഭവത്തെപ്പറ്റി അയാൾ അറിയാൻ ഇടയായതാണെന്നും അയാൾ പ്രസ്താവിച്ചു.

14. പരേതന്റെ വായിൽ നിന്നും മൂക്കിൽ നിന്നും രക്തമയം കലർന്ന ദ്രാവകം പുറത്തുവന്നതായും അയാളുടെ നഖങ്ങൾ നീല നിറമായി മാറിയതായും നാക്ക് വായിൽ നിന്നും തള്ളി പല്ലിനിടയിൽ ആയിരുന്ന തായും പരേതന്റെ ശരീരം പോസ്റ്റുമോർട്ടം ചെയ്ത ഡോ. അശോക് കുമാർ ഗുപ്ത (പി.ഡബ്ല്യു 6) മൊഴി നൽകി. സമാന്തര മായി സ്ഥിതിചെയ്യുന്ന കഴുത്തിൽ മുഴുവനും ചതവിന്റെ സാന്നിദ്ധ്യമുണ്ടായി രുന്നെങ്കിലും കഴുത്തിന്റെ നടുക്കായി 13 1/2 1/2 യിലുള്ള ലിഗേച്ചർ അടയാളത്തിലെ മുറിവ് മരണത്തിന് മുമ്പ് കണ്ടെത്തിയിരുന്നു. ആന്തരികമായി, തൈറോഡ് അസ്ഥി പൊട്ടിയ നിലയിൽ കണ്ടെത്തി. അയാളുടെ അഭിപ്രായത്തിൽ, തൊണ്ടയിലുണ്ടായ ശ്വാസംമുട്ടൽമൂലമുള്ള അസ്ഫിക്സിയ ആണ് മരണകാരണം. എതിർ വിസ്താര ത്തിൽ, വിഷത്തിന്റെ സൂചനകൾ കിട്ടാത്തതുകൊണ്ട് ആന്തരികാവയവങ്ങൾ സൂക്ഷിച്ചിട്ടില്ലാ എന്ന് വെളിപ്പെട്ടു..

15. ഒരു വിശകലനത്തിൽ, പി.ഡബ്ല്യു 1 സന്തോഷ്കുമാറും പി.ഡബ്ല്യു 2 - ലല്ലനും, പി.ഡബ്ല്യു 3 ശിവ ലാലും പ്രോസിക്യൂഷൻ കേസിനെ അനുകൂലിക്കാത്തതും എന്നാൽ പ്രതിയുടെ വിവരണത്തെ സ്പഷ്ടമായി അനുകൂലിക്കുകയും ചെയ്തു. ഈ സാക്ഷികളെ കൂറുമാറിയതായി പ്രഖ്യാപി ക്കാത്തത് പ്രാധാന്യം അർഹിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ പി.ഡബ്ല്യു 8-ന്റെ തെളിവിൽ നിന്നും പരേതൻ ജീവിതം മടുത്തതിനാൽ സൾഫാസ് ഗുളികകൾ കഴിച്ചുവെന്നും അയാളുടെ ജീവൻ രക്ഷിക്കരുതെന്നും അപേക്ഷിച്ചിട്ടുള്ളത്

വ്യക്തമാണ്. തീർച്ചയായും പി.ഡബ്ല്യു 5-ന്റെ സാന്നിദ്ധ്യത്തിൽ പഞ്ചനാമ അപ്രകാരം തയ്യാറാക്കിയിട്ടുള്ളതും. പഞ്ചനാമയുടെ സമയത്ത് മൃതശരീരത്തിൽ യാതൊരു പ്രത്യക്ഷ മുറിവും ഉണ്ടായിരുന്നതുമില്ല. ശ്രദ്ധിക്കപ്പെട്ട യാതൊരു മുറിവും പരേതന്റെ ശരീരത്തിൽ കണ്ടില്ലെന്നും പരേതൻ എന്തോ വിഷകരമായ വസ്തു കഴിച്ച് മരണപ്പെട്ടതാണെന്നും അവരുമായി യോജിക്കുന്ന തരത്തിൽ പഞ്ചനാമ (എഗ്സിബിറ്റ് പി 2) പൂർണ്ണമാക്കുകയും പഞ്ച് സാക്ഷികളുടെ ഒപ്പുകൾ ശേഖരിക്കുകയും ചെയ്ത പി.ഡബ്ല്യു 7 രാം നിവാസ് പാണ്ഡേയും മൊഴി നൽകി.

16. കേസിന്റെ മേൽപശ്ചാത്തലത്തിൽ, പരേതൻ, വിഷം കഴിച്ച് ആത്മഹത്യ ചെയ്തതാണെന്നു സൂചിപ്പിച്ചുകൊണ്ട് പരേതന്റെ ഭാര്യ സമർപ്പിച്ചിട്ടുള്ള ഒരു പരാതി, പ്രഥമമായി നിലനിൽക്കുമ്പോൾ ഡോക്ടർ രാസപരിശോനയ്ക്കായി ആന്തരികാവയവങ്ങൾ സൂക്ഷിക്കുമെന്ന് പൊതുവെ സാധാരണയായി പ്രതീക്ഷിക്കുന്നതാണ്. ഈ വിഷയത്തിൽ, ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതിന് യാതൊരു നടപടിയും എടുക്കാത്തതിനാൽ പ്രോസിക്യൂഷൻ അതിന്റെ കർത്തവ്യത്തിൽ പരാജയപ്പെട്ടു. വിഷത്തിന്റെ അസാന്നിദ്ധ്യം ഉള്ളതിനാൽ ആന്തരികാവയവങ്ങൾ സൂക്ഷിച്ചിരുന്നില്ല എന്ന പി.ഡബ്ല്യു 6 ഡോക്ടറുടെ മൊഴി മാത്രം ഈ കേസിന്റെ പ്രത്യേക സാഹചര്യങ്ങളിൽ പര്യാപ്തമാകുന്നില്ല, പ്രത്യേകിച്ച്, സ്വതന്ത്ര പഞ്ച് സാക്ഷികളും അതേപോലെ അന്വേഷണ ഉദ്യോഗസ്ഥനും ചേർന്ന് ഇതൊരു വിഷം ചേർക്കലിന്റെ കേസായിരുന്നെന്ന അവരുടെ കാഴ്ചപ്പാട് രേഖപ്പെടുത്തിയിട്ടുള്ളതും ആയതിനെ പി.ഡബ്ല്യു 1-ഉം 2-ഉം 3-ഉം യഥാവിധി അനുകൂലിച്ചിട്ടുള്ളതുമാണ്.

17. എന്നിരുന്നാലും, പ്രോസിക്യൂഷൻ പ്രതിയ്ക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണത്തിന് പി.ഡബ്ല്യു 5 പരേതന്റെ സഹോദരൻ മാത്രമേ അനുകൂലിച്ചിട്ടുള്ളു. പരേതന്റെ പിതാവ് (പി.ഡബ്ല്യു 4) സംഭവത്തെക്കുറിച്ച് പി.ഡബ്ല്യു 5-ൽ കൂടി അറിഞ്ഞതിനാൽ അയാളുടെ തെളിവ് പോലും പരിഗണനയ്ക്കെടുക്കാൻ കഴിഞ്ഞില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ (എഗ്സിബിറ്റ് പി1) രൂപത്തിലുള്ള മെഡിക്കൽ തെളിവ് പ്രോസിക്യൂഷൻ കേസിനെ അനുകൂലിക്കുന്നെങ്കിലും, ആന്തരികാവയവങ്ങൾ ഡോക്ടർ സൂക്ഷിക്കാതിരുന്നത് പ്രോസിക്യൂഷൻ കേസിനു നിർണ്ണായകമായി. പി.ഡബ്ല്യു 5 പരേതന്റെ കഴുത്തിലെ ലിഗേച്ചർ അടയാളം പ്രതിപാദിച്ചതായോ പഞ്ചനാമയുടെ വേളയിൽ മരണകാരണത്തെപ്പറ്റി വാദിച്ചിട്ടില്ലാത്തതോ ശ്രദ്ധിക്കേണ്ടത് സന്ദർഭോചിതമാണ്. ചില നിരീക്ഷണങ്ങളാൽ വിചാരണകോടതിയും പി.ഡബ്ല്യു 5-ന്റെ വിവരണം അവിശ്വസിച്ചു എന്ന വസ്തുത അവശേഷിക്കുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ പ്രതിയുടെ കുറ്റകൃത്യം ചൂണ്ടിക്കാണിക്കുന്ന സംഭവങ്ങളുടെ ശൃംഖല സ്ഥാപിക്കുന്നതിൽ പ്രോസിക്യൂഷൻ ദയനീയമായി പരാജയപ്പെടുകയും നിയമത്തിലെ സ്ഥാപിത തത്വങ്ങൾക്ക് അനുസൃതമായി കേസ് പരിഗണിക്കാതെ കീഴ്കോടതികൾക്ക് ഗുരുതര വീഴ്ച സംഭവിച്ചിട്ടുള്ളതുമാണ്.

18. നിയമ പരിപാലനത്തിന്റെ പരാജയം തടയുന്നത് ഉറപ്പാക്കുക എന്നതാണ് കോടതി പ്രധാനമായും പരിഗണിക്കേണ്ടത്. കേസിൽ ഹാജരാക്കിയ തെളിവിനെ അടിസ്ഥാനമാക്കി രണ്ടു കാഴ്ചപ്പാടുകൾ സാദ്ധ്യമാണെങ്കിൽ, ഒന്ന് പ്രതിയുടെ കുറ്റത്തിലേക്ക് സൂചിപ്പിക്കുകയും, വേറൊന്ന് പ്രതിയുടെ നിരപരാധിത്വത്തിലേക്ക് സൂചിപ്പിക്കുന്നിടത്തും, സാധാരണയായി പ്രതിക്ക്

അനുകൂലമായ കാഴ്ചപ്പാടാണ് സ്വീകരിക്കേണ്ടത് എന്നതാണ് ക്രിമിനൽ നീതി നിർവ്വഹണത്തിൽ സ്വീകരിക്കേണ്ട ധാരണ. നിലവിലുളള കേസിൽ നമ്മൾ നിരീക്ഷിച്ചിട്ടുളളതുപോലെ, പരേതൻ, വിഷം കഴിച്ചിട്ടുളളതായോ ശ്വാസം മുട്ടിച്ചു കൊലപ്പെടുത്തിയിട്ടുളളതാണോ എന്നതിന് പ്രത്യക്ഷ തെളിവില്ലാത്തതാണ്. പരേതന്റെ ശരീരം മുഴുവനുമുളള പൊളളലുകളും അയാളുടെ നഖങ്ങൾ നീലനിറത്തിൽ കണ്ടതും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലെ ശരീരത്തിൽ നഖപ്പാടുകൾ ഇല്ലാത്തതും പി.ഡബ്ല്യു 5-ന്റെ സാന്നിദ്ധ്യത്തിൽ പഞ്ചനാമ തയ്യാറാക്കുമ്പോൾ യാതൊരു ആക്ഷേപവും ഇല്ലാതിരുന്നതും ഡോ. ഹിരാലാലിനെ വിസ്തരിക്കാതിരുന്നതും ഭൂരിഭാഗം പ്രോസിക്യൂഷൻ സാക്ഷികളുടേയും അതേപോലെ ഡോ. ഹിരാലാൽ പരേതൻ വിഷം കഴിച്ചതായി വെളിപ്പെടുത്തിയിട്ടുളള അന്വേഷണ ഉദ്യോഗസ്ഥന്റെ ബലപ്പെടുത്തുന്ന പ്രസ്താവനകൾ, പ്രതിയുടെ കേസിനെ ശക്തിപ്പെടുത്തുന്നതും പരേതൻ ആത്മഹത്യ ചെയ്തെന്നു വരുത്തുന്നതുമാണ്. അപ്പീൽവാദിക്ക് സംശയത്തിന്റെ ആനുകൂല്യം നൽകാൻ കീഴ്ക്കോടതികൾക്ക് തന്നെ ബോദ്ധ്യം വരേണ്ടതും, ഈ കേസിലെ പ്രത്യേക സാഹചര്യങ്ങളിൽ, പ്രതിയെ 302-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കുന്നത് യുക്തമല്ലെന്ന് നിരീക്ഷിക്കുന്നതിന് ഞങ്ങൾ നിർബന്ധിതരായി.

19. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ, അപ്പീൽ വിജയിക്കുന്നു. മറ്റ് ഏതെങ്കിലും കേസിൽ ആവശ്യമില്ലെങ്കിൽ, അപ്പീൽവാദിയെ ഉടൻതന്നെ തടങ്കലിൽ നിന്നും മോചിപ്പിക്കേണ്ടതാണ്.

20. അപ്രകാരം അപ്പീൽ അനുവദിച്ചു. ഏതെങ്കിലും അപേക്ഷകൾ നിലനിൽക്കുന്നുണ്ടെങ്കിൽ അതും തീർപ്പാക്കിയതായി നിലകൊള്ളുന്നു.

*——————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ.കെ.സിക്രി

&

ബഹു. ജസ്റ്റിസ് ആർ. കെ..അഗർവാൾ

ക്രിമിനൽ അപ്പീൽ നം. 459/2016

കവിതാ ചന്ദ്രകാന്ത് ലഖാനി

*Vs*

സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്രയും മറ്റൊരാളും

2018 ഏപ്രിൽ 24-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366 -ാം വകുപ്പിൻ കീഴിലെ കുറ്റമായിത്തീരാൻ, പ്രതി ഏതെങ്കിലും സ്ഥലത്തു നിന്നും പോകുന്നതിന് പരാതിക്കാരി സ്ത്രീയെ പ്രേരിപ്പിച്ചെന്നോ ബലപ്രയോഗത്താൽ നിർബന്ധിതയാക്കിയെന്നോ അങ്ങനെയുള്ള പ്രേരണ ചതിപ്രയോഗത്തിലൂടെയായിരുന്നെന്നോ, അങ്ങനെയുള്ള ആളപഹരണം നടന്നത് പരാതിക്കാരിയെ അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുകയും/അല്ലെങ്കിൽ അവളുടെ ആളപഹരണത്തിന്റെ ഫലമായി, പരാതിക്കാരിയെ അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുകയും/അല്ലെങ്കിൽ പ്രേരിപ്പിച്ചേക്കുമെന്നും പ്രതിക്ക് അറിയാമായിരുന്നെന്നും പ്രോസിക്യൂഷൻ തെളിയിക്കേണ്ടത് അനിവാര്യമാണ്. വെറും ആളപഹരണം പ്രതിയെ ഈ ശിക്ഷാർഹമായ വകുപ്പിൻ കീഴിൽ കൊണ്ടു വരുന്നില്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിൻ കീഴിലുളള കുറ്റാരോപണം സംബന്ധിച്ച്, സ്ത്രീയെ ആളപഹരണം നടത്തിയെന്ന കണ്ടെത്തൽ മാത്രം പോരാ, ഏതെങ്കിലും വ്യക്തിയെ വിവാഹം കഴിക്കാൻ നിർബന്ധിക്കുകയോ അവളെ അവിഹിത വേഴ്ചയ്ക്ക് നിർബന്ധിക്കുമെന്നോ പ്രേരിപ്പിക്കുമെന്നോ അല്ലെങ്കിൽ അവളെ നിർബന്ധിച്ച് അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുവാൻ നിർബന്ധിക്കാവുന്ന ഉദ്ദേശ്യത്തോടെയോ പ്രതി സ്ത്രീയെ ആളപഹരണം നടത്തിയതായി കൂടുതലായി തെളിയിക്കേണ്ടതാണ്.

### വിധിന്യായം

*ജസ്റ്റിസ് ആർ.കെ. അഗർവാൾ*

1. ഇതിലെ 2-ാം എതിർകക്ഷി 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ചുരുക്കത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം) 363-ാം

വകുപ്പിൻ കീഴിൽ കുറ്റവിമുക്തിക്ക് വേണ്ടി ഫയൽ ചെയ്ത അപേക്ഷ നിരസിച്ചുകൊണ്ട് അഡീഷണൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ്, 40 -ാം കോടതി, ഗുർഗോം മുംബൈ, സി.സി നം. 215/പിഡബ്ല്യു/2005-ൽ 3-10-2006-ൽ പുറപ്പെടുവിച്ച കമ്മിറ്റൽ ഉത്തരവിനെതിരെ ഇതിലെ 2-ാം എതിർകക്ഷി ഫയൽ ചെയ്ത ക്രിമിനൽ റിവിഷൻ അപേക്ഷ നം. 1261/2007-ൽ ഗ്രേറ്റർ ബോംബെ സെഷൻസ് കോടതിയിലെ വിദ്വാനായ ജഡ്ജി 4.7.2007 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ഇവിടത്തെ അപ്പീൽവാദി കവിതാ ചന്ദ്രകാന്ത് ലഖാനി സമർപ്പിച്ച ഹർജി തളളിക്കൊണ്ട് ഹൈക്കോടതി 6-5-2013 തീയതിയിൽ പുറപ്പെടുവിച്ച ബോംബെ ഹൈക്കോർട്ട് ഓഫ് ജുഡീക്കേച്ചറിലെ വിദ്വാനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിനും ഉത്തരവിനുമെതിരെ യാണ് ഈ അപ്പീൽ നിർദ്ദേശിക്കപ്പെട്ടിരി ക്കുന്നത്. വിദ്വാനായ സെഷൻസ് കോടതി ജഡ്ജി 4-7-2007 തീയതിയിലെ ഉത്തരവ് മുഖാന്തിരം 2-ാം എതിർകക്ഷിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366 -ാം വകുപ്പിൻ കീഴിൽ മാത്രമല്ല ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 363-ഉം 506 (ശശ)-ഉം വകുപ്പുകളിൻ കീഴിലെ കുറ്റകൃത്യങ്ങൾക്ക് കൂടിയും കുറ്റവിമുക്തനാക്കി എന്നത് ഇവിടെ പ്രതിപാദിക്കാം

**2. ചുരുക്കത്തിലുളള വസ്തുതകൾ:**

(എ) 6-9-2003-ലെ ദൗർഭാഗ്യകരമായ രാത്രിയിൽ 2-ാം എതിർകക്ഷിയും അപ്പീൽവാദിയും അവരുടെ കൂട്ടുകാരോ ടൊപ്പം ഒരു പിറന്നാൾ പാർട്ടിയിൽ ഉണ്ടായിരുന്നതായി പറഞ്ഞുകൊണ്ട് ഇവിടുത്തെ അപ്പീൽവാദി ഇവിടത്തെ 2-ാം എതിർകക്ഷിക്കെതിരെ 12-9-2003 തീയതിയിൽ 247/2003 നമ്പരായി മുംബൈ ജില്ലയിലെ ഗാംദേവി പോലീസ് സ്റ്റേഷനിൽ ഒരു പ്രഥമ വിവരറിപ്പോർട്ട് (എഫ്.ഐ.ആർ) രജിസ്റ്റർ ചെയ്തു. പാർട്ടിയ്ക്ക് ശേഷം അപ്പീൽവാദിയുമായി മുമ്പ് അടുപ്പ മുണ്ടായിരുന്ന 2-ാം എതിർകക്ഷി, അപ്പീൽവാദിയെ അത്താഴത്തിനുളള വേദിയിലേക്ക് എത്തിക്കാമെന്ന വ്യാജേന, അവളെ, അവന്റെ മുംബൈ കഫേ പരേഡിലുളള വീട്ടിലേക്ക് കൊണ്ടുപോയി. അവിടെ എത്തിയതിനുശേഷം, അപ്പീൽവാദി കാറിൽ നിന്നും ഇറങ്ങാൻ വിസമ്മതിച്ച പ്പോൾ, 2-ാം എതിർകക്ഷി അവളെ ബലാൽക്കാരമായി പൊക്കിയെടുത്ത് അയാളുടെ വീട്ടിൽ കൊണ്ടുപോയി അവളെ കട്ടിലിൽ കിടത്തി. 2-ാം എതിർകക്ഷി അവളെ വിവസ്ത്രയാക്കുകയും അയാളുടെ വെയ്സ്റ്റ് ബെൽറ്റ് ഉപയോഗിച്ച് അവളെ അടിക്കുകയും അവളുടെ ചാരിത്ര ശുദ്ധിയ്ക്ക് ഭംഗം വരുത്തുന്നതിനുവേണ്ടി അവളുടെ രഹസ്യഭാഗങ്ങളിൽ അനുചിത മായി സ്പർശിക്കുകയും ചെയ്തു.

(ബി) 30-3-2004-ന് അഡീഷണൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ്, 40-ാം കോടതി ഗിർഗോൺ, മുംബൈ മുമ്പാകെ ഇന്ത്യൻ ശിക്ഷാ നിയമം 363, 342, 324, 354, 323-ഉം 506 (ഭാഗം കക) വകുപ്പുകൾക്ക് കീഴിൽ കേസിലെ കുറ്റപത്രം സമർപ്പിച്ചു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 363-ാം വകുപ്പിൻ കീഴിലെ യാതൊരു കുറ്റകൃത്യവും വെളിവായിട്ടില്ലെന്ന് പ്രസ്താവിച്ചുകൊണ്ട് 2-ാം എതിർകക്ഷി ഒരു ഡിസ്ചാർജ് അപേക്ഷ സമർപ്പിച്ചു. വിദ്വാനായ അഡീഷണൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് 3-10-2006 തീയതിയിലെ ഉത്തരവ് പ്രകാരം ഡിസ്ചാർജ് അപേക്ഷ നിരസിക്കുകയും സെഷൻസ് കോടതി യിലേക്ക് വിചാരണയ്ക്ക് അയച്ചിട്ടുളളതും ആയത് സെഷൻസ് കേസ് നം. 858/2006 ആയി രജിസ്റ്റർ ചെയ്തിട്ടുളളതുമാണ്.

(സി) 3-10-2006 തീയതിയിലെ ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ട് സെഷൻസ് കോടതി മുമ്പാകെ 2-ാം എതിർകക്ഷി 1261/2006 ആയി ഒരു റിവിഷൻ അപേക്ഷ സമർപ്പിച്ചു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിൻ കീഴിൽ കുറ്റവിമുക്തനാക്കുന്നതിനും കീഴ്ക്കോടതിയിലേക്ക് സംഗതി റിമാൻഡ് ചെയ്യുന്നതിനും സെഷൻസ് കേസ് നം. 858/2006-ൽ 2-ാം എതിർകക്ഷി 244/2007 എന്ന നമ്പറിൽ ഒരു മിസലേനിയസ് അപേക്ഷയും സമർപ്പിച്ചു. 2-ാം എതിർകക്ഷി 244/2007 എന്ന നമ്പറിൽ സമർപ്പിച്ച മിസലേനിയസ് അപേക്ഷ 10-4-2007 തീയതിയിലെ ഉത്തരവിൻ പ്രകാരം വിദ്വാനായ അസിസ്റ്റന്റ് സെഷൻസ് ജഡ്ജ്, ഗ്രേറ്റർ മുംബൈ നിരസിച്ചു.

(ഡി) 3-10-2006, 10-4-2007 തീയതികളിലെ ഉത്തരവിൽ സങ്കടപ്പെട്ടു കൊണ്ട് 2-ാം എതിർകക്ഷി ഹൈക്കോടതി മുമ്പാകെ 1340/2007 എന്ന നമ്പർ ക്രിമിനൽ അപേക്ഷ സമർപ്പിച്ചു. 25-4-2007-ൽ ഹൈക്കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി മുമ്പാകെ പ്രസ്തുത അപേക്ഷ വാദത്തിനായി വന്നപ്പോൾ സെഷൻസ് കോടതി മുമ്പാകെയുള്ള റിവിഷൻ അപേക്ഷ തീർപ്പാക്കുന്നതുവരെ കേസിന്റെ വിചാരണ തുടരേണ്ടതില്ലെന്ന അപേക്ഷയോടെ 2-ാം എതിർകക്ഷി ആയത് പിൻവലിച്ചു. 25-4-2007 തീയതിയിലെ ഉത്തരവ് പ്രകാരം ഹൈക്കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി പ്രസ്തുത റിവിഷൻ അപേക്ഷയുടെ തീർപ്പാക്കൽ വരെ നടപടികൾ സ്റ്റേ ചെയ്തു.

(ഇ) 2-ാം എതിർകക്ഷി ഫയൽ ചെയ്ത റിവിഷൻ അപേക്ഷ അനുവദിച്ചുകൊണ്ട് 4-7-2007 തീയതിയിലെ ഉത്തരവ് പ്രകാരം വിദ്വാനായ അഡീഷണൽ സെഷൻസ് ജഡ്ജി 3-10-2006 തീയതിയിലെ ഉത്തരവ് അസ്ഥിരപ്പെടുത്തി. വിദ്വാനായ ജഡ്ജി 2-ാം എതിർകക്ഷിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിൻ കീഴിൽ മാത്രമല്ല ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 363-ഉം 506 (ii)-ഉം വകുപ്പുകളിൻ കീഴിൽ കൂടിയും കുറ്റവിമുക്തനാക്കി. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 342, 324, 323, 354 എന്നീ വകുപ്പുകൾ പ്രകാരം 13-6-2012-ൽ 2-ാം പ്രതിയ്ക്കെതിരെ കുറ്റപത്രം ചമച്ചു. 4.7.2007 തീയതിയിലെ ഉത്തരവിൽ സങ്കടപ്പെട്ടു കൊണ്ട് അപ്പീൽവാദി 3766/2012 എന്ന നമ്പർ ക്രിമിനൽ റിട്ട് പെറ്റിഷൻ ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. ഹൈക്കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി 6-5-2013 തീയതിയിലെ ഉത്തരവ് പ്രകാരം അപ്പീൽവാദി സമർപ്പിച്ച റിട്ട് ഹർജി തള്ളി.

(എഫ്) 6-5-2013 തീയതിയിലെ വിധിന്യായത്തിൽ സങ്കടപ്പെട്ടുകൊണ്ട് ഈ കോടതി മുമ്പാകെ അപ്പീൽവാദി ഈ അപ്പീൽ സമർപ്പിച്ചു.

3) അപ്പീൽവാദിയ്ക്കു വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ മിസ്റ്റർ സിദ്ധാർത്ഥ് ലുത്രയേയും, 2-ാം എതിർകക്ഷിയ്ക്കുവേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ മിസ്റ്റർ.മഹേഷ് ജത്മലാനിയേയും എതിർകക്ഷി-സംസ്ഥാനത്തിനു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ നിഷാന്ത്.ആർ.കട്നേഷ് വാർക്കറേയും കേട്ടു.

**പരിഗണനയ്ക്കു വന്ന വിഷയങ്ങൾ:-**

4. ഈ കോടതി മുമ്പാകെ പരിഗണനയ്ക്കു വന്ന ഒരേ ഒരു വിഷയം, കേസ്സിലെ നിലവിലെ വസ്തുതകളിലും സാഹചര്യങ്ങളിലും, തയ്യാറാക്കിയ കുറ്റപത്രത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പ് ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള ഒരു കേസ് അപ്പീൽവാദിയ്ക്ക് ഉണ്ടോ ഇല്ലയോ എന്നതാണ് ?

5. ഞങ്ങൾ ഇരുഭാഗത്തുനിന്നുമുള്ള വാദങ്ങൾ കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

**എതിർ തർക്കങ്ങൾ:-**

6. സംഭവം 6-9-2003-നോ 7-9-2003-നോ നടന്നിട്ടുള്ളതായും അപ്പീൽവാദി സമർപ്പിച്ച പരാതിയിൽ 12-9-2003-ൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളതായും അപ്പീൽ വാദിക്കുവേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ വാദിച്ചു. എന്നു തന്നെയുമല്ല, 16-2-2004-ൽ അപ്പീൽവാദി ഒരു അനുബന്ധ മൊഴി നൽകിയിട്ടുള്ളതും, പരാതിയും അനുബന്ധ മൊഴിയും ശരിയായ കാഴ്ചപ്പാടിൽ എടുക്കുകയാണെങ്കിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366, 363, 506 (ശശ) എന്നീ വകുപ്പുകളിൻ കീഴിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽ 2-ാം എതിർകക്ഷിയെ കുറ്റവിമുക്ത നാക്കുന്ന യാതൊരു കേസും വെളിവാക്ക പ്പെട്ടിട്ടില്ല.

7. അപ്പീൽവാദിയ്ക്കുവേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ, അയാളുടെ വാദത്തിന് പിന്തുണയായി **ക്രെഫ് ഫിനാൻസ് ലിമിറ്റഡ് *Vs* ശ്രീ.ശാന്തി ഹോംസ് (പി) ലിമിറ്റഡും മറ്റൊരാളും** (2005) 7 എസ് സി സി 467 അവലംബിച്ചു. ആയതിനാൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവും 2-ാം എതിർകക്ഷിയെ കുറ്റവിമുക്തനാക്കി ക്കൊണ്ടുള്ള സെഷൻസ് കോടതിയുടെ ഉത്തരവും ഈ കോടതി അസ്ഥിര പ്പെടുത്തണമെന്ന് അയാൾ വാദിച്ചു.

8. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366, 363, 506 (ii) വകുപ്പുകളിൻ കീഴിലുള്ള കുറ്റകൃത്യങ്ങൾ നടന്നത് സംബന്ധിച്ച് യാതൊരു രഹസ്യസൂചനയുമില്ലാത്ത പരാതിയുടെ അടിസ്ഥാനത്തിൽ 12-9-2003-ൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ള തായും ഏകദേശം 5 (അഞ്ച്) മാസങ്ങൾക്കു ശേഷം അപ്പീൽവാദി നൽകിയിട്ടുള്ള അനുബന്ധമൊഴി, മറ്റു വകുപ്പുകളിൻ കീഴിൽ കൂടി 2-ാം എതിർകക്ഷിയെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു അനന്തരചിന്ത മാത്രമാണെന്നും, അതു കൊണ്ട് അതിനെ അവലംബിക്കാൻ കഴിയുകയില്ലെന്നും 2-ാം എതിർകക്ഷിക്കു വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു.

9. 2-ാം എതിർകക്ഷിക്കു വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ, ഈ കോടതിയുടെ, **ധരംപാലും മറ്റുള്ളവരും *Vs* സ്റ്റേറ്റ് ഓഫ് ഹരിയാനയും മറ്റൊരാളും** (2014) 3 എസ്സിസി 306-ലെ തീരുമാനം പരാമർശിച്ചുകൊണ്ട് ഹൈക്കോടതിയും സെഷൻസ് കോടതിയും പുറപ്പെടു വിച്ചിട്ടുള്ള ഉത്തരവിന് യാതൊരു ഇടപെടലിന്റെയും ആവശ്യമില്ലെന്നു വാദിച്ചു.

**ചർച്ച:-**

10. മുകളിലത്തെ പശ്ചാത്തലത്തിൽ, താഴെപ്പറയുന്ന ഇന്ത്യൻ ശിക്ഷാ നിയമ ത്തിലെ 366 -ാം വകുപ്പിന്റെ ഘടകങ്ങൾ സൂചിപ്പിക്കുന്നത് ശ്രദ്ധേയമാണ്:-

> 366. ഒരു സ്ത്രീയെ അവളുടെ വിവാഹത്തിന് നിർബന്ധിക്കുന്ന തിനോ മറ്റോ വേണ്ടി ആളപഹരണമോ ആൾമോഷണമോ ചെയ്യുകയോ പ്രചോദി പ്പിക്കുകയോ ചെയ്യുന്നത്.- ഏതെങ്കിലും സ്ത്രീ, അവളുടെ ഇച്ഛയ്ക്ക് എതിരായി ഏതെങ്കിലും ആളെ വിവാഹം ചെയ്യുന്നതിന് നിർബന്ധിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടിയോ, നിർബന്ധിക്കു വാൻ ഇടയുണ്ടെന്ന് അറിഞ്ഞു കൊണ്ടോ, അല്ലെങ്കിൽ അവൾ അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്ക

പ്പെടുകയോ ചെയ്യുന്നതിന് വേണ്ടിയോ അല്ലെങ്കിൽ അവൾ അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ അവളെ ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നൽകി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്; കൂടാതെ, ഏതെങ്കിലും സ്ത്രീ മറ്റൊരാളുമായി അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, ആ സ്ത്രീയെ ഈ നിയമസംഹിതയിൽ നിർവ്വചിച്ച പ്രകാരമുള്ള കുറ്റകരമായ ഭയപ്പെടുത്തലോ പ്രാധികാരത്തിന്റെ ദുർവിനിയോഗമോ മറ്റേതെങ്കിലും തരത്തിലുള്ള നിർബന്ധമോ വഴിയായി, ഏതെങ്കിലും സ്ഥലത്തുനിന്ന് പോകുന്നതിന് പ്രചോദിപ്പിക്കുന്ന ഏതൊരാളുംകൂടി മുകളിൽ പറഞ്ഞവിധം ശിക്ഷിക്കപ്പെടുന്നതാകുന്നു.

ആളപഹരണം എന്ന കുറ്റകൃത്യം സ്ഥാപിക്കുന്നതിന് ഒരു വ്യക്തിയെ നിയമപരമായി അല്ലാതെ ബലപ്രയോഗത്താലോ ചതിയാലോ കടത്തുകയോ ഒരു വ്യക്തിയെ ചതിയാലോ ബലപ്രയോഗത്താലോ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു പോകുവാൻ പ്രേരിപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഈ വകുപ്പിൻ കീഴിലുള്ള ഒരു കുറ്റകൃത്യത്തിന്റെ അടിസ്ഥാനവും പ്രധാന ഘടകവും പ്രതിയുടെ ഉദ്ദേശ്യമാണ്. പ്രതിയുടെ സ്വഭാവവും താല്പര്യവും ഉദ്ദേശവും കുറ്റകൃത്യം നിശ്ചയിക്കുകയും, പ്രതി, സ്ത്രീയെ തട്ടിക്കൊണ്ടുപോകുകയോ ആളപഹരണം നടത്തുകയോ ചെയ്ത ഉദ്ദേശ്യത്തെ സ്വാധീനിക്കാൻ അവയ്ക്ക് കഴിയുന്നതും ഓരോ കേസും തീരുമാനിക്കുന്നതിനുള്ള നിർണ്ണായകമായ ചോദ്യം പ്രതിയുടെ ഉദ്ദേശ്യവുമാണ്. ഒരിക്കൽ പ്രതിയുടെ അനിവാര്യ ഉദ്ദേശ്യം സ്ഥാപിക്കുന്നപക്ഷം പ്രതി അയാളുടെ ഉദ്ദേശ്യം ഫലപ്രാപ്തിയിലെത്തിക്കുന്നതിൽ വിജയിച്ചാലും ഇല്ലെങ്കിലും, സ്ത്രീ വിവാഹത്തിനോ അവിഹിതവേഴ്ചക്കോ സമ്മതിച്ചാലും ഇല്ലെങ്കിലും ആ കുറ്റകൃത്യം പൂർണ്ണമാകുന്നു.

11. ഇതുകൂടാതെ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിൻ കീഴിലെ കുറ്റമായിത്തീരാൻ, പ്രതി ഏതെങ്കിലും സ്ഥലത്തു നിന്നും പോകുന്നതിന് പരാതിക്കാരി സ്ത്രീയെ പ്രേരിപ്പിച്ചെന്നോ ബലപ്രയോഗത്താൽ നിർബന്ധിതയാക്കിയെന്നോ അങ്ങനെയുള്ള പ്രേരണ ചതിപ്രയോഗത്തിലൂടെയായിരുന്നെന്നോ, അങ്ങനെയുള്ള ആളപഹരണം നടന്നത് പരാതിക്കാരിയെ അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുകയും/അല്ലെങ്കിൽ അവളുടെ ആളപഹരണത്തിന്റെ ഫലമായി, പരാതിക്കാരിയെ അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുകയും/അല്ലെങ്കിൽ പ്രേരിപ്പിച്ചേക്കുമെന്നും പ്രതിക്ക് അറിയാമായിരുന്നെന്നും പ്രോസിക്യൂഷൻ തെളിയിക്കേണ്ടത് അനിവാര്യമാണ്. വെറും ആളപഹരണം പ്രതിയെ ഈ ശിക്ഷാർഹമായ വകുപ്പിൻ കീഴിൽ കൊണ്ടു വരുന്നില്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366 -ാം വകുപ്പിൻ കീഴിലുള്ള കുറ്റാരോപണം സംബന്ധിച്ച്, സ്ത്രീയെ ആളപഹരണം നടത്തിയെന്ന കണ്ടെത്തൽ മാത്രം പോരാ, ഏതെങ്കിലും വ്യക്തിയെ വിവാഹം കഴിക്കാൻ നിർബന്ധിക്കുകയോ

അവളെ അവിഹിത വേഴ്ചയ്ക്ക് നിർബന്ധിക്കുമെന്നോ പ്രേരിപ്പിക്കുമെന്നോ അല്ലെങ്കിൽ അവളെ നിർബന്ധിച്ച് അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുവാൻ നിർബന്ധി ക്കാവുന്ന ഉദ്ദേശ്യത്തോടെയോ പ്രതി സ്ത്രീയെ ആളപഹരണം നടത്തിയതായി കൂടുതലായി തെളിയിക്കേണ്ടതാണ്. ആളപഹരണം ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിൻ കീഴിൽ പ്രതിപാദിച്ചിട്ടുള്ള ഉദ്ദേശ്യങ്ങൾക്കാണെന്ന് പ്രോസിക്യൂഷൻ തെളിയിക്കാത്തിടത്ത്, ഇന്ത്യൻ ശിക്ഷാ നിയമം 366-ാം വകുപ്പിൻ കീഴിൽ പ്രതി കുറ്റക്കാരനാണെന്ന് സ്ഥാപിക്കാനോ ശിക്ഷിക്കാനോ കോടതിക്ക് കഴിയുകയില്ല.

12. കീഴ്ക്കോടതികൾക്ക് മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള എല്ലാ അപേക്ഷ കളുടെയും ഉത്തരവുകളുടെയും കാതൽ ഒന്നാണ് എന്നതാണ് നമ്മുടെ പരിഗണിത മായ അഭിപ്രായം. 2-ാം എതിർകക്ഷി സമർപ്പിച്ചിട്ടുള്ള മറ്റപേക്ഷകൾ ഈ ഘട്ടത്തിൽ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാത്തതിലും കീഴ്ക്കോടതികൾ പരിഗണിക്കാതിരുന്നതും വിഷയമല്ല. വസ്തുതയുടെ ഈ കാഴ്ചപ്പാടിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 366-ാം വകുപ്പിന്റെ പ്രായോഗികത കേസിന്റെ നിലവിലെ വസ്തുതകളുടേയും സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രം നമ്മുടെ ചർച്ച പരിമിതപ്പെടുത്തുന്നത് ഉചിതമായിരിക്കും.

13. നിലവിലെ കേസിൽ, ഇവിടുത്തെ അപ്പീൽവാദിയും 2-ാം എതിർകക്ഷിയും അടുപ്പത്തിലായിരുന്നു. 6-9-2003-ൽ ഇവിടത്തെ അപ്പീൽവാദിയും 2-ാം എതിർകക്ഷിയും അവരുടെ ഒരു സുഹൃത്തിന്റെ പിറന്നാൾ പാർട്ടിയിൽ പങ്കെടുത്തു. പരാതിയിലെ ആരോപണങ്ങൾ പ്രകാരം 7-9-2003-ന് വളരെനേരത്തെ, കൂട്ടുകാർ എല്ലാവരും അത്താഴം കഴിക്കുന്ന സ്ഥലത്തേക്ക് നീങ്ങുമ്പോൾ ഇവിടത്തെ 2-ാം പ്രതി അവളെ ആ സ്ഥലത്ത് എത്തിക്കുന്നത് വഴി മുംബൈയിലെ കഫേ പരേഡിലുള്ള അയാളുടെ വീട്ടിലേക്ക് കൊണ്ടുപോകുകയും അവളോട് കാറിൽ നിന്നും ഇറങ്ങുവാൻ ആവശ്യപ്പെടുകയും ചെയ്തു. ആയതിന് അവൾ നിരസിച്ചപ്പോൾ, 2-ാം എതിർകക്ഷി അവളെ കാറിൽ നിന്നും ബലമായി വലിച്ചിറക്കുകയും അവളെ അവന്റെ വീട്ടിലേക്ക് കൊണ്ടുപോയി അവന്റെ കട്ടിലിൽ കിടത്തുകയും ചെയ്തു. ഇതിനുശേഷം, ഇവിടത്തെ 2-ാം പ്രതി ഞാൻ നിന്നെ സ്നേഹിക്കുന്നു, എന്തുകൊണ്ട് നീ എന്നെ വിവാഹം കഴിക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട് അവളെ അയാളുടെ കൈകൊണ്ടും ബെൽറ്റുകൊണ്ടും അടിക്കാൻ തുടങ്ങി. അവൻ അവളുടെ തല ഭിത്തിയിൽ ഇടിയ്ക്കുകയും ചെയ്തു. തത്ഫലമായി, അവൾക്ക് പരിക്കുകൾ പറ്റി. രാവിലെ ഏകദേശം 2 മണിയോടെ, 2-ാം എതിർകക്ഷിയുടെ പിതാവ് വീട്ടിൽ തിരിച്ചെത്തിയപ്പോൾ, അയാൾ ഇവിടത്തെ അപ്പീൽവാദിയെ അവളുടെ വീട്ടിലേക്ക് കൊണ്ടുപോയി. 12-9-2003-ൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു. അതിന് ഒരാഴ്ചയ്ക്കു ശേഷം, അതായത്, 19-9-2003-ൽ, അവൾ വസ്തുതകൾ അമ്മയോട് വിവരിച്ചശേഷം അവളെ അപ്പീൽവാദി ലൈംഗികാതിക്രമം നടത്തിയതായി കൂടുതൽ മൊഴിനൽകി. അവൾ അമ്പരന്നു പോയതിനാൽ ഇത് മുമ്പ് വെളിപ്പെടുത്താൻ കഴിഞ്ഞില്ലെന്ന അവളുടെ വിശദീകരണം, സംഭവത്തിന് അഞ്ച് ദിവസത്തിനുശേഷം എഫ്.ഐ.ആർ ചമച്ചു എന്നത് വിശ്വാസത്തിലെടുക്കാൻ സാധി ക്കാത്തതും, ആയതിനാൽ അവൾ അത്

മുൻകൂട്ടി ആലോചിച്ച് സമർപ്പിച്ചിട്ടുള്ളതു മാണ്. വീണ്ടും, ഒരാഴ്ചക്കുള്ളിൽ അവൾ പീഢനത്തെപ്പറ്റി പ്രതിപാദിക്കുന്നതിന് ചിന്തിച്ചതും ഇപ്പോൾ അമ്പരപ്പ് തോന്നാതിരുന്നതും എന്തുകൊണ്ട്? അതിന് യാതൊരു വിശദീകരണവും ഇല്ല. 2-ാം എതിർകക്ഷിയുടെ കാറിൽനിന്നും അപ്പീൽവാദിയെ വലിച്ചു പുറത്തെടുത്തതിന് വാച്ച്മാൻ സാക്ഷിയാണ്. വസ്തുതയുടെ ഈ കാഴ്ചപ്പാടിൽ, ഇവിടത്തെ 2-ാം എതിർകക്ഷി അവളെ അവന്റെ വീട്ടിലേക്ക് ബലമായി കൊണ്ടുപോയതാണെന്ന ആരോപണത്തിൽ പരിമിതപ്പെടുത്തുന്നു. എന്നിരുന്നാലും, വിവസ്ത്രയാക്കിയതും അനുചിതമായി അവളെ സ്പർശിച്ചതോ ലൈംഗികാതിക്രമമോ പിന്നീട് കൂട്ടിച്ചേർത്തതാണ്. ആളപഹരണം മാത്രം ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിന്റെ പരിധിയിൽ പ്രതിയെ കൊണ്ടുവരുന്നില്ല. ഏതെങ്കിലും വ്യക്തിയെ വിവാഹം കഴിക്കാൻ നിർബന്ധിക്കുകയോ അവിഹിത വേഴ്ചയ്ക്കുവേണ്ടി അവളെ നിർബന്ധിച്ചെന്നോ പ്രേരിപ്പിച്ചെന്നോ അല്ലെങ്കിൽ അവളെ നിർബന്ധിച്ച് അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുവാൻ നിർബന്ധിക്കാവുന്ന ഉദ്ദേശ്യത്തോടെ പ്രതി സ്ത്രീയോ ആളപഹരണം നടത്തിയതായി തെളിയിക്കേണ്ടതാണ്. 2-ാം എതിർകക്ഷിയും ഇവിടത്തെ അപ്പീൽവാദിയും അടുപ്പത്തിലായിരുന്നെന്ന് രേഖയിൽ തെളിയുന്നതും ആയത് അവരുടെ വീട്ടുകാർക്ക് അറിയാവുന്നതുമാണ്. 2-ാം എതിർകക്ഷി അവളെ ബലാൽക്കാരമായി അവന്റെ വീട്ടിലേക്ക് കൊണ്ടുപോയി എന്നതാണ് പ്രാഥമിക ആരോപണങ്ങൾ. എന്നാൽ, അത് അവളെ അവിഹിത വേഴ്ചയ്ക്കു പ്രേരിപ്പിക്കാനല്ലായിരുന്നു. യഥാർത്ഥത്തിൽ, പരാതിക്കാരിയെ സംബന്ധിച്ചിടത്തോളം, 2-ാം എതിർകക്ഷി ആദ്യമായി അവന് അവളോടുള്ള സ്നേഹം പ്രകടിപ്പിക്കുകയും, തുടർന്ന്, അവളെ വെയ്സ്റ്റ് ബെൽറ്റും അവന്റെ കൈകളും കൊണ്ട് അടിക്കാൻ തുടങ്ങിയിട്ടുള്ളതു മാണെന്ന് രേഖകളിൽ നിന്നും വ്യക്തമാണ്.2-ാം എതിർകക്ഷിയുടെ കൈകളാൽ പീഢിപ്പിക്കപ്പെട്ടതാണെന്നുള്ള മൊഴി ഉടൻ നൽകാതെ പിന്നീട് നൽകിയതാണ്. 2-ാം എതിർകക്ഷിയുടെ അതേ തരത്തിലുള്ള പ്രവൃത്തികൾ അവളെ വിവാഹം കഴിക്കുന്നതിനായി തട്ടികൊണ്ടുപോകുന്നതിനോ അവളെ അവിഹിത വേഴ്ചയ്ക്ക് പ്രേരിപ്പിക്കുന്നതിനോ നിർബന്ധിക്കുന്നതിനോ അവന് ഉദ്ദേശ്യമുള്ളതായി കാണിക്കുന്നില്ല.

14. 2-ാം എതിർകക്ഷി അവളെ അവന്റെ വീട്ടിലേക്ക് ബലാൽക്കാരമായി തട്ടിക്കൊണ്ടുപോയി എന്നത് തെളിയിച്ചാലും അവളെ വിവാഹം കഴിക്കണമെന്നോ അവിഹിത വേഴ്ചയ്ക്ക് നിർബന്ധിക്കണമെന്നോ പ്രേരിപ്പിക്കണമെന്നോ ഉള്ള അവന്റെ ഉദ്ദേശ്യമോ പിന്നീടത്തെ ഒരു അനന്തര ചിന്തയാണെന്ന് വ്യക്തമാണ്. പരമപ്രധാനമായി, രണ്ടുപേരും ഒരു അടുപ്പത്തിലായിരുന്നുവെന്ന നിലയിൽ കേസ് കൊണ്ടുവരാവുന്നതും വികാരങ്ങളുടെ പെട്ടെന്നുള്ള പൊട്ടിപ്പുറപ്പെടൽ മൂലമോ 2-ാം എതിർകക്ഷിയുടെ ഭാഗത്തുനിന്നു സുരക്ഷിതത്വമില്ലെന്ന ബോധത്താലോ ആകാം മേൽ പ്രവൃത്തികൾ ചെയ്തത്. കൂടാതെ കക്ഷികൾക്കുവേണ്ടിയുള്ള വിദ്വാ ാരായ മുതിർന്ന അഭിഭാഷകർ അവലംബിച്ചിട്ടുള്ള തീരുമാനങ്ങൾക്ക് നിലവിലെ കേസുമായി യാതൊരു താദാത്മ്യവും ഇല്ല.

15. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിൻ കീഴിലുള്ള കുറ്റാരോപണം

നിലനിൽക്കാത്തതും ഹൈക്കോടതി അപ്രകാരം വിധിച്ചത് ശരിയുമായിരുന്നു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുമായി ഞങ്ങൾ യോജിക്കുന്നു. എന്നിരുന്നാലും, 2003 മുതൽ ഈ വിഷയം നിലനിൽക്കുന്നതിനാലും ആയത് ഇപ്പോഴും കുറ്റപത്രം തയ്യാറാക്കുന്ന അവസ്ഥയിൽ ആയതിനാലും, ഈ വിധിന്യായം പുറപ്പെടുവിച്ച തീയതിയ്ക്ക് 6 (മാസങ്ങൾക്കുള്ളിൽ) പൂർത്തിയാക്കാൻ വിചാരണകോടതിയോട് നിർദ്ദേശിക്കുന്നത് ഉചിതമാണെന്നു ഞങ്ങൾ കരുതുന്നു. ഈ വിധിന്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366-ാം വകുപ്പിന്റെ പ്രായോഗികതയ്ക്കുവേണ്ടി മാത്രമുള്ളതാണെന്നും വിചാരണകോടതി മെരിറ്റിൽ ഈ വിഷയം തീർപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു. അപ്പീൽ തള്ളി.

*———————*

# ബഹു സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് രഞ്ജൻ ഗോഗോയ്**

**&**

**ബഹു. ജസ്റ്റിസ് ആർ. ബാനുമതി**

**ക്രിമിനൽ അപ്പീൽ നം. 1479/2015**

**മോട്ടിറാം പാദുജോഷിയും മറ്റുള്ളവരും**

*Vs*

**സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര**

**2018 ജൂലൈ 10-ന് വിധി കൽപ്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**ദൃക്സാക്ഷികൾ കുടുംബാംഗങ്ങളാണെന്ന കാരണത്താൽ മാത്രം അവരുടെ തെളിവ് സ്വയമേവ നിരസിക്കുവാൻ പാടുള്ളതല്ല. തത്പരരാണെന്ന ആരോപണമുണ്ടെങ്കിൽ തന്നെ ആയത് സ്ഥാപിക്കേണ്ടതാണ്. പരേതന്റെ ബന്ധുക്കളായതിനാൽ പ്രതിയെ തെറ്റായി ഉൾപ്പെടുത്താൻ സാധ്യതയുണ്ടെന്ന് മാത്രമുള്ള ഒരു മൊഴി, ആയത് മറ്റുവിധത്തിൽ പ്രബലവും വിശ്വാസ യോഗ്യവുമാകുന്നതിനാൽ തെളിവു നിരാകരിക്കാൻ കാരണമല്ല. അങ്ങനെയുള്ള കണ്ടെത്തലിൽ ഹൈക്കോടതി ഇടപെടുന്നത് ശരിയല്ല എന്നും പ്രോസിക്യൂഷൻ സാക്ഷികൾ 3-ന്റെയും 4-ന്റെയും തെളിവിലുള്ള കുറ്റസ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ വിചാരണകോടതിയുടെ വിധി ശരിയാണെന്ന് കണ്ടെത്തി.**

### വിധിന്യായം

*ജസ്റ്റിസ്. ആർ.ബാനുമതി*

ബോംബെയിലെ ഹൈക്കോടതി 30-7-2015-ൽ പുറപ്പെടുവിച്ചിട്ടുള്ള ക്രിമിനൽ അപ്പീൽ നം. 174/1994-ൽ, ആയതിൽ ഹൈക്കോടതി അപ്പീൽവാദികൾ/ 3, 5, 7, 8-ഉം നമ്പർ പ്രതികളെ കുറ്റവിമുക്തമാക്കിയ വിധിന്യായം അസ്ഥിരപ്പെടുത്തുകയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 147, 148, 302 എന്നീ വകുപ്പുകൾ 149-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻ പ്രകാരം കുറ്റസ്ഥാപനം നടത്തി ജീവപര്യന്തം ശിക്ഷ വിധിച്ച ബോംബെ ഹൈക്കോടതിയുടെ 30-7-2015 തീയതിയിലെ ക്രിമിനൽ അപ്പീൽ നം. 174/1994-ലെ വിധിന്യായത്തിൽ നിന്നുമാണ് ഈ അപ്പീൽ ഉത്ഭവിച്ചിട്ടുള്ളത്.

2. ചുരുക്കത്തിലുള്ള പ്രോസിക്യൂഷൻ കേസ്, പരേതനായ മചീന്ദ്ര ബുധാജി ജോഷിയുടെ സഹോദരനാണ് പി.ഡബ്ല്യു-2

അനന്ത് ബുധാജി ജോഷി എന്നാണ്. അനന്തും മചീന്ദ്രയും ഇലക്ട്രിക് ഫിറ്റിംഗ് ജോലി ചെയ്തു വരികയായിരുന്നു. പി.ഡബ്ല്യു-3 കേസരിനാഥ് ഭഗതും പി.ഡബ്ല്യു-4 വസുഡിയോ ഗയ്ക്കറും അതേ ജോലി തന്നെ ചെയ്യുകയായിരുന്നു. അപ്പീൽവാദി മോട്ടിറാം പാദു ജോഷി (എ3), രത്തൻ മാരുതി വാസ്ക്കർ (എ5), ദേവിദാസ് മാരുതി വാസ്ക്കർ (എ7), രാംനാഥ് എന്നു വിളിക്കുന്ന രാം പാദു ജോഷി (എ8) പരേതനായ മചീന്ദ്രയും പ്രോസിക്യൂഷൻ സാക്ഷികളും റായ്ഗഡ് ജില്ലയിലെ പനവേൽ താലൂക്കിലെ ഒവാ-പേട്ട് വില്ലേജിലെ താമസക്കാരാണ്. അപ്പീൽ വാദികൾ/ പ്രതികൾ കോൺഗ്രസ്സ് പാർട്ടിയിലുള്ളവരും പരേതനും പ്രോസിക്യൂഷൻ സാക്ഷികളും ശിവസേന പാർട്ടിയിലുളളവരുമാണ്. 1992-ലെ ജില്ലാ പരിഷത്തിലേക്കുളള തിരഞ്ഞെടുപ്പിൽ ഇരു പാർട്ടികളും പരസ്പരം ശത്രുതയിലായി.

3. 26-4-1992-ൽ പരേതനായ മചീന്ദ്ര പി.ഡബ്ല്യു-3-നും 4-നും ഒപ്പം ഇലക്ട്രിക് ഫിറ്റിംഗ് ജോലിയ്ക്കായി നന്ദ്ഗാവോൺ വില്ലേജിലേക്ക് പോകുകയും രാത്രി ഏകദേശം 8.30 മണിയോടെ പരേതന്റെ വീട്ടിലേക്ക് തിരിച്ചെത്തുകയും ചെയ്തു. അവർ മൂന്നുപേരും അത്താഴത്തിനു ശേഷം മുറ്റത്തുളള കട്ടിലിൽ ഇരിയ്ക്കുകയായിരുന്നു. അതിനുശേഷം പി.ഡബ്ല്യു-2 വീട്ടിനുള്ളിലിരുന്ന് അത്താഴം കഴിക്കുകയായിരുന്നു. രാത്രി ഏകദേശം 9.30 മണിയ്ക്ക് അപ്പീൽവാദികൾ മറ്റു പ്രതികളോടൊപ്പം വാളുകൾ, കത്തി, വടികൾ, മോട്ടോർ സൈക്കിൾ ചെയിൻ തുടങ്ങിയ മാരകായുധങ്ങളുമായി പരേതനായ മചീന്ദ്രയുടെ വീടിന്റെ മുറ്റത്ത് വന്നു. അപ്പീൽവാദി മോട്ടിറാം (എ3) അയാളുടെ കൈയിൽ ഒരു വാളുമായി വന്ന് പരേതന്റെ തലയ്ക്ക് പ്രഹരമേൽപ്പിച്ചു, അപ്പീൽവാദി രത്തൻ (എ5), പരേതന്റെ കാലുകളിൽ വാൾകൊണ്ട് വെട്ടി. അപ്പീൽവാദി രാംനാഥും (എ8) പരേതന്റെ തലയിൽ വാളുകൊണ്ട് വെട്ടി. അപ്പീൽവാദി (എ7) ദേവിദാസ് ഒരു കത്തികൊണ്ട് പരേതന്റെ പാദത്തിലും കാലിലും ആക്രമിച്ചു, അപ്പീൽ ഇളവു ചെയ്തിട്ടുളള മറ്റു പ്രതികളും പരേതനെ മോട്ടോർ സൈക്കിൾ ചെയിനും വടികളുമായി ആക്രമിച്ചു. മാരകായുധങ്ങളുമായി പ്രതികളെ കണ്ടപ്പോൾ, . പി.ഡബ്ല്യു-3-ഉം പി.ഡബ്ല്യു-4-ഉം ഭയചകിതരായി വീടിനുളളിൽ പ്രവേശിക്കുകയും വീടിനു സമീപമുളള ജനാലയ്ക്കരികിൽ നിന്നുകൊണ്ട് സംഭവത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. ആക്രമണത്തെ തുടർന്ന്, പരേതൻ കട്ടിലിൽ നിന്നും താഴെവീഴുകയും ഗുരുതര പരിക്ക് ഏൽക്കുകയും, പി.ഡബ്ല്യു-2 തന്റെ സഹോദരൻ ഏകനാഥ് ജോഷിയുടെ പി.ഡബ്ല്യു-5 ട്രക്കിൽ പരേതനെ തലോജ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. പരേതന്റെ ഗുരുതരാവസ്ഥ പരിഗണിച്ച്, അയാളെ പോലീസ് കോൺസ്റ്റബിൾ മാത്രെയോടൊപ്പം പനവേലിയിലെ മുൻസിപ്പൽ ഡിസ്പൻസറിയിലേക്ക് അയച്ചു, പി.ഡബ്ല്യു-15 ഹെഡ്കോൺസ്റ്റബിൾ ആത്മാറാം പി.ഡബ്ല്യു-2ന്റെ മൊഴി രേഖപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 147, 148, 149, 307 വകുപ്പുകളിൻ കീഴിൽ ക്രൈം നമ്പർ 44/92 ആയി എഫ്.ഐ.ആറും രജിസ്റ്റർ ചെയ്തു. അതേ രാത്രി ഏകദേശം 11.30 മണിയ്ക്ക് മചീന്ദ്ര മരണത്തിന് കീഴടങ്ങുകയും എഫ്.ഐ.ആർ, -ൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 307-ാം വകുപ്പ് എന്നുള്ളത് മാറ്റി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പാക്കുകയും ചെയ്തു.

4. സബ്-ഇൻസ്പെക്ടർ ശ്രീ. ലക്ഷ്മൺ ഷെജാൾ (പി.ഡബ്ല്യു-16) അന്വേഷണം ഏറ്റെടുക്കുകയും കൃത്യസ്ഥലം സന്ദർശിക്കുകയും കരട് സ്കെച്ച് (എഗ്സിബിറ്റ് എ42) തയ്യാറാക്കുകയും ചെയ്തു. കൃത്യസ്ഥലത്ത് നിന്ന്, അയാൾ രക്തക്കറ പുരണ്ട മെത്ത (3-ാം നമ്പർ വസ്തു) യും രക്തക്കറ പുരണ്ട മണ്ണും സാമ്പിൾ ചെളിയും ശേഖരിച്ചു, ശരീരം പ്രേത പരിശോധനയ്ക്ക് അയയ്ക്കുകയും പി.ഡബ്ല്യു-14 ഡോ. രാമറാവു കെൻദ്രേ പോസ്റ്റ്മോർട്ടം നടത്തുകയും വെട്ടേറ്റ മുറിവുകൾ പോലെ ഇരുപത്താറോളം പരിക്കുകളും തലയിലും കാലിലും കൈകളിലും ശരീരമാസകലവും ചതവും ശ്രദ്ധയിൽപ്പെട്ടു. ഡോ. രാമറാവു കെൻദ്രേ മരണകാരണമായി അഭിപ്രായപ്പെട്ടത് "shock secondary to celebral contusion due to blood trauma over occipital area" എന്നാണ്.

5. 27-4-1991-ൽ പ്രതിയെ അറസ്റ്റ് ചെയ്തു. അപ്പീൽവാദി മോട്ടിറാമിന്റെ വെളിപ്പെടുത്തൽ മൊഴിയുടെ അടിസ്ഥാനത്തിൽ, ഒരു വാൾ (8-ാം നമ്പർ വസ്തു) 9-5-1992-ൽ വീണ്ടെടുത്തു. അപ്പീൽ വാദികൾ രത്തന്റെയും രാംനാഥിന്റെയും നിർദ്ദേശ പ്രകാരം വാളുകൾ (9-ാം നമ്പർ വസ്തു) 11-5-1992-ലും, 10-5-1992-ലും വീണ്ടെടുത്തു. മോട്ടോർ സൈക്കിൾ ചെയിനും ദണ്ഡുകളും മറ്റേ പ്രതിയിൽ നിന്നും വീണ്ടെടുത്തു. കെമിക്കൽ പരിശോധനാ റിപ്പോർട്ടിൽ 8-ാം നമ്പർ വസ്തുവിലും (അപ്പീൽവാദി മോട്ടിറാമിന്റെ നിർദ്ദേശത്താൽ വീണ്ടെടുത്ത വാൾ) 12-ാം നമ്പർ വസ്തുവിലും (മോട്ടോർ സൈക്കിൾ ചെയിൻ) എ ഗ്രൂപ്പ് രക്തം കണ്ടതായി വെളിപ്പെടുത്തുന്നു. അന്വേഷണം പൂർത്തിയാക്കി ഒമ്പത് പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 147, 148, 302, വകുപ്പുകൾ 149-ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം കുറ്റപത്രം ഫയൽ ചെയ്തു.

6. പ്രതികൾക്കെതിരെയുള്ള കുറ്റം തെളിയിക്കുന്നതിന്, പ്രോസിക്യൂഷൻ 16 സാക്ഷികളെയും വിസ്തരിക്കുകയും തൊണ്ടി മുതലും ലക്ഷ്യ രേഖകളും ഹാജരാക്കുകയും ചെയ്തു. ക്രിമിനൽ നടപടി നിയമ സംഹിത 313-ാം വകുപ്പ് പ്രകാരം പ്രതിയെ ബാധിക്കുന്ന തെളിവുകളെ കുറിച്ചും സാഹചര്യങ്ങളെ കുറിച്ചും ചോദ്യം ചെയ്യുകയും പ്രതി എല്ലാം നിഷേധിക്കുകയും തെറ്റായി ഉൾപ്പെടുത്തിയാതാണെന്നും ബോധിപ്പിച്ചു, തെളിവുകൾ പരിശോധിച്ചതിൽ നിന്നും പി.ഡബ്ല്യു-2-ന് ക്രിമിനൽ പശ്ചാത്തലും ഉള്ളതും, അയാളുടെ തെളിവുകൾ അവിശ്വസനീയമാണെന്നും വിചാരണ കോടതി ചൂണ്ടിക്കാണിച്ചു. കൂടാതെ പി.ഡബ്ല്യു-2-ന്റെയും പി.ഡബ്ല്യു-4-ന്റെയും സാന്നിദ്ധ്യം സംശയകരമാണെന്നും അവരുടെ തെളിവ് അവിശ്വസനീയമാണെന്നും അതുകൊണ്ട് പ്രതിയെ ശിക്ഷിക്കാൻ അത് വിശ്വാസത്തിലെടുക്കാൻ കഴിയില്ലെന്നും വിചാരണ കോടതി വിധിച്ചു. പ്രതി ചെയ്ത കുറ്റം സംശയാതീതമായി പ്രോസിക്യൂഷൻ തെളിയിക്കാത്തതിനാൽ എല്ലാ പ്രതികളെയും വെറുതെ വിടുകയാണെന്നു കൂടി വിചാരണ കോടതി വിധിച്ചു.

7. സംസ്ഥാനത്തിന്റെ അപ്പീലിൽ, പി.ഡബ്ല്യു-2 മുതൽ 4 വരെയുള്ളവരുടെ തെളിവ് പ്രതിയുടെ പ്രത്യക്ഷമായ പ്രവൃത്തി മെഡിക്കൽ തെളിവും ആയുധങ്ങളുടെ വീണ്ടെടുക്കലും വഴി പൊരുത്തമുള്ളതും ഉറപ്പാക്കുന്നതാണെന്നും ഹൈക്കോടതി വിധിച്ചു. വിചാരണകോടതിക്ക് ദൃക്സാക്ഷികളുടെ തെളിവിനെ അവിശ്വസിച്ചതിൽ തെറ്റുപറ്റിയെന്നും, വിചാരണകോടതിയുടെ ന്യായവാദങ്ങൾ വഴിതെറ്റിയതാണെന്നും ഹൈക്കോടതി വിധിച്ചു, എഫ്.ഐ.ആർ

-ന്റെ കൃത്യമായ രജിസ്ട്രേഷൻ പ്രോസിക്യൂഷൻ കേസിന് വിശ്വാസ്യത നൽകുകയും, അതിനെ മെഡിക്കൽ തെളിവും ആയുധം വീണ്ടെടുക്കലും വഴി ബലപ്പെടുത്തുകയും ചെയ്തുവെന്ന് നിരീക്ഷിച്ചുകൊണ്ട്, ഹൈക്കോടതി വിചാരണ കോടതിയുടെ വിധിന്യായം നേർ വിപരീതമാക്കുകയും മേൽ (1)-ാം ഖണ്ഡികയിൽ പറയും പ്രകാരം ശിക്ഷിക്കുകയും ചെയ്തു. പ്രതി ബാബുറാവുവിന്റെ (എ2) വെറുതെ വിടൽ ഹൈക്കോടതി നിലനിറുത്തി.

8. ഹൈക്കോടതി മുമ്പാകെ അപ്പീൽ നിലനിൽക്കുമ്പോൾ, പ്രതി റാഘോ ധർമ്മ കോലി (എ1)-ഉം രോഹിദാസ് ബൽറാം ജോഷി (എ4)-ഉം സത്യവാൻ ബാലു വാസ്ക്കറും (എ6) ധ്യാൻദിയോ സാഖറാം ജോഷിയും (എ9) മരിക്കുകയും അവർക്കെതിരെയുള്ള അപ്പീൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്യുന്നു.

9. അപ്പീൽവാദികൾക്കുവേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ. വൈ.പി.അധ്യാരുനെയും ശ്രീ. സിദ്ധാർത്ഥ് ലുത്രയെയും സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്രക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകനെയും ഞങ്ങൾ കേട്ടു, ഞങ്ങൾ ദോഷമാരോപിക്കപ്പെട്ട വിധിന്യായം പരിശോധിക്കുകയും എതിർ വാദമുഖങ്ങളും തെളിവുകളും റിക്കാർഡിലുള്ള വസ്തുക്കളും ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും ചെയ്തു.

10. മൂന്ന് ദൃക്സാക്ഷികൾ ഉണ്ട്, അതായത്, അനന്ത്, പരേതന്റെ സഹോദരൻ (പി.ഡബ്ല്യു-2) കേസരിനാഥും (പി.ഡബ്ല്യു-3) വാസുദിയേയും (പി.ഡബ്ല്യു-4). പി.ഡബ്ല്യു-2 മുതൽ 4 വരെയുള്ളവർ, പരേതൻ, സംഭവദിവസം അത്താഴത്തിനു ശേഷം മുറ്റത്ത് കട്ടിലിൽ കിടന്നതായും പി.ഡബ്ല്യു-3-ഉം 4-ഉം അയാളുടെ അടുത്തിരിന്നതായും ഒരേപോലെ പറഞ്ഞു. പി.ഡബ്ല്യു-2 അകത്ത് ആഹാരം എടുക്കാനായി പോയി. ഏകദേശം 9.30 മണിയോടെ, അപ്പീൽവാദികളും ആയുധ ധാരികളായ മറ്റു പ്രതികളും അട്ടഹസിച്ചു കൊണ്ട് അവിടേക്ക് ഓടിവന്നു. മാരകായുധധാരികളായ പ്രതികളെ കണ്ടയുടനെ, പി.ഡബ്ല്യു-3-ഉം 4-ഉം ഭയചകിതരായി വീട്ടിനകത്തേക്ക് പോയി. അപ്പീൽവാദി മോട്ടിറാം പരേതന്റെ തലയിൽ വാൾ കൊണ്ട് ആക്രമിച്ചു. അപ്പീൽവാദി രത്തൻ വാളു കൊണ്ട് പരേതന്റെ കാലുകളിൽ വെട്ടി, അപ്പീൽവാദി രാംനാഥ് വാൾ കൊണ്ട് പരേതന്റെ തലയ്ക്ക് വെട്ടി, അപ്പീൽവാദി ദേവിദാസ് കത്തികൊണ്ട് പരേതന്റെ പാദങ്ങളിലും കാലുകളിലും ആക്രമിച്ചു. പരേതനായ മചീന്ദ്രയുടെ ആർത്തനാദം കേട്ട്, പി.ഡബ്ല്യു-2 പുറത്തുവരികയും നിലവിളിക്കുകയും അയൽവാസികളെ കണ്ടപ്പോൾ, പ്രതികൾ സംഭവസ്ഥലത്ത് നിന്നും ഓടിപ്പോവുകയും ചെയ്തു. പി.ഡബ്ല്യു-2 മുതൽ 4 വരെയുള്ളവർ അപ്പീൽവാദികളുടെ മേൽ പ്രതിപാദിച്ച പ്രത്യക്ഷമായ പ്രവൃത്തിയെ കുറിച്ച് ഒരുപോലെ പറഞ്ഞു.

11. പി.ഡബ്ല്യു-2 ന്റെ മൊഴിയുടെ വിശ്വാസ്യതയെ അപ്പീൽവാദികൾ, (ശ) പി.ഡബ്ല്യു-2 വീട്ടിലുണ്ടായിരുന്നുവെങ്കിലും സഹോദരൻ മചീന്ദ്രയെ രക്ഷിക്കാൻ പോകാതെ നിശബ്ദക്കാഴ്ചക്കാരനായി നിന്നു; കൂടാതെ (ii) പി.ഡബ്ല്യു-2-ന് ക്രിമിനൽ പശ്ചാത്തലമുണ്ട് എന്നീ വാദങ്ങൾ ഉന്നയിച്ചുകൊണ്ട് നേരിട്ടു. സംഭവത്തിനു തൊട്ടു മുമ്പായി, പി.ഡബ്ല്യു-2, ഭക്ഷണം എടുക്കുന്നതിനായി വീടിനുള്ളിൽ കയറി, സഹോദരൻ മചീന്ദ്രന്റെ നിലവിളികേട്ട് പി.ഡബ്ല്യു-2 പുറത്തു വന്നു. പ്രതികൾ

എണ്ണത്തിൽ ധാരാളമായിരുന്നതിനാലും, വാളുകൾ, കത്തി, മോട്ടോർ സൈക്കിൾ ചെയിൻ, ദണ്ഡുകൾ മുതലായ മാരകായുധധാരികളായി നിൽക്കുമ്പോൾ നിരായുധരായിനിൽക്കുന്ന പി.ഡബ്ല്യു-2 സ്വാഭാവികമായും ഭയപ്പെടുകയും ഇടപെടാൻ ധൈര്യപ്പെടുകയുമില്ല. ഒരു സാക്ഷിയുടെ മൊഴി ഒരു പ്രത്യേക രീതിയിൽ അയാൾ പ്രതികരിച്ചില്ലായെന്ന കാരണത്താൽ മാത്രം അവിശ്വസിക്കേണ്ടതില്ല.

12. അതുപോലെ, പി.ഡബ്ല്യു-2-ന്റെ പരേതനുമായുള്ളബന്ധം പി.ഡബ്ല്യു-2-ന്റെ മൊഴി അവിശ്വസിക്കാൻ കാരണമാകുന്നില്ല. ബന്ധം, ഒരു സാക്ഷിയുടെ വിശ്വാസ്യതയെ ബാധിക്കുന്നതിന് ഒരു കാരണമല്ലെന്ന് സ്പഷ്ടമായി നിശ്ചയിച്ചിട്ടുള്ളതാണ്. മൊഹബത്ത്`െ സ്റ്റേറ്റ് ഓഫ് എം.പി-ൽ, (2009) 13 എസ് സി സി 630, ഈ കോടതി താഴെ പറയും പോലെ വിധിച്ചിട്ടുണ്ട്:

11. മറുവശത്ത് എതിർകക്ഷി സംസ്ഥാനത്തിന് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ഹൈക്കോടതിയുടെ വിധി ന്യായത്തെ അനുകൂലിച്ചു.

12. ദൃക്സാക്ഷികൾ കുടുംബാംഗങ്ങളാണെന്ന കാരണത്താൽ മാത്രം അവരുടെ തെളിവ് സ്വയമേവ നിരസിക്കുവാൻ പാടില്ല. താല്പര്യമുള്ളതാണെന്ന ആരോപണം ഉണ്ടെങ്കിൽ തന്നെ, ആയത് സ്ഥാപിക്കേണ്ടതാണ്. പരേതന്റെ ബന്ധുക്കളായതിനാൽ പ്രതിയെ തെറ്റായി ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ടെന്ന് മാത്രമുള്ള ഒരു മൊഴി ആയത് മറ്റ് വിധത്തിൽ പ്രബലവും വിശ്വാസയോഗ്യവുമാകുന്നതിനാൽ തെളിവ് നിരാകരിക്കാൻ കാരണമല്ല. പ്രോസിക്യൂഷൻ വിവരണത്തിനപ്പുറത്ത് സാക്ഷികളുടെ തൽപരത സംബന്ധിച്ചുള്ള തർക്കത്തിലും കൂടി ഞങ്ങൾ ഇടപെടും.

13. 5 ബന്ധുത്വം ഒരു സാക്ഷിയുടെ വിശ്വാസ്യതയെ ബാധിക്കുന്ന ഘടകമല്ല. അതിലും ഉപരിയായി ബന്ധം ഒരിക്കലും യഥാർത്ഥ കുറ്റവാളിയെ മറയ്ക്കുകയോ ഒരു നിരപരാധിയായ വ്യക്തിക്കെതിരെ ആരോപണം ഉണ്ടാക്കുകയോ ഇല്ല. തെറ്റായി ഉൾപ്പെടുത്തി എന്ന വാദം ഉന്നയിക്കുമ്പോൾ അതിന് അടിസ്ഥാനം വേണം. അങ്ങനെയുള്ള കേസ്സുകളിൽ, കോടതി സൂക്ഷ്മമായി സമീപിക്കേണ്ടതും അവ പ്രബലവും വിശ്വാസയോഗ്യവുമാണോ എന്ന് കണ്ടെത്തുന്നതിന് തെളിവുകൾ വിശകലനം നടത്തേണ്ടതുമാണ്.

സ്റ്റേറ്റ് ഓഫ് പഞ്ചാബ്`െ ജാഗിർ സിങ് (1974) 3 എസ് സി സി 277, ലെഹ്ന`െ സ്റ്റേറ്റ് ഓഫ് ഹരിയാന (2002) 3 എസ് സി സി 76 (എസ് സി സി പിപി 81-82, 5-9 ഖണ്ഡികകൾ)ഉം ഗംഗാധർ ബെഹേര`െ സ്റ്റേറ്റ് ഓഫ് ഒറിസ്സാ (2002) 8 എസ് സി സി 381 എന്നിവയിലെ തീർപ്പുകൾ അതേ പ്രഭാവത്തിലുള്ളതാണ് .

ബാബുലാൽ ഭഗവാൻ ഖാൻധാര`െ സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര (2005) 10 എസ് സി സി 404, സലീം സഹാബ്`െ സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് (2007) 1 എസ് സി സി 699 സോനേലാൽ`െ സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് (2008) 14 എസ് സി സി 692 (എസ് സി സി പിപി 695-97, 12-13 ഖണ്ഡികകൾ) മേൽ വീക്ഷണം പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

വിവിധ തീർപ്പുകളിൽ വിധിച്ചത് പോലെ, അങ്ങനെയുള്ള തെളിവുകൾ കൈകാര്യം ചെയ്യുമ്പോൾ ജൂഡീഷ്യൽ സമീപനം ജാഗ്രതയോടു കൂടിയാവണം. ബന്ധുത്വമുള്ള സാക്ഷികൾ നൽകുന്ന തെളിവ് അങ്ങനെയുള്ള സാക്ഷികൾ

ബന്ധുക്കളാണെന്ന കാരണത്താൽ മാത്രം നിരാകരിക്കണമെന്ന തർക്കം ന്യായമല്ലാത്തതാണ്.

13. പി.ഡബ്ല്യൂ-3 ന്റെയും 4-ന്റെയും തെളിവ് അവരുടെ പേരുകൾ പ്രഥമ വിവര റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ലെന്നും അവർ താല്പര്യമുള്ള സാക്ഷികളുമാണ് എന്ന കാരണം തേടി എതിരിടേണ്ടതാണ്. തീർച്ചയായും, പി.ഡബ്ല്യൂ-3ന്റെയും 4-ന്റെയും പേരുകൾ എഫ്.ഐ.ആർ-ൽ പ്രതിപാദിക്കുന്നില്ല. പരേതനായ മഹീന്ദ്രന് പോലിസ് സ്റ്റേഷനിൽ കൊണ്ടുപോകുമ്പോൾ ഗുരുതരമായി പരിക്കേറ്റിരുന്നു, സ്ഥിതി ഗുരുതരമാണെന്ന് കണ്ട് പരേതനെ പോലീസ് കോൺസ്റ്റബിൾ മാത്രയോടൊപ്പം ആശുപത്രിയിലേക്ക് അയച്ചു. പി.ഡബ്ല്യൂ-2 പരാതി നൽകുന്നതിന് പോലീസ് സ്റ്റേഷനിൽ തുടരുകയും അയാളുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തു. അയാളുടെ സഹോദരന് ഗുരുതരമായി പരിക്കേറ്റിരുന്നു, പി.ഡബ്ല്യൂ-2 അസ്വസ്ഥമായ മനസ്സോടെയും സഹോദരനെ രക്ഷിക്കാൻ ആശുപത്രിയിൽ കൊണ്ടുപോകുന്ന തിരക്കിലുമായിരുന്നു. ദൃക്സാക്ഷികളുടെ (പി.ഡബ്ല്യൂ-3-ഉം 4-ഉം)പേര് എഫ്.ഐ.ആർ-ൽ പ്രതിപാദിക്കാത്തതിന്, പി.ഡബ്ല്യൂ-2 ഏത് സ്ഥിതിയിലായിരുന്നു എന്ന സാഹചര്യം പരിശോധിക്കേണ്ടതാണ്.

14. അതിനുപുറമേ, ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുളതുപോലെ, എഫ്.ഐ.ആർ കൃത്യത്തിന്റെ എല്ലാ വിശാദംശങ്ങളും അടങ്ങുന്ന ഒരു വിജ്ഞാനകോശം അല്ല. പ്രോസിക്യൂഷൻ കേസിന്റെ എല്ലാ വിശദാംശങ്ങളും അടങ്ങുന്ന ഒരു വിജ്ഞാനകോശം ആണ് എഫ്.ഐ.ആർ എന്ന് കരുതാനാവില്ല. കൃത്യം നടന്നതിനെ സംബന്ധിച്ച് പ്രോസിക്യൂഷൻ കേസിന് സ്പഷ്ടമായ വസ്തുതകൾ ഉണ്ടെങ്കിൽ അത് മതിയാകും. എഫ്.ഐ.ആർ താമസംവിന സമർപ്പിക്കുന്നപക്ഷം, പ്രതിയോഗികളുടെയോ സക്ഷികളുടെയോ പേരുകൾ വിട്ടുകളയുന്നത് പ്രോസിക്യൂഷന് എല്ലായ്പ്പോഴും നിർണ്ണായകമാകണമെന്നില്ല. കെട്ടിച്ചമച്ചതിന്റെ സൂചനകൾ ഇല്ലായെങ്കിൽ, എഫ്.ഐ.ആർ-ൽ കൊടുത്തിരിക്കുന്നപോലെയുളള പ്രോസിക്യൂഷൻ കേസ് വെറുമൊരു ഒഴിവാക്കലിന്റെ പേരിൽ കോടതിക്ക് നിരസിക്കാൻ കഴിയില്ല. നിലവിലെ കേസിൽ, കാലതാമസമില്ലാതെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും, കൂടാതെ, എഫ്.ഐ.ആർ-ന്റെ അവിളംബിതമായ രേഖപ്പെടുത്തൽ തന്നെ പ്രോസിക്യൂഷൻ കേസിന് കൂടുതൽ ഉറപ്പു നൽകി. എഫ്.ഐ.ആർ-ന്റെ ലക്ഷ്യം നിയമത്തെ പ്രാവർത്തികമായി നിർത്തുന്നതാണ്. പ്രതിയോഗികളുടെ പേരോ സാക്ഷികളുടെ പേരോ എഫ്.ഐ.ആറിൽ ചേർക്കാൻ വിട്ടുപോകുന്നത് പ്രോസിക്യുഷൻ കേസ്സിന് നിർണ്ണായകമാകുന്നില്ല. ദൃക്സാക്ഷികളുടെ പേരുകൾ എഫ്.ഐ.ആർ-ൽ പ്രതിപാദിക്കാത്തത് പ്രോസിക്യൂഷൻ കേസ്സിനെ കഷ്ടിച്ച് നിർണ്ണായകമായി ബാധിക്കുമെന്ന് ഹൈക്കോടതി നിരീക്ഷിച്ചത് ശരിയായിരുന്നു.

15. പി.ഡബ്ല്യൂ-3-ന്റെയും 4-ന്റെയും തെളിവിനെ, പരേതനെ രക്ഷിക്കാൻ പി.ഡബ്ല്യൂ-3-ഉം 4-ഉം പോയില്ലായെന്നും പ്രതികൾ ആയുധധാരിയായി നിൽക്കുന്നത് കണ്ടപ്പോൾ രണ്ടുപേരും വീട്ടിനകത്തേക്ക് പോയി എന്നതും തീർത്തും അവിശ്വസനീയമാണെന്ന കാരണം കാണിച്ചാണ് എതിരിട്ടത്. അവരുടെ തെളിവ് വിശ്വാസയോഗ്യമല്ലെന്നും അങ്ങനെയുളള കണ്ടെത്തലിൽ ഹൈക്കോടതി ഇടപെടുന്നത് ശരിയല്ലെന്നും പ്രോസിക്യുഷൻ സാക്ഷികൾ 3-ന്റെയും 4-ന്റെയും തെളിവിലേക്കുളള കുറ്റസ്ഥാപന



5/463/18 - 5

ത്തിന്റെ അടിസ്ഥാനത്തിൽ വിചാരണ കോടതിയുടെ വിധി ശരിയാണെന്നും കൂടുതലായി ബോധിപ്പിച്ചു. അവരുടെ തെളിവിൽ, പ്രോസിക്യൂഷൻ സാക്ഷികൾ 3-ഉം 4-ഉം പറയുന്നത് നിരവധി പ്രതികൾ മാരകായുധധാരികളായി നിൽക്കുന്നത് കണ്ടപ്പോൾ ഭയചകിതരാവുകയും വീടിനകത്ത് പോയി ജനലിന്റെ അടുത്ത് നിന്ന് സംഭവം കണ്ടു എന്നുമാണ്. അവർ ആക്രമണത്തിൽ ഇടപെടുകയോ പരേതനെ രക്ഷിക്കാൻ ശ്രമിക്കുകയോ ചെയ്തില്ല എന്ന കാരണത്താൽ അവരുടെ തെളിവിനെ സംശയിക്കാൻ കഴിയില്ല. ഒരു കുറ്റത്തിന് സാക്ഷിയാകുമ്പോൾ, ഓരോ ആളും, അയാളുടെ രീതിയിൽ പ്രതികരിക്കുകയും അവരുടെ തെളിവ്, ആ സാക്ഷി ഒരു പ്രത്യേക രീതിയിൽ പ്രവർത്തിച്ചില്ല എന്ന കാരണത്താൽ സംശയിക്കാൻ സാധിക്കില്ല. പി.ഡബ്ല്യു-3-ന്റെയും 4-ന്റെയും തെളിവ്, അവർ ഒരു പ്രത്യേക രീതിയിൽ പ്രവർത്തിച്ചില്ല എന്ന കാരണത്താൽ മാത്രം സംശയിക്കാൻ സാധിക്കില്ല.

16. ഞങ്ങൾ, റാണാ പ്രതാപ് v സ്റ്റേറ്റ് ഓഫ് ഹരിയാന, (1983) 3 എസ് സി സി 327 എന്ന കേസ് ഇപ്രകാരം താഴെ നൽകുന്നത് ഫലപ്രദമാകും:-

*6. കൂടാതെ സാക്ഷികളുടെ സാന്നിദ്ധ്യവും പെരുമാറ്റവും സംശയകരമെന്നതിന് വിദ്വാനായ സെഷൻസ് ജഡ്ജി നൽകിയ മറ്റൊരു കാരണം പരേതനെ ആക്രമികളുടെ കരങ്ങളിൽ നിന്നും രക്ഷിക്കാൻ പോകാതിരുന്ന അവരുടെ പെരുമാറ്റം അസ്വാഭാവികമായതായിരുന്നു. ആ അഭിപ്രായപ്രകടനം യാഥാർത്ഥ്യമല്ല എന്ന് ഞങ്ങൾ പറയും. ഓരോ കൊലപാതകത്തിനും സാക്ഷ്യം വഹിക്കുന്ന ഓരോ ആളും അവരുടെ സ്വന്തം മാർഗ്ഗത്തിൽ പ്രതികരിക്കും. ചിലർ സംഭവസ്ഥലത്ത് സ്തബ്ധനായി സംസാരിക്കാൻ കഴിയാതെ നിന്നിടത്തു നിന്നു അനങ്ങാൻ കഴിയാതെ നിന്നു പോകും. ചിലർ ഉ ത്തമാകുകയും നിലവിളിക്കാൻ തുടങ്ങുകയും ചെയ്യും. ചിലർ സഹായത്തിനായി നിലവിളിക്കും. ചിലർ സ്വയം സംഭവസ്ഥലത്തുനിന്നും കഴിയുന്നിടത്തോളം നീങ്ങി നിൽക്കാനായി ഓടിപ്പോകും. മറ്റു ചിലർ അക്രമികളെ ഒരു പരിധിവരെ തിരിച്ചാക്രമിച്ച് ഇരയെ രക്ഷിക്കാൻ പോകും. ഓരോരുത്തരും അവരവരുടെ പ്രത്യേക രീതിയിൽ പ്രതികരിക്കും. സ്വാഭാവിക പ്രതികരണത്തിന് നിർദ്ദിഷ്ട നിയമമില്ല. ഒരു സാക്ഷിയുടെ തെളിവ് ഒരു പ്രത്യേക രീതിയിൽ പ്രതികരിച്ചില്ലായെന്ന കാരണത്താൽ നിരാകരിക്കുന്നത് പൂർണ്ണമായി യാഥാർത്ഥ്യമില്ലാതെയും ചിന്താരഹിതമാം വിധവും തെളിവ് വിവേചിച്ചറിയുന്ന താണ്.*

17. സാക്ഷികളുടെ തെളിവിന്റെ ഗുണനിരൂപണം നടത്തുമ്പോൾ, സാക്ഷിയുടെ തെളിവിന്റെ പൂർണ്ണമായ ഒരു വായനയിൽ അതിന് സത്യത്തിന്റെ ഒരു മാറ്റൊലി ഉണ്ടെന്നോ പ്രോസിക്യൂഷൻ കേസ്സുമായി യോജിക്കുന്നതാണെന്നോ കേസ്സിന്റെ പൊതു ഉദ്ദേശ്യത്തിനെതിരാണോ എന്ന ഒരു സമീപനത്തിലായിരിക്കണം. അവരുടെ തെളിവിനെ അവർ എതിർ വിരോധ പക്ഷക്കാരാണ് എന്ന കാരണത്താൽ മാത്രം സംശയിക്കാൻ പാടില്ല. അതിന് ആവശ്യമായതെല്ലാം അവരുടെ തെളിവ് സൂക്ഷ്മ പരിശോധന നടത്തേണ്ടത് സൂക്ഷ്മതയോടെയും ജാഗ്രതയോടെയും ആകണമെന്നതാണ്. പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4 വരെയുള്ളവരുടെ തെളിവ് പരിശോധിക്കുമ്പോൾ, അവരുടെ തെളിവ് പൊരുത്തമുള്ളതും വിശ്വാസയോഗ്യവുമാണെന്ന് ഹൈക്കോടതി കണ്ടെത്തി. ഒരു

വ്യത്യസ്തമായ കാഴ്ചപ്പാട് എടുക്കാൻ ഞങ്ങൾ യാതൊരു കാരണവും കാണുന്നില്ല.

18. പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4 വരെയുള്ളവരുടെ തെളിവ് മെഡിക്കൽ തെളിവിനാൽ സ്ഥിരീകരിച്ചു. കൂടുതലായി, പത്തൊമ്പത് മുതൽ പതിനാലു വരെ പരിക്കുകൾ വാളുകൾ (8-ഉം 9-ഉം വസ്തുക്കൾ) കൊണ്ട് സംഭവിച്ചതാകാമെന്ന് പി.ഡബ്ല്യു-14 അഭിപ്രായപ്പെട്ടു. പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4 വരെയുള്ളവരുടെ വാക്കാൽ തെളിവ് മെഡിക്കൽ തെളിവിനാൽ സ്ഥിരീകരിച്ചു. പ്രോസിക്യൂഷൻ സാക്ഷി 14 ഡോ. രാമറാവു പോസ്റ്റ്മോർട്ടം നടത്തിയപ്പോൾ അരവയറിലുള്ള ചോറ് ദഹിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടു. പ്രോസിക്യൂഷൻ സാക്ഷി 14, പരേതൻ മരിക്കുന്നതിന് 2 മണിക്കൂർ മുമ്പാണ് അവസാന ആഹാരം കഴിച്ചതെന്ന് അഭിപ്രായപ്പെടുകയും, അതു വീണ്ടും പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4വരെയുള്ളവരുടെ തെളിവുമായി പൊരുത്തപ്പെടുന്നു. പ്രോസിക്യൂഷൻ സാക്ഷി-14-ന്റെ മെഡിക്കൽ തെളിവ് പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4 വരെയുള്ളവരുടെ തെളിവിന് ഉറപ്പു നൽകുന്നു.

19. പ്രതിയിൽ നിന്നും ആയുധങ്ങൾ വീണ്ടെടുത്തുകൊണ്ട് പ്രോസിക്യൂഷൻ കേസ് കൂടുതൽ ദൃഢമാക്കി. അപ്പീൽവാദി മോട്ടിറാമിന്റെ വെളിപ്പെടുത്തൽ മൊഴിയുടെ അടിസ്ഥാനത്തിൽ, ഒരു വാൾ (8-ാം നമ്പർ വസ്തു) വീണ്ടെടുക്കുകയും അപ്പീൽവാദി രത്തന്റെ നിർദ്ദേശത്താൽ മറ്റൊരു വാൾ (9-ാം നമ്പർ വസ്തു) വീണ്ടെടുക്കുകയും, അപ്പീൽവാദി രാമനാഥിന്റെ വെളിപ്പെടുത്തൽ മൊഴിയുടെ അടിസ്ഥാനത്തിൽ മറ്റൊരു വാളും വീണ്ടെടുത്തു. രാസപരിശോധനാ റിപ്പോർട്ട് (എഗ്സിബിറ്റ് എ32) സംഭവസ്ഥലത്ത് നിന്നും പിടിച്ചെടുത്ത വിരിപ്പിൽ എ' ഗ്രൂപ്പ് രക്തം കണ്ടെത്തിയതായി കാണിക്കുന്നു. അപ്പീൽവാദികൾ മോട്ടിറാമിന്റെ (8-ാം നമ്പർ വസ്തു) വും രത്തൻ (9-ാം നമ്പർ വസ്തു) വും വെളിപ്പെടുത്തൽ മൊഴിയുടെ അടിസ്ഥാനത്തിൽ വീണ്ടെടുത്ത വാളുകളിലും എ' ഗ്രൂപ്പ് രക്തമുണ്ടായിരുന്നതായി കണ്ടു പിടിച്ചു.

20. പരേതന്റെ തുടകളിലും കാലുകളിലും ചെളി പുരണ്ടത് പ്രോസിക്യൂഷൻ സാക്ഷി 14 ഡോ. രാമറാവുവിന്റെ ശ്രദ്ധയിൽപ്പെട്ടു. അപ്പീൽവാദികളുടെ വിദ്വാനായ സീനിയർ അഭിഭാഷകൻ പരേതന്റെ ശരീരത്തിലെ ചെളിയുടെ സാന്നിദ്ധ്യത്തിന്റെ കാഴ്ചപ്പാടിൽ കൃത്യസ്ഥലവും സമയവും ഗുരുതര സംശയം ജനിപ്പിക്കുന്നുവെന്നും മരണമടഞ്ഞ മചീന്ദ്രയുടെ വീടിന്റെ മുറ്റത്ത് കൃത്യം നടന്നു എന്നതിന് സാദ്ധ്യതയില്ലായെന്നും ബോധിപ്പിച്ചു. ഒന്നിലധികം എ' ഗ്രൂപ്പ് (പരേതന്റെ രക്ത ഗ്രൂപ്പ്), രക്തത്തിന്റെ സാന്നിദ്ധ്യം വീണ്ടെടുത്ത ആയുധങ്ങളിലുണ്ടായത് പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4 വരെയുള്ളവരുടെ തെളിവിനെ ദൃഢമാക്കുന്നതും പ്രോസിക്യൂഷൻ കേസ്സിനെ ശക്തിപ്പെടുത്തുന്നതുമാണ്. ഒന്നിലധികം കാരണങ്ങളാൽ അങ്ങനെ ബോധിപ്പിച്ചത് സ്വീകരിക്കാൻ അർഹതയില്ല. ഒന്നാമതായി, നേരത്തെ സൂചിപ്പിച്ചത് പോലെ, 16-ാം പ്രോസിക്യൂഷൻ സാക്ഷി ലക്ഷ്മൺ ഷെജാൾ, അന്വേഷണ ഉദ്യോഗസ്ഥൻ, രക്തക്കറ പുരണ്ട വിരിപ്പും (3-ാം നമ്പർ വസ്തു) രക്തക്കറ പുരണ്ട ചെളിയും ചെളിയുടെ സാമ്പിളും, സംഭവസ്ഥലത്തു നിന്നും, അതായത് പരേതന്റെ വീടിന്റെ മുറ്റത്ത് നിന്ന് വീണ്ടെടുത്തു. രാസപരിശോധനാ റിപ്പോർട്ട് (എഗ്സിബിറ്റ് എ 32),

വിരിപ്പിൽ 'എ' ഗ്രൂപ്പ് രക്തത്തിന്റെ സാന്നിദ്ധ്യം കാണിക്കുന്നു. സംഭവത്തെ കുറിച്ച് പറയുമ്പോൾ, ആക്രമണത്തിനു ശേഷം, പരേതൻ കട്ടിലിൽ നിന്നും താഴെവീണുവെന്ന് ദൃക്സാക്ഷികൾ പറയുകയും അതിനിടയിൽ പരേതന്റെ തുടകളിലും കാലുകളിലുമുള്ള ചെളി പുരണ്ടതാകാം. അതുകൊണ്ട് തുടകളിലും കാലുകളിലുമുള്ള ചെളിയുടെ സാന്നിദ്ധ്യം പ്രോസിക്യൂഷൻ കേസ്സിൽ സംശയങ്ങൾ ഉയർത്തുന്നില്ല. ഇതു സംബന്ധിച്ച് അപ്പീൽവാദികൾ ബോധിപ്പിച്ചത്, ഹൈക്കോടതി അതിന്റെ വിധിന്യായത്തിന്റെ 42-ാം ഖണ്ഡികയിൽ വളരെ വിശദമായി പരിശോധിച്ചു. ഹൈക്കോടതി ശരിയായി നിരീക്ഷിച്ചപോലെ, അപ്രകാരം മുഴുവൻ പ്രോസിക്യൂഷൻ കേസ്സിനേയും അവിശ്വസിക്കുന്നതിനും നിരാകരിക്കുന്നതിനും വസ്തുതയ്ക്ക് പ്രാധാന്യം നൽകുന്നത് തികച്ചും നിസ്സാരമാണ്.

21. നിർബന്ധിതവും ദൃഢവുമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രം, ഹൈക്കോടതിക്ക് വെറുതെ വിട്ടുകൊണ്ടുള്ള ഉത്തരവിൽ ഇടപെടാൻ സാധിക്കുന്നതും നിലവിലെ കേസിൽ വെറുതെ വിട്ടുകൊണ്ടുള്ള ഉത്തരവ് നേരെ വിപരീതമാക്കാൻ അങ്ങനെയുള്ള യാതൊരു നിർബന്ധിതമായ സാഹചര്യ ങ്ങളോ വിചാരണകോടതിയുടെ വിധി ന്യായത്തിൽ പ്രകടമായ തെറ്റുകളോ ഇല്ലായെന്ന് അപ്പീൽ വാദികളുടെ വിദ്വാനായ മുതിർന്ന അഭിഭാഷകൻ വാദിച്ചു.

22. വെറുതെവിട്ടുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ഒരു അപ്പീലിൽ, സാക്ഷികളെ കേൾക്കുന്നതിനും കാണുന്നതിനും അവസരമുള്ള വിചാരണകോടതിയുടെ കണ്ടെത്തലുകൾ അപ്പീൽ കോടതി വിഘ്നപ്പെടുത്തുന്നത് കരുതലോടെ വേണമെന്ന് വ്യക്തമായി വിവക്ഷിച്ചിട്ടുണ്ട്. വെറുതെവിട്ടുകൊണ്ടുള്ള ഉത്തരവിനെതിരെയുളള ഒരു അപ്പീലിൽ, തെളിവുകൾ പുനർമൂല്യം ചെയ്യുന്നതിനോ മറ്റൊരു കാഴ്ചപ്പാട് എടുക്കുന്നതിനോ തടസ്സമില്ല, എന്നാൽ, വെറുതെവിട്ടുകൊണ്ടുള്ള ഉത്തരവ് നേരെ വിപരീതമാക്കുന്നതിന് ശക്തമായ സാഹചര്യങ്ങൾ ഉണ്ടായിരിക്കണം. വെറുതെവിട്ടു കൊണ്ടുള്ള ഉത്തരവിനെ തിരെയുള്ള അപ്പീലിൽ, അപ്പീൽ കോടതി നീതിനിർവ്വഹണച്യുതി ഒഴിവാക്കുന്നതിന് പരമമായ പരിഗണന നൽകേണ്ടതാണ്.

23. വെറുതെവിട്ടുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ഒരു അപ്പീലിൽ, അപ്പീൽ കോടതിയുടെ അധികാരത്തിന്റെ വ്യാപ്തി പരിശോധിക്കുന്ന വേളയിൽ, നിരവധി വിധിന്യായങ്ങൾ പരാമർശിച്ചതിന് ശേഷം, ചന്ദ്രപ്പാ് െ സ്റ്റേറ്റ് ഓഫ് കർണ്ണാടക (2007) 4 എസ് സി സി 415-ൽ, ഈ കോടതി അടിസ്ഥാന തത്വം താഴെപറയും പ്രകാരം സംഗ്രഹിക്കുന്നു:-

> 42. മേൽ തീർപ്പുകളിൽ നിന്നും, ഞങ്ങൾ പരിഗണിച്ച കാഴ്ചപ്പാടിൽ, വെറുതെ വിട്ടുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ഒരു അപ്പീൽ കൈകാര്യം ചെയ്യുമ്പോൾ അപ്പീൽ കോടതിയുടെ അധികാരത്തെ സംബന്ധിച്ച് താഴെപ്പറയുന്ന പൊതു തത്വങ്ങൾ ഉയർന്നുവരുന്നു:-
>
> (1) വെറുതെ വിടുന്ന ഉത്തരവിന് അടിസ്ഥാനമാകുന്ന തെളിവുകൾ പുന:പരിശോധിക്കാനും പുനർമൂല്യം ചെയ്യുന്നതിനും പുനരവലോക നം നടത്തുന്നതിനും അപ്പീൽ കോടതിക്ക് സമ്പൂർണ്ണ അധികാരമുണ്ട്.

(2) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത അങ്ങനെയുള്ള അധികാരത്തിന്റെ വിനിയോഗത്തിേ ൽ നിബന്ധനയോ, യാതൊരു പരിധിയോ നിയന്ത്രണമോ ഏർപ്പെടുത്തുന്നില്ലാ യെന്നും അപ്പീൽ കോടതി, അതിന്റെ മുമ്പാകെയുള്ള തെളിവിന്മേൽ, വസ്തുതകളുടെയും നിയമത്തിന്റെയും പ്രശ്ന വിഷയങ്ങളിൽ അതിന് അതിന്റെ തീർപ്പിലേക്ക് എത്താവുന്നതാണ്.

(3) സാരവത്തായതും നിർബന്ധിത വുമായ കാരണങ്ങൾ ഉത്തമവും മതിയായ കാരണങ്ങൾ അതിശക്ത മായ സാഹചര്യങ്ങളിൽ , വളച്ചൊടിച്ച തീരുമാനങ്ങൾ പ്രകടമായ തെറ്റുകൾ മുതലായ അത്തരം കുറ്റവിമോചന ത്തിനെതിരെയുള്ള അപ്പീലിൽ അപ്പീൽ കോടതിയുടെ വിവിധ പദപ്രയോഗങ്ങൾ, വിശാലമായ അധികാരങ്ങൾ വെട്ടി ക്കുറയ്ക്കാൻ ഉദ്ദേശിച്ചുള്ളതല്ല. അങ്ങനെയുള്ള പദവിന്യാസങ്ങൾ കൂടുതലും, വാചകാലങ്കാരത്തിന്റെ രീതിയിൽ, തെളിവ് പുന:പരിശോധി ക്കുകയും അതിന്റെ തീരുമാനത്തിൽ എത്തിച്ചേരുന്നതിനുള്ള കോടതിയുടെ അധികാരം വെട്ടിക്കുറയ്ക്കുന്ന തിനെക്കാൾ കുറ്റ വിമോചനത്തിൽ ഇടപെടുന്നതിന് ഒരു അപ്പീൽ കോടതിയുടെ വിമുഖതയിൽ ഊന്നൽ നൽകുന്നു.

(4) ഒരു അപ്പീൽ കോടതി, എങ്ങനെയായാലും, കുറ്റവിമോചന ത്തിന്റെ സംഗതിയിൽ, പ്രതിക്ക് അനുകൂലമായി ഇരട്ടി അനുമാന മുണ്ടെന്ന് മനസ്സിൽ കരുതേണ്ടതാണ്. ഒന്നാമതായി, ഒരു ക്ഷമതയുള്ള കോടതിയാൽ അയാൾ കുറ്റക്കാര നാണെന്ന് തെളിയിക്കപ്പെടാത്ത പക്ഷം, ഓരോ ആളും നിരപരാധിയാണെന്ന് അനുമാനിക്കേണ്ടതാണെന്ന ക്രിമിനൽ ജൂറിസ്പ്രൂടൻസിന്റെ അടിസ്ഥാന തത്വത്തിന്റെ കീഴിൽ നിരപരാധി യാണെന്ന അനുമാനം അയാൾക്ക് ലഭ്യമാണ്. രണ്ടാമതായി, പ്രതി അയാളുടെ കുറ്റവിമോചനം സുനിശ്ചിത മാക്കുന്നതു വഴി, വിചാരണകോടതി അയാൾ നിരപരാധിയാണെന്ന അനുമാന ത്തിന്, കൂടുതൽ ഊന്നൽ നൽകുകയും ദൃഢീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നു.

(5) റിക്കാർഡിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ രണ്ട് ന്യായമായ തീരുമാനങ്ങൾ സാധ്യമാണെങ്കിൽ, അപ്പീൽ കോടതി, വിചാരണകോടതി കുറ്റവിമോചനത്തിനായി രേഖ പ്പെടുത്തിയ കണ്ടെത്തൽ തടസ്സപ്പെടു ത്താൻ പാടില്ല .

24. കല്ലു ഏലിയാസ് മാസിഹും മറ്റുള്ളവരും *vs* സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ്-ൽ (2006) 10 എസ് സി സി 313, ഈ കോടതി താഴെ പറയും പ്രകാരം വിധിച്ചു:-

8. കുറ്റവിമോചനത്തിനെതിരെയുള്ള അപ്പീൽ തീരുമാനിക്കു മ്പോൾ, അപ്പീൽ കോടതിയുടെ അധികാരം കുറ്റസ്ഥാപന ത്തിന്മേലുള്ള അപ്പീലുകൾ കേൾക്കു മ്പോൾ വിനിയോഗിക്കുന്ന അധികാര ത്തെക്കാൾ കുറവല്ല. ഈ രണ്ടു തരത്തിലുള്ള അപ്പീലുകളിലും, മുഴുവൻ തെളിവും പുന:പരിശോധിക്കാനുള്ള അധികാരം നിലനിൽക്കും. എങ്ങനെ യായാലും, ഒരു ശ്രദ്ധേയമായ വ്യത്യാസം, ഒരു വിചാരണ കോടതിയുടെ വിധിന്യായം തെളിവിനെ അടിസ്ഥാന മാക്കി എടുത്ത കാഴ്ചപ്പാട് ന്യായവും സത്യവുമാകുന്നിടത്ത്, ഒരു അപ്പീൽ ക്കോടതി ഒരു കുറ്റവിമോചന

ഉത്തരവിൽ ഇടപെടാൻ പാടില്ല. വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് സാധ്യമാണെന്ന കാരണത്താൽ മാത്രം വിചാരണകോടതിയുടെ തീരുമാനം നേരെ വിപരീതമാക്കാൻ പാടില്ല. പ്രതിക്ക് അനുകൂലമായി നിരപരാധി യാണെന്ന അനുമാനമുണ്ടെന്നും പ്രതിക്ക് ഏതെങ്കിലും സംശയത്തിന്റെ ആനു കൂല്യം ലഭിക്കാൻ അർഹതയുണ്ടെന്നും കൂടി അപ്പീൽ കോടതി മനസ്സിൽ കരുതേണ്ടതാണ്. എന്നുമാത്രമല്ല, ഇടപെടാനായി അത് തീരുമാനിക്കുന്ന പക്ഷം, വിചാരണ കോടതിയുടെ തീരുമാനത്തിൽ നിന്നും വിയോജിക്കുന്ന തിനുള്ള കാരണങ്ങൾ അത് നിർണ്ണയി ക്കേണ്ടതാണ്.

25. നിലവിലെ ഈ കേസ്സിൽ, ഹൈക്കോടതി വിധിച്ചതുപോലെ, വിചാരണകോടതി തെളിവുകൾ മതിയായ രീതിയിൽ വിവേചിച്ചറിഞ്ഞില്ലെന്നും അതിന്റെ കണ്ടെത്തലുകൾ വിപരീതവു മായിരുന്നു. വിചാരണകോടതിയുടെ സമീപനം വിപരീതമാകുമ്പോൾ, കുറ്റ വിമോചന ഉത്തരവിനെതിരെയുള്ള ഒരു അപ്പീലിൽ, തെളിവ് പുനർ വിവേചി ച്ചറിയുന്നതിന് ഹൈക്കോടതിയ്ക്ക് ഒരു ചുമതല ഉണ്ട്. പരേതന് 26-ഓളം പരിക്കുകൾ പറ്റി. 1 മുതൽ 3 വരെ പ്രോസിക്യൂഷൻ സാക്ഷികൾ സംഭവ ത്തെകുറിച്ച് യോജിപ്പോടെ സംസാരി ക്കുകയും അപ്പീൽവാദികൾ മാരകായുധ ധാരികളായിരുന്നതും അപ്പീൽവാദികളുടെ പ്രത്യക്ഷ പ്രവൃത്തികൾ മെഡിക്കൽ തെളിവുമായി യോജിക്കുന്നതും അപ്പീൽവാദി/ പ്രതികളിൽ നിന്നും ആയുധം വീണ്ടെടുക്കുക കൂടി ചെയ്തു. ഹൈക്കോടതി നീരീക്ഷിച്ചതുപോലെ, വിചാരണകോടതി അപ്രധാനമായ നീരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകി യതുപോലെ, ശരീരത്തിലെ തുടകളും കാലുകളും ചെളി പുരണ്ടതും സാക്ഷി കളുടെ പെരുമാറ്റം എന്ത്കൊണ്ട് അവർ ഒരു പ്രത്യേക രീതിയിൽ പെരുമാറിയി ല്ലായെന്നും, അങ്ങനെ ചെയ്യുമ്പോൾ, വിചാരണകോടതി പ്രോസിക്യൂഷൻ കേസ്സിന്റെ കാതൽ വിവേചിച്ചറിയുന്നതിൽ പരാജയപ്പെട്ടു. ഹൈക്കോടതിയ്ക്കും, വിചാരണ കോടതിക്ക് തെറ്റ് പറ്റിയെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, വിചാരണകോടതി രേഖപ്പെടുത്തിയ കുറ്റവിമോചന ഉത്തരവ് നേർ വിപരീതമായി വിധിച്ചു. ഞങ്ങൾ ഹൈക്കോടതി വിധിന്യായത്തിൽ ഇടപെടാൻ മതിയായ കാരണം കാണുന്നില്ല.

26. ഫലത്തിൽ, അപ്പീൽ വാദിക്കെതിരെ യുള്ള ഐ.പി.സി-യിലെ .302-ാം വകുപ്പ് ഐ.പി.സി-യിലെ 149-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള ശിക്ഷാവിധി സ്ഥിരീകരിക്കുകയും അവരിൽ ഓരോ രുത്തർക്കും ചുമത്തിയ ജീവപര്യന്തം തടവും സ്ഥിരീകരിക്കുകയും ഈ അപ്പീൽ തള്ളുകയും ചെയ്യുന്നു.

*———*

# ഹൈക്കോടതി വിധിന്യായങ്ങൾ

# ബഹു.കേരള ഹൈക്കോടതി മുമ്പാകെ

ബഹു.ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു

കെ. യു. ജോസഫ്

*Vs*

ബാർ കൗൺസിൽ ഓഫ് കേരള

റിട്ട് പെറ്റീഷൻ (സി) നം. 18547/2008 (ജി)

2017 ഒക്ടോബർ 4–ന് വിധികല്പിച്ചത്.

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**ക്ഷേമനിധിയിൽ തുടക്കത്തിൽ ഒരാൾക്ക് അംഗമാകാൻ കഴിഞ്ഞില്ലെങ്കിലും, സർക്കാർ ഉദ്യോഗത്തിൽ നിന്നും വിരമിച്ചശേഷം അഭിഭാഷകനായി അയാൾക്ക് റീ-എൻറോൾ ചെയ്യുന്നതിന് അയാൾ പിൻവലിച്ച തുക മടക്കി നൽകണമെന്ന് ബാർ കൗൺസിലിനു നിർബന്ധിക്കുവാൻ സാധിക്കുമോ എന്നതാണ് ഈ കേസിലെ തർക്കവിഷയം. അയാൾ നേരത്തെ പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നത് ബാർ റോളിലെ അയാളുടെ പുനഃപ്രവേശനത്തിനുളള മുൻ ഉപാധി ആകുന്നത് വൈരുദ്ധ്യമാണെന്ന് ചട്ടം നിർബന്ധിക്കുന്നു, എന്നാൽ ആക്റ്റ് നിരസിക്കുന്നു. ആക്റ്റ് നിലനിൽക്കുന്നതാണെന്ന് എന്നത് അറിയപ്പെടുന്ന കാര്യമാണ്.**

### വിധിന്യായം

*ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു*

**ആമുഖം:**

1. ഒരു അഭിഭാഷകൻ സുരക്ഷിതമായ തൊഴിൽ ലഭിച്ചുകഴിയുമ്പോൾ, പ്രൊഫഷൻ ഉപേക്ഷിക്കുകയും, സർക്കാർ ഉദ്യോഗത്തിൽ പ്രവേശിക്കുകയും, ഒടുവിൽ വിരമിക്കുമ്പോൾ, നിയമവൃത്തിയിലേക്ക് തിരികെ വരാൻ ആഗ്രഹിക്കുകയും ചെയ്യും. അയാൾ പ്രൊഫഷൻ വിട്ടുപോകുമ്പോൾ, അയാൾ അയാളുടെ പേര് ബാർ റോളിൽ നിന്നും നീക്കം ചെയ്യും, അതുകൂടാതെ അയാൾ അഭിഭാഷക ക്ഷേമനിധിയിലേക്ക് എന്തു സംഭാവന നൽകിയിട്ടുണ്ടോ ആയതും അയാൾക്ക് ലഭിക്കും

2. സ്റ്റാറ്റ്യൂട്ടിന്റെ ഒരു ഭാഗം, ഒരു മുൻ അഭിഭാഷകൻ പുനഃപ്രവേശനം തേടുമ്പോൾ ക്ഷേമനിധിയിൽ നിന്ന് പിൻവലിച്ച തുക പലിശസഹിതം തിരിച്ചടക്കണം എന്ന് നിഷ്കർഷിക്കുന്നു. സ്റ്റാറ്റ്യൂട്ടിന്റെ മറ്റൊരു ഭാഗം, മുൻ സർക്കാർ ഉദ്യോഗസ്ഥൻ ക്ഷേമനിധിയിൽ അംഗമാകുന്നത് തടയുന്നു.

*ചോദ്യം:*

3. ക്ഷേമനിധിയിൽ തുടക്കത്തിൽ അയാൾക്ക് ഒരു അംഗമാകാൻ കഴിഞ്ഞില്ലെങ്കിലും, സർക്കാർ ഉദ്യോഗത്തിൽ നിന്നും വിരമിച്ചശേഷം അഭിഭാഷകനായി അയാൾക്ക് റീ-എൻറോൾ ചെയ്യുന്നതിന് അയാൾ പിൻവലിച്ച തുക മടക്കി നൽകണമെന്ന് ബാർ



5/463/18 - 6

കൗൺസിലിനു നിർബദ്ധിക്കുവാൻ സാധിക്കുമോ?

*വിവാദവിഷയം*

4. പരാതിക്കാരൻ ജോസഫ് ഒരു നിയമബിരുദധാരിയും അഭിഭാഷകനും, 18-10-1987 നും 06-10-1995 നും ഇടയിൽ കോട്ടയം ജില്ലയിലെ പാലാ ബാറിൽ പ്രാക്ടീസ് ചെയ്യുകയുമായിരുന്നു. പിന്നീട്, അയാൾ സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചു, വില്പന നികുതി ആഫീസറായി തെരഞ്ഞെടുക്കപ്പെടുകയും, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുകയും 31-12-2007-ൽ വിരമിക്കുകയും ചെയ്തു.

5. സർക്കാർ സർവ്വീസിൽ പ്രവേശിച്ചയുടൻ, ജോസഫ്, ബാർകൗൺസിൽ ഓഫ് കേരളയോട് അയാളുടെ പേര് അഭിഭാഷകരുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യാൻ ആവശ്യപ്പെടുകയും ബാർ കൗൺസിൽ അപ്രകാരം ചെയ്യുകയും ചെയ്തു. അത് എഗ്സിബിറ്റ് പി-1 മുഖേന അയാളുടെ പേര് 06.10.1995 മുതൽ നീക്കം ചെയ്തു. അയാളുടെ അപേക്ഷ പ്രകാരം, ബാർ കൗൺസിൽ ഓഫ് കേരള അഭിഭാഷക ക്ഷേമനിധിയിലുള്ള ജോസഫിന്റെ വിഹിതമായ 37,500/- രൂപയും നൽകി.

6. അയാൾ വിരമിച്ച ശേഷം, 18-2-2004 -ൽ ജോസഫ് റീ-എന്റോൾമെന്റിന് അപേക്ഷിച്ചു. മറുപടിയായി, ബാർ കൗൺസിൽ, 13.03.2008 തീയതിയിലെ എഗ്സിബിറ്റ് പി3 മുഖേന, അയാൾ അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പിൻവലിച്ച മുഴുവൻ തുകയും 12% പലിശയോടു കൂടി തിരിച്ചടക്കുന്ന പക്ഷം, ജോസഫിന് പുന: പ്രവേശനം ലഭിക്കുന്നതാണെന്നറിയിച്ചു. ബാർ കൗൺസിലിന്റെ ഈ ആധികാരികമായ ഉത്തരവ് എതിർത്തുകൊണ്ട് ജോസഫ് ഈ റിട്ട് ഹർജി ഫയൽ ചെയ്തു.

**തർക്കങ്ങൾ:**

*പരാതിക്കാരന്റെ:*

7. ശ്രീ. സി. ജെ. ജോയ്, പരാതിക്കാരന്റെ വിദ്വാനായ അഭിഭാഷകൻ, സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളിൽ കൂടി എന്നെ കൊണ്ടുപോയി. ജോസഫ് പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന വിരമിച്ച ഒരു ഉദ്യോഗസ്ഥൻ ആണെന്നിരിക്കെ, ഫണ്ടിലെ ഒരു അംഗമായിപ്രവേശിപ്പിക്കാൻ യോഗ്യനല്ലായെന്നും ഫണ്ടിൽ അംഗത്വം വീണ്ടെടുക്കാൻ അനുവദിക്കാവുന്നതല്ലെന്നും സമർത്ഥിച്ചുകൊണ്ട് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 15-ാം വകുപ്പിലേക്ക് എന്റെ ശ്രദ്ധ ആകർഷിച്ചു. അയാൾ പറയുന്നതു പ്രകാരം ആ സ്റ്റാറ്റ്യൂട്ടറി വിലക്ക് വകവയ്ക്കാതെ ജോസഫ് നേരത്തെ നിയമാനുസൃതം പിൻവലിച്ച മുഴുവൻ തുകയും 12% പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന എഗ്സിബിറ്റ് പി 3 മുഖാന്തിരം ബാർ കൗൺസിലിൽ നിർബന്ധിച്ചത്, മൊത്തമായും അന്യായവും നിയമവിരുദ്ധവും നിലനിൽക്കുന്നതുമല്ല.

8. ഒരംഗം അയാളുടെ അംഗത്വം സസ്പെന്റ് ചെയ്യുന്നതിനേക്കാൾ റോളിൽ നിന്നും നീക്കം ചെയ്യുന്നതിന്റെ അനന്തരഫലങ്ങളെപ്പറ്റി അറിയേണ്ടതാണെന്ന മുൻ ഉപാധിയെ സംബന്ധിച്ച്, 1979-ലെ ബാർ കൗൺസിൽ ഓഫ് കേരള ചട്ടങ്ങളിലെ അദ്ധ്യായം ഢ -ൻ കീഴിലെ 4 (എ) ചട്ടത്തിലെ (ബി സി കെ ചട്ടങ്ങൾ ) മുൻ ഉപാധി ചുമത്തുന്നത് 2007 -ൽ മാത്രമാണ് പ്രാബല്യത്തിൽ വന്നത്, എന്നാൽ ജോസഫിന്റെ പേര് പട്ടികയിൽ നിന്നും 1995-ൽ നീക്കം ചെയ്തതായി ശ്രീ. ജോയി തർക്കിച്ചു.

9. 1961 -ലെ അഡ്വക്കേറ്റ്സ് ആക്റ്റിലെ 28.ാം വകുപ്പിൻ കീഴിലെ ബാർ കൗൺസിലിന്റെ ചട്ടം നിർമ്മിക്കാനുള്ള അധികാരത്തിന്

അപ്പുറമാണ് ബി സി കെ ചട്ടങ്ങളിലെ അദ്ധ്യായം ഢ -ലെ 4(എ) ചട്ടം എന്ന് ശ്രീ. ജോയ് ബദലായി ബോധിപ്പിച്ചു. അയാൾ പറയുന്നതുപ്രകാരം, ബാർ കൗൺസിൽ അതിനെ ഭരമേല്പ്പിച്ച അധികാരം വിനിയോഗിക്കുന്നത്, ആക്റ്റിന്റെ ഉദ്ദേശ്യം വ്യാപിപ്പിക്കുന്നതിനു മാത്രവും, എന്നാൽ, യോഗ്യനായ ഒരാളെ ഒരു അഭിഭാഷകനായി എൻറോൾ ചെയ്യുന്നതിൽ നിന്നും തടയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്താതിരിക്കുന്നതിനും കൂടിയാണ്.

**എതിർകക്ഷികളുടെ**

10. മറുവശത്ത്, ബാർ കൗൺസിൽ ഓഫ് കേരളയ്ക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ ഗ്രേഷ്യസ് കുര്യാക്കോസ്, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (കെ.എ.ഡബ്ല്യൂ.എഫ് ആക്റ്റ്) ഹിതകരമായ സ്ഥിതിയെ കുറിച്ചും ബാർ കൗൺസിൽ ഓഫ് കേരള ചട്ടങ്ങളെ സംബന്ധിച്ചും (ബി സി കെ ചട്ടങ്ങൾ) വിശദമായ സമർപ്പണങ്ങൾ നൽകി. കേരള അഭിഭാഷക ക്ഷേമനിധി ചട്ടത്തിലെ 5 (1) ഉം (2) ഉം ചട്ടങ്ങളിലേക്കും ബാർ കൗൺസിൽ ഓഫ് കേരള ചട്ടങ്ങളിലെ (കെ.എ.ഡബ്ല്യൂ. എഫ് ചട്ടങ്ങൾ) അദ്ധ്യായം - ഢ -ൻ കീഴിലെ 4 (എ) ചട്ടത്തിലേക്കും അതുപോലെതന്നെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 16-ാം വകുപ്പിലേക്കും ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു.

11. വിശദമാക്കുന്നതിനായി, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് മറ്റു കാര്യങ്ങൾക്കൊപ്പം, അഭിഭാഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുളള എൻറോൾ ചെയ്ത അഭിഭാഷകരുടെ കർത്തവ്യങ്ങളും ബാർ കൗൺസിലിന്റെ കടമയും വ്യക്തമായി പറയുന്ന ഒരു പൂർണ്ണ സംഹിതയാണ്. ജോസഫിന്, ഒന്നുകിൽ അയാളുടെ അംഗത്വം, പ്രാക്ടീസ് പുനരാരംഭിക്കുന്നതു വരെ സസ്പെൻഡ് ചെയ്യുക അല്ലെങ്കിൽ റോളിൽ നിന്നും പൂർണ്ണമായി അയാളെ നീക്കം ചെയ്യുക എന്നീ രണ്ട് പോംവഴികൾ തുടക്കത്തിൽ ഉണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് ശ്രീ കുര്യാക്കോസ് തർക്കിച്ചത്. ഒടുവിൽ പറഞ്ഞത് അയാൾ സ്വീകരിച്ചു അയാളുടെ അംഗത്വം സസ്പെൻഡ് ചെയ്തതിനുശേഷം ജോസഫ് റോളിൽ തുടർന്നിരുന്നെങ്കിൽ തുക മടക്കി നൽകാൻ ബാർ കൗൺസിലിന് യാതൊരു അവസരവും ഇല്ലാതാകുന്നതും, ഇപ്പോൾ 12% പലിശ സഹിതം മുഴുവൻ തുകയും തിരികെ അടയ്ക്കാൻ ജോസഫിനോട് നിർബന്ധിക്കുന്നതുമാണ്.

12. കേരള ബാർ കൗൺസിൽ ചട്ടങ്ങളിലെ 4 (എ) ചട്ടത്തിലെ അധികാരങ്ങളെ സംബന്ധിച്ച്, അതിന് അധികാരപ്പെടുത്തുന്ന 28-ാം വകുപ്പ് വിശാലമായ പദങ്ങളിൽ കിടക്കുന്നതായി ശ്രീ കുര്യാക്കോസ് ശക്തമായി വാദിച്ചു, അയാൾ പറയുന്ന പ്രകാരം, ബാർ കൗൺസിലിന് ഇത് വിശാലമായ അധികാരങ്ങൾ നൽകുന്നു. ഒരു നിയമ ബിരുദധാരിയ്ക്ക് അഭിഭാഷകനായി എൻറോൾ ചെയ്യുന്നതിന് ഒരു യോഗ്യതാ മാനദണ്ഡമാണ് കെ.ബി.കെ. ചട്ടങ്ങളിലെ 4(എ) ചട്ടം ഉറപ്പാക്കുന്നതെന്ന് അയാൾ വാദിച്ചു. ഒരു നിബന്ധന -പ്രത്യേകിച്ചും ഒന്ന് അഭിഭാഷകരുടെ ക്ഷേമം ഉറപ്പാക്കുന്നത് ലക്ഷ്യം വയ്ക്കുന്നു , ബാർ കൗൺസിലിന്റെ അധികാരത്തിന് അപ്പുറമാണെങ്കിലും ബാഹ്യമായി വിശേഷിപ്പിക്കാൻ കഴിയുകയില്ല. ഉന്നത സമിതിക്ക്, അഭിഭാഷക വൃത്തിയുടെ പൂർണ്ണ വ്യാപ്തിയുടെ മേൽനോട്ടം വഹിക്കാൻനിയമപരമായി ബാദ്ധ്യതയുണ്ട്.

13. വിദ്വാനായ മുതിർന്ന അഭിഭാഷകൻ അധർമ്മമായ ഒരു പ്രാക്റ്റീസ് എന്നത് എന്തിനെയാണെന്നും ചൂണ്ടിക്കാട്ടി. ചില അഭിഭാഷകർ അഭിഭാഷക ക്ഷേമനിധിയിൽ നിന്നും എല്ലാ ആനുകൂല്യവും പിൻവലിച്ചുകൊണ്ട്

പട്ടികയിൽ നിന്നും അവരെ നീക്കം ചെയ്യുന്നതിനുള്ള തന്ത്രം അവലംബിക്കുകയും, അതിനുശേഷം ഉടനെ തന്നെ അവരെ റീ-എൻറോൾ ചെയ്യിക്കുന്നു.

14. വിശദമാക്കുന്നതിനായി, അഭിഭാഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിന്, ഫണ്ട് അപര്യാപ്തമായ ബാർകൗൺസിലുകൾ, ആവശ്യമായ ഫണ്ടുകൾ സ്വരൂപിക്കുന്നതിനായി കഷ്ടപ്പെടുകയാണെന്നു വിദ്വാനായ മുതിർന്ന അഭിഭാഷകൻ തർക്കിച്ചു. പട്ടികയിൽ നിന്നും അഭിഭാഷകർ സ്വയം നീക്കം ചെയ്യുന്ന ചതിപ്രയോഗത്തെ കോടതി അനുവദിക്കുകയോ അല്ലെങ്കിൽ പവിത്രമാക്കുകയോ ചെയ്യുകയും തുകകൾ പിൻവലിച്ചു കൊണ്ട്, വീണ്ടും എൻറോൾ ചെയ്യുന്നതും അഭിഭാഷക സമൂഹത്തിന്റെ തൊഴിൽ താല്പര്യങ്ങൾക്ക് ഹാനികരവുമാണ്. അവസാനമായി എഗ്സിബിറ്റ് പി 3 -ൽ കോടതി ഇടപെടരുതെന്ന് വിദ്വാനായ മുതിർന്ന അഭിഭാഷകൻ ഊന്നിപ്പറഞ്ഞു.

15. രേഖകൾ പരിശോധിച്ചതിനു പുറമേ പരാതിക്കാരനുവേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ശ്രീ. സി.ജെ.ജോയിയേയും എതിർകക്ഷിക്കു വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസിനേയും കേട്ടു,

*ചർച്ച*

(എ) നീക്കം ചെയ്യലും പുന: പ്രവേശനവും:

16. ഈ കേസിൽ കൂടുതലായും ആശ്രയിക്കുന്നത് സ്റ്റാറ്റ്യൂട്ടറി ഉത്തരവിനെയാണ്. സംസ്ഥാന പട്ടികയിൽ ആരെയെല്ലാം അഭിഭാഷകരായി പ്രവേശിപ്പിക്കണമെന്നത് കേരള അഭിഭാഷക ആക്റ്റിലെ 24-ാം വകുപ്പ് പ്രതിപാദിക്കുന്നു. (1)-ാം ഉപ-വകുപ്പിലെ (ഇ) ഖണ്ഡം ഈ അധ്യായത്തിൻ കീഴിൽ സംസ്ഥാന ബാർ കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു നിബന്ധനകൾ ഒരു വ്യക്തി പൂർത്തീകരിക്കേണ്ട ആവശ്യകത അനുശാസിക്കുന്നു. 16 മുതൽ 28 വരെ വകുപ്പുകളിൽ ഉൾപ്പെടുന്ന അഭിഭാഷകരുടെ "പ്രവേശനവും അംഗത്വവും" പ്രതിപാദിക്കുന്ന വകുപ്പുകളിൽ 2-ാം അദ്ധ്യായത്തിലെ 24-ാം വകുപ്പ് കൂടുതലായി പരിശോധിച്ചു.

17. റോളിൽ നിന്നും പേര് നീക്കം ചെയ്യാനുള്ള ബാർ കൗൺസിലിന്റെ അധികാരത്തെപ്പറ്റി ആക്റ്റിലെ 26 എ വകുപ്പ് പ്രതിപാദിക്കുന്നു. ഒരു സംസ്ഥാന ബാർ കൗൺസിലിന്, സംസ്ഥാന പട്ടികയിൽ നിന്നും മരണപ്പെട്ട ഏതെങ്കിലും അഭിഭാഷകന്റെ പേരോ അല്ലെങ്കിൽ അതിലേക്കായി ആരിൽ നിന്നെങ്കിലും ഒരു അഭ്യർത്ഥന ലഭിച്ചിട്ടുണ്ടെങ്കിൽ ആ പേര് നീക്കം ചെയ്യാവുന്നതാണ്. ഇവിടെ ജോസഫ് ബാർ കൗൺസിലിനോട് അയാളുടെ പേര് മാറ്റാൻ ആവശ്യപ്പെടുകയും അത് ചെയ്യുകയും ചെയ്തു. മറുവശത്ത്, അതുപോലെ തന്നെ ഒരു അഭിഭാഷകന് അയാളുടെ പേര് റോളിൽ നിന്നും സസ്പെൻഡ് ചെയ്യാൻ ആഗ്രഹിക്കുന്ന പക്ഷം അതിനു കഴിയുന്നതും, പിന്നീട് ആ സസ്പെൻഷൻ പിൻവലിക്കാവുന്നതുമാണ്.

18. ബാർ കൗൺസിൽ ഓഫ് ഇൻഡ്യ ചട്ടങ്ങളിലെ അദ്ധ്യായം III 5 (1)ഉം (2)ഉം ചട്ടങ്ങൾ സസ്പെൻഷനെപ്പറ്റി പ്രതിപാദിക്കുന്നു. ഒരു അഭിഭാഷകൻ ഏതെങ്കിലും കാരണത്താൽ "സ്വമേധയാ അയാളുടെ പേര് ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയുള്ള സംസ്ഥാന ബാർ കൗൺസിലിലേക്ക് ഒറിജിനൽ എൻറോൾമെന്റ് സർട്ടിഫിക്കറ്റിനൊപ്പം അങ്ങനെയുള്ള സസ്പെൻഷനെപ്പറ്റി രജിസ്റ്റേർഡ് തപാലിൽ അറിയിക്കേണ്ടതാണ്." ഇതു കൂടാതെ, അങ്ങനെയുള്ള പ്രാക്ടീസ്

സസ്പെൻഡ് ചെയ്തിട്ടുള്ള ഏതെങ്കിലും അഭിഭാഷകൻ, പ്രാക്ടീസ് പുനരാരംഭിക്കാൻ ആഗ്രഹിക്കുന്ന പക്ഷം, പ്രാക്ടീസ് വീണ്ടെടുക്കുന്നതിനായി അദ്ധ്യായം III -ലെ 24 എ വകുപ്പിൻകീഴിൽ സസ്പെൻഷൻ കാലയളവിൽ ഏതെങ്കിലും അയോഗ്യതയ്ക്ക് വിധേയമായിട്ടുണ്ടോ എന്നു പ്രസ്താവിച്ചു കൊണ്ടുള്ള സത്യവാങ്മൂലത്തോടൊപ്പം അപേക്ഷ ബാർ കൗൺസിൽ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്. അപ്രകാരം ആക്റ്റിലെ 26 എ വകുപ്പിനോ ചട്ടങ്ങളിലെ 5 (2) ചട്ടത്തിനോ കീഴിൽ ഒരു അഭിഭാഷകന് പ്രൊഫഷനിലേക്ക് പുന:പ്രവേശിക്കാം: ആദ്യത്തെ കേസിൽ അഭിഭാഷകൻ പുതിയതായി ആരംഭിക്കുന്നു; പിന്നീടുള്ളതിൽ അവനോ അവളോ പുനരാരംഭിക്കുക മാത്രമാണ്.

(ബി) പ്രതിബന്ധം:

19. തൊഴിൽ ലഭിച്ചപ്പോൾ, ജോസഫ് അയാളുടെ പേര് പട്ടികയിൽ നിന്നും സസ്പെന്റ് ചെയ്യാൻ തിരഞ്ഞെടുക്കുന്നതിന് പകരം അയാളുടെ പേര് നീക്കം ചെയ്തു. അതിന് നമുക്ക് യാതൊരു ആക്ഷേപവും എടുക്കാൻ കഴിയുകയില്ല. പട്ടികയിൽ നിന്നുള്ള നീക്കം ചെയ്യൽ, പുറത്ത് പോകുന്ന അഭിഭാഷകന് ക്ഷേമനിധി വിഹിതം തിരിച്ചുകൊടുക്കൽ അനിവാര്യമാക്കുന്നു. 1995 നവംബർ നും 2007 ഡിസംബർ -നും ഇടയിൽ പ്രൊഫഷനിൽ നിന്നും മാറി നിന്നപ്പോൾ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ആയ ജോസഫ് വിരമിക്കലിനെ തുടർന്ന് പ്രൊഫഷനിൽ മടങ്ങിവരാൻ ആഗ്രഹിച്ചു. അയാൾ ഒരു പ്രതിബന്ധം അഭിമുഖീകരിക്കുന്നു.

20. കേരള ബാർ കൗൺസിൽ ചട്ടങ്ങളിലെ V -ാം അദ്ധ്യായത്തിൻ കീഴിലെ 4 (എ) ചട്ടം ഏതെങ്കിലും മുൻ അഭിഭാഷകൻ പുന:പ്രവേശനം ആഗ്രഹിക്കുമ്പോൾ നേരിടേണ്ട മുൻ ഉപാധി ചുമത്തുന്നു. അയാൾ, അയാളുടെ പേര് റോളിൽ നിന്നും നീക്കം ചെയ്യപ്പെടുമ്പോൾ അഭിഭാഷക ക്ഷേമനിധിയിൽ നിന്നും സ്വീകരിച്ച മുഴുവൻ തുകയും മടക്കി നൽകണം. തുക 12% വാർഷിക പലിശ സഹിതം തിരികെ അടയ്ക്കണം, വ്യവസ്ഥ ഇപ്രകാരം വായിക്കാം:

*4 (എ) "മുമ്പേ തന്നെ അഭിഭാഷകവൃത്തി അവസാനിപ്പിച്ചിട്ടുള്ളതോ അഡ്വക്കേറ്റ്സ് ആക്റ്റിന്റെ 26 എ വകുപ്പിലെ വ്യവസ്ഥകളിൻ കീഴിൽ സംസ്ഥാന പട്ടികകളിൽ നിന്നും അപേക്ഷയിൻമേൽ നീക്കം ചെയ്തിട്ടുള്ള ഒരാൾ അഭിഭാഷക ക്ഷേമനിധിയിൽ നിന്നും ഏതെങ്കിലും തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആ തുക മുഴുവൻ പ്രതിവർഷം 12% പലിശസഹിതം അഭിഭാഷക ക്ഷേമനിധിയിലേക്ക് തിരിച്ച് അടയ്ക്കുകയും അതിന്റെ രസീത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്".*

21. 4 (എ) ചട്ടം ബാർ കൗൺസിലിന്റെ ചട്ടം നിർമ്മിക്കാനുള്ള അധികാരത്തിന് അപ്പുറത്താണെന്ന് ജോസഫ് മറ്റു കാര്യങ്ങളോടൊപ്പം തർക്കിച്ചു. ശരി, അഡ്വക്കേറ്റ്സ് ആക്റ്റിലെ 28-ാം വകുപ്പ് അദ്ധ്യായം 111-ലെ "ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി" ചട്ടം നിർമ്മിക്കുന്നതിന് സംസ്ഥാന ബാർ കൗൺസിലിന് അധികാരം നൽകിയിരിക്കുന്നു. അങ്ങനെയുള്ള ഏതെങ്കിലും പേരു വിവരപട്ടികയിൽ അഭിഭാഷകനായി പ്രവേശിപ്പിക്കുന്നതിന് വിധേയമാകാവുന്ന ഉപാധികൾ വ്യവസ്ഥ ചെയ്യുന്നതിന് 28 (2) (ഡി) വകുപ്പ് സംസ്ഥാന ബാർ കൗൺസിലിനെ അധികാരപ്പെടുത്തുന്നു

(സി) ക്ഷേമനിധി:

22. ചട്ടം 4 (എ) അധികാരപരിധിക്കപ്പുറത്താണോ എന്ന് ഞങ്ങൾ പരിഗണിക്കുന്നതിന് മുമ്പ്, 1980- ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് ഞങ്ങൾ പരിശോധിക്കും.

"കേരള സംസ്ഥാനത്തെ അഭിഭാഷകർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് ഒരു ക്ഷേമ നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന" ഒരു ആക്റ്റാണിത്. ക്ഷേമ നിധി ആക്റ്റിലെ 16-ാം വകുപ്പ് പ്രകാരം പ്രാക്ടീസ് നിർത്തിയതിനു ശേഷം നിധിയിലെ ഒരു അംഗത്തിന് "പട്ടികയിൽ നിർദ്ദേശിക്കുന്ന തോതിലുള്ള ഒരു തുക" നിധിയിൽ നിന്നും സ്വീകരിക്കാൻ കഴിയും. ഒരു അംഗമെന്നത് അവസാനിപ്പിച്ചപ്പോൾ, ജോസഫിന് അയാളുടെ വിഹിതമായ 37,500 രൂപ 1995-ൽ മടക്കി നൽകി.

23. ക്ഷേമനിധി ആക്റ്റിലെ 27-ാം വകുപ്പ് ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബാർ കൗൺസിലിനെ അധികാരപ്പെടുത്തുന്നു. ഇത് സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി ഗസറ്റ് വിജ്ഞാപന പ്രകാരം ആയിരിക്കണം. 1981-ലെ കേരള അഭിഭാഷക ക്ഷേമനിധി ചട്ടങ്ങൾ എന്ന ചട്ടം ബാർ കൗൺസിൽ ഉണ്ടാക്കി.

24. ചട്ടങ്ങളിലെ 5 (1) ഉം (2) ഉം ചട്ടം നിധിയിൽ പുന:പ്രവേശനം തേടുന്ന ഒരു അഭിഭാഷകന് ഒരു ഉപാധി നിർണ്ണയിച്ചിരിക്കുന്നു. പ്രസക്തമായ ചട്ടം ഇപ്രകാരം വായിക്കാം:

> "5 (1) നിധിയിലേക്കുള്ള പുന: പ്രവേശനത്തിന്റെ അപേക്ഷ ഫാറം നമ്പർ IV-ൽ ആയിരിക്കേണ്ടതാണ്.
>
> (2) അപേക്ഷയോടൊപ്പം, അപേക്ഷകൻ അപേക്ഷാ ഫീസായ ഇരുനൂറു രൂപയോടൊപ്പം ആക്റ്റിലെ 16-ാം വകുപ്പിൻ കീഴിൽ അയാൾ കൈപ്പറ്റിയ തുക, നിധിയിൽ നിന്ന് തുക ലഭിച്ച തീയതി മുതൽ അപേക്ഷ തീയതിവരെ പ്രതിവർഷം 12% പലിശ സഹിതം കണക്കുകൂട്ടിയ തുക ഒന്നിച്ച് നിധിയിൽ അടക്കേണ്ടതാണ്."

25. ഈ ചട്ടത്തിന്റെ പ്രചോദനത്താൽ എഗ്സിബിറ്റ് പി 3 കത്ത് മുഖേന, ക്ഷേമ നിധി നിയമത്തിലെ 16-ാം വകുപ്പിൻ കീഴിൽ അയാൾ 1995-ൽ കൈപ്പറ്റിയ തുക 12% പലിശ സഹിതം മടക്കി നൽകാൻ ജോസഫിനോട് ബാർകൗൺസിൽ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, ഭരണഘടനയുടെ 19 (1) (ജി) അനുച്ഛേദത്തിൻ കീഴിലെ അയാളുടെ പ്രൊഫഷൻ പ്രാക്ടീസ് ചെയ്യുന്നതിനോ അയാളുടെ തൊഴിലുമായി മുന്നോട്ടുപോകുന്നതിനോ ഉള്ള അവകാശത്തെ ആയത് വ്രണപ്പെടുത്തുന്നതിനാൽ ഈ ചട്ടം നീക്കണമെന്ന് ജോസഫ് ഊന്നിപ്പറഞ്ഞു.

(ഡി) പ്രൊഫഷനും വിശേഷാവകാശവും

26. നിയമ വൃത്തി ഒരു പ്രൊഫഷനും വിശേഷാവകാശത്തിനും ഇടയിൽ ചുറ്റിപ്പറ്റി നിൽക്കുന്നു. അത് അതിപുരാതനമായതും എന്നാൽ അപൂർവ്വമായ കഴിഞ്ഞകാലവും കോലാഹലത്തോടുകൂടിയ വർത്തമാനവും ഒരു പക്ഷേ ഭാവിക്ക് ശ്രമിക്കുന്നതുമാണ്. കൃത്രിമമായ ബുദ്ധിശക്തിയോടെ, ഐ. ബി. എം-ന്റെ വാട്സൺ, റോസ്സ് ഉൾപ്പെടെ ധാരാളം ഭീഷണിയുണ്ടാക്കുന്ന ന്യായ വിചാരണാധികാര യന്ത്രങ്ങൾ പൊട്ടിപുറപ്പെടാൻ തുടങ്ങുകയാണ്. അഭിഭാഷകൻ ഒരു യന്ത്രവുമായി എതിരിടുകയാണ്. 19(1) ജി അനുച്ഛേദം ജോലിയ്ക്കുള്ള അവകാശം ഉറപ്പു നല്കുന്നു എന്നത് ശരിയാണ്., എന്നാൽ, അത്, വ്യവസ്ഥകൾക്ക് വിധേയമാണ് ഉദാഹരണത്തിന്, അഡ്വക്കേറ്റ്സ് ആക്റ്റ്, അത് കൊണ്ട് പ്രാക്റ്റീസ് ചെയ്യുന്നതിനുള്ള അവകാശം ഒരു മൗലികാവകാശമാണ്- എന്നാൽ അത് ന്യായമായ സ്റ്റാറ്റ്യൂട്ടറി നിയന്ത്രണങ്ങളോടെയാണ്. എങ്ങനെയൊക്കെയും മഹത്വവത്ക്കരിച്ചെങ്കിലും, ഇതിനൊരു ന്യായമായ നിയന്ത്രണം വയ്ക്കാത്തിടത്തോളം അങ്ങനെയൊരു അവകാശം നിലനിർത്തുകയെന്നത് സാങ്കല്പികമാണ്.

27. പ്രാരംഭമായി, പ്രൊഫഷണലോ സാങ്കേതികമായതോ ആയ യോഗ്യതകൾ നിർണ്ണയിച്ചുകൊണ്ട് നിയമനിർമ്മാണ സഭയ്ക്ക് ഒരു നിയമം നിർമ്മിക്കാൻ സാധിക്കും. തത്തുല്യവും ന്യായവുമായ നിയന്ത്രണങ്ങൾ അതിൻമേൽ ഇല്ലാതെ യാതൊരു അവകാശത്തിനും നിലനിൽക്കാൻ കഴിയാത്തതും 'പ്രത്യേകമായിട്ടുള്ളതോ നിർദ്ദിഷ്ടമായതോ ആയ ട്രൈബ്യൂണലുകൾക്ക്' മുമ്പ്, ഹാജരാകുന്ന അഭിഭാഷകർക്ക് മേൽ അതിന് നിയന്ത്രണങ്ങൾ ചുമത്താൻ സാധിക്കുന്നതുമാണ്. എന്നാൽ, ഇവിടത്തെ ചോദ്യം യോഗ്യതയുള്ള ഒരാൾ ഒരു അഭിഭാഷകനാകുന്നതിന് ക്ഷേമനിധിയിൽ കൂടി അംഗമാകേണ്ടതുണ്ടോ? ഈ ചോദ്യത്തിന് ഉത്തരം നൽകേണ്ട ആവശ്യമുണ്ടോയെന്ന് ഞങ്ങൾ പരിശോധിക്കുന്നതാണ്.

(ഇ) ഉന്മൂലനം ഒഴിവാക്കൽ

28. കേസ് തീർപ്പാക്കുന്നതിന് മറ്റു പല പശ്ചാത്തലങ്ങളും ഉണ്ടെങ്കിൽ അതിൻമേൽ ഒരു ഭരണഘടനാചോദ്യം പുറപ്പെടുവിച്ചാൽ രേഖകൾ ശരിയായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ചട്ടം അവസാന അവലംബമായി അഭിപ്രായപ്പെടാൻ കോടതിയ്ക്ക് കഴിയില്ല. കവിത. ജി. പിള്ള *Vs* ജോയിന്റ് ഡയറക്ടർ മനു/കെ.ഇ/2044/2016: 2016(5)കെ.എച്ച്.സി 744(ഡി.ബി)-ൽ സമ്മേളനത്തിൽ ഒരു നിയമത്തിന്റെ സാധുത ചോദ്യം ചെയ്യുന്നിടത്ത്, ഭരണഘടനാപരമായ ഗുരുതരമായ ഒരു സംശയം ഉന്നയിച്ചുണ്ടെങ്കിൽ പോലും, ഒരു നിയമവ്യവസ്ഥയുടെ നിർമ്മാണം ശരിയായി നടക്കുന്നതിനാലാണോ ആ ചോദ്യം ഒഴിവാക്കാവുന്നത് എന്ന ഭരണഘടനാപരമായ ഒഴിവാക്കലിന്റെ ഒരു പ്രധാനതത്വമായി കോടതി ആദ്യമായി ഉറപ്പാക്കേണ്ടത് എന്ന് ഈ കോടതി കൂടുതലായി നിരീക്ഷിച്ചിട്ടുണ്ട്.

29. ഇവിടെ, സ്റ്റാറ്റ്യൂട്ടറിപരിധിക്കകത്ത് തർക്കം പരിഹരിക്കാൻ നമുക്ക് സാധിക്കുമെങ്കിൽ ഒരു വ്യവസ്ഥയുടെ അധികാരങ്ങളിൻ മേലുള്ള തർക്കം ഒഴിവാക്കാവുന്നതാണ്: ഇതാണ് ഭരണഘടനാപരമായ പരിത്യാഗത്തെ കുറിച്ചുള്ളതെല്ലാം.

(എഫ്) വിരോധാഭാസം

30. നിശ്ചയമായും, ജോസഫ് പ്രൊഫഷൻ വിട്ടു പോകുമ്പോൾ എന്തെല്ലാം കൈപ്പറ്റിയോ അതെല്ലാം മടക്കി നൽകണമെന്ന് നിർബന്ധിക്കുന്നതിന് ബാർകൗൺസിൽ ക്ഷേമനിധി ചട്ടങ്ങളിലെ 5(1) ഉം (2) ഉം ചട്ടങ്ങളാണ് അവലംബിച്ചത്. കൂടാതെ, ജോസഫ് കേന്ദ്ര സർക്കാർ സർവീസിൽ നിന്നും വിരമിച്ചതാണെന്നും ആനുകൂല്യങ്ങൾ പിൻവലിച്ചിട്ടുമുണ്ടെന്നുമുള്ളതിൽ തർക്കമില്ല. അതിന് ശേഷം, ക്ഷേമനിധിയിലെ ഒരംഗമാകുന്നതിൽ നിന്നും ജോസഫ് നിരോധിക്കപ്പെട്ടു.

31. ഇത് സംബന്ധിച്ച് ക്ഷേമനിധി ആക്റ്റിലെ 15 (1) (1എ)യും (1ബി) യും വകുപ്പുകൾ പരിശോധിക്കാം:

"15. നിധിയിൽ അംഗത്വം

(1) ബാർ കൗൺസിലിനാൽ അംഗീകരിക്കപ്പെട്ട ഒരു ബാർ അസോസിയേഷനിൽ അംഗമായിരിക്കുകയും സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസും ഉള്ള ഓരോ അഭിഭാഷകനും നിധിയിൽ ഒരംഗമായി പ്രവേശനം ലഭിക്കാൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ട്രസ്റ്റികമ്മിറ്റിക്ക് അപേക്ഷിക്കാവുന്നതാണ്. (1എ) ഒരു അഭിഭാഷകൻ, അയാൾ, കേന്ദ്രം അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ ഏതെങ്കിലും പൊതു അഥവാ സ്വകാര്യ മേഖലാ സ്ഥാപനത്തിലെ സേവനത്തിന് ഏതെങ്കിലും തരത്തിലുള്ള വിരമിക്കൽ ആനുകൂല്യത്തിന് അർഹനാണെങ്കിലോ, ലഭിച്ചിട്ടുണ്ടെങ്കിലോ നിധിയിൽ

അംഗമായി പ്രവേശിപ്പിക്കുന്നതിനോ നിധിയിൽ അംഗത്വം വീണ്ടെടുക്കുന്നതിനോ അയാളെ അനുവദിക്കാൻ പാടില്ല.

(1ബി) നിധിയിൽ നിന്നും വിരമിക്കൽ ആനുകൂല്യം സ്വീകരിച്ചിട്ടുള്ള ഒരാൾക്ക് നിധിയിൽ അംഗമായി പുന:പ്രവേശനം നൽകാൻ പാടില്ല.

32. ഒരു വിരമിച്ച കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ ആയ ജോസഫ് അയാളുടെ വിരമിക്കൽ ആനുകൂല്യങ്ങൾ വാങ്ങിയതുകൊണ്ട് അഭിഭാഷക ക്ഷേമനിധിയിലെ അംഗമാകാൻ കഴിയില്ല. അതു കൊണ്ട്, അയാൾ നേരത്തെ പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നത് അയാളുടെ ബാർ റോളിലെ അയാളുടെ പുന:പ്രവേശനത്തിനുള്ള മുൻ ഉപാധി ആകുന്നത് വൈരുദ്ധ്യമാണ്. ചട്ടം നിർബന്ധിക്കുന്നു, എന്നാൽ, ആക്റ്റ് നിരസിക്കുന്നു. ആക്റ്റ് നിലനിൽക്കുന്നതാണെന്ന് നന്നായി അറിയപ്പെടുന്നതാണ്.

33. ക്ഷേമനിധി ചട്ടങ്ങളിലെ 5-ാം ചട്ടവും ക്ഷേമനിധി ആക്റ്റിലെ 15-ാം വകുപ്പും തമ്മിലുള്ള സംഘട്ടന പ്രവണത ഒഴിവാക്കാൻ ഞാൻ ചട്ടത്തെ ഇങ്ങനെ വായിക്കാം: ഭരണഘടനാപരമായി ബോധ്യപ്പെട്ടതിന് വിധേയമായി, അത് പാസ്സാക്കിയതിൻമേൽ 5-ാം ചട്ടം നിർബന്ധമാക്കാവുന്നതാണ്, ചോദ്യം ചെയ്യപ്പെടുന്നപക്ഷം പുന:പ്രവേശനം തേടുന്ന അപേക്ഷകനെ ക്ഷേമനിധിയിൽ അംഗത്വം നേടുന്നതിൽ നിന്നും കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 15-ാം വകുപ്പിൻ കീഴിൽ നിരോധിക്കുന്നില്ല.

(ജി) ഉപസംഹാരം:

34. അതിനാൽ, മുകളിൽ പ്രതിപാദിച്ച കാരണങ്ങളാൽ, ബാർ കൗൺസിലിന്റെ എഗ്സിബിറ്റ് പി 3 ഉത്തരവ് ഞാൻ അസ്ഥിരപ്പെടുത്തുന്നതും, ക്ഷേമനിധി ചട്ടങ്ങളിലെ 5-ാം ചട്ടം പരാമർശിക്കാതെ ജോസഫിന്റെ അപേക്ഷ പരിഗണിക്കണമെന്ന് ബാർ കൗൺസിലിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. ചെലവിൻമേൽ യാതൊരു ഉത്തരവുമില്ല.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു.ജസ്റ്റിസ് അലക്സാണ്ടർ തോമസ്

ഒ.പി. ക്രിമിനൽ നം. 465/2017

ശിവകുമാറും മറ്റുള്ളവരും

*Vs*

സ്റ്റേറ്റ് ഓഫ് കേരള

10-10-2017-ൽ വിധികൽപ്പിച്ചത്.

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**2-ാം ഹർജികക്ഷി പ്രതി ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവിന്റെ സമയത്ത് വസ്തുവിന്റെ ഉടമസ്ഥനല്ലാതിരുന്നതിനാൽ, ആയതുകൊണ്ട്, 1-ാം ഹർജികക്ഷിയ്ക്ക് ചോദ്യം ചെയ്യപ്പെട്ട ക്രിമിനൽ നടപടികളിൽ യാതൊന്നും തന്നെ ചെയ്യാനില്ലാത്തതും 26/3/2005 മുതൽ വസ്തുവിന്റെ പൂർണ്ണഉടമയായിത്തീർന്നതും ആയത് 30/09/2006 തീയതിയിലെ ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് പുറപ്പെടുവിച്ചതിന് മുമ്പുമായിരുന്നതിനാൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 85 (3) വകുപ്പിലെ മേൽ പറഞ്ഞ നിയന്ത്രണങ്ങൾ ഈ കേസ്സിലെ വസ്തുതകൾക്ക് ബാധകമല്ല.**

### വിധിന്യായം

*ജെ.അലക്സാണ്ടർ തോമസ്*

1. ഇവിടത്തെ രണ്ടാം ഹർജിക്കാരൻ, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കാവുന്ന കുറ്റങ്ങൾക്ക് ഇരിങ്ങാലക്കുട, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി II-ലെ എസ്.ടി.നം.383/2015 ഫയലിലെ രണ്ടാം നമ്പർ പ്രതിയായി ചേർത്തിട്ടുള്ള ആളാണ്. ഇതിലെ പ്രതികൾ ഒരു പാർട്ണർഷിപ്പ് കമ്പനിയിലെ പാർട്ണർമാരാണെന്ന് ആരോപിച്ചിട്ടുള്ളതും, അവരുടെ അക്കൗണ്ടിൽ നിന്നാണ് ഇതിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള പണമില്ലാതെ മടങ്ങിയ ചെക്ക് വാദിയ്ക്ക് നൽകിയിട്ടുള്ളത്. പ്രതി പറയും പ്രകാരം അവർക്ക് സമൻസ് കിട്ടിയിട്ടില്ല പ്രതികൾ വിചാരണ കോടതി മുമ്പാകെ ഹാജരാകാതിരുന്നതിനാൽ അവർക്കെതിരെ ജാമ്യമില്ലാ വാറണ്ടുകൾ പുറപ്പെടുവിച്ചിട്ടുള്ളതും, പിന്നീട്, എൽ. പി. ആർ നം 129/2007 ആയി ലോങ്ങ് പെന്റിംഗ് കേസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത പ്രതികൾക്കെതിരെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 82 ഉം 83 ഉം വകുപ്പുകളിൻ കീഴിൽ നടപടികൾ അനുവദിച്ചിട്ടുള്ളതുമാണ്. ക്രിമിനൽ നടപടി നിയമ സംഹിതയുടെ 82 ഉം 83 ഉം വകുപ്പുകളിൻ കീഴിലുള്ള പ്രസ്തുത നടപടികളെത്തുടർന്ന് 30.09.2006 തീയതിയിലെ ഉത്തരവ് പ്രകാരം വിചാരണകോടതി 2-ാം ഹർജിക്കാരന്റേതാണെന്ന് പറയപ്പെടുന്ന വസ്തു ജപ്തി ചെയ്യാനുള്ള ഉത്തരവിട്ടു എന്നതിൽ തർക്കമില്ലാത്തതാണ്. പിന്നീട്, പ്രതികൾ വാദിയു

മായി പരാതിയിൽ ചോദ്യം ചെയ്യപ്പെട്ട ചെക്കു മായുള്ള തർക്കങ്ങൾ തീർപ്പാക്കിയിട്ടുള്ളതും സമ്മതിച്ച തുക വാദിയ്ക്ക് നൽകിയിട്ടു ള്ളതും വാദി ക്രിമിനൽ നടപടി നിയമ സംഹിതയിലെ 257-ാം വകുപ്പ് പ്രകാരം പരാതി പിൻവലിക്കാനുള്ള അപേക്ഷ നൽകു കയും ചെയ്തു. അപ്പോഴേക്കും, ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ മുകളിൽ പറഞ്ഞ ഫയലിൽ എസ്. ടി. നം 8/ 2014 ആയി കേസ് റീ-ഫയൽ ചെയ്യുകയും ചെയ്തു. വിചാരണകോടതി, 20.10.2014 തീയ തിയിലെ എഗ്സിബിറ്റ് പി-2 ഉത്തരവ് പ്രകാരം ക്രിമിനൽ എം.പി. നം 128/2014 ആയി ഹർജിക്കാരൻ പരാതി പിൻവലിക്കാ നായി ഫയൽ ചെയ്ത അപേക്ഷ അനുവദി യ്ക്കുകയും ക്രിമിനൽ നടപടി നിയമ സംഹി തയിലെ 257-ാം വകുപ്പിൻ കീഴിൽ അതിലെ പ്രതികളെ വെറുതെ വിടുകയും ചെയ്തു. രണ്ടാം പ്രതി പറയുന്ന പ്രകാരം, 30/09/2006 ലെ ജപ്തി ഉത്തരവിന് വളരെ മുമ്പേ, അദ്ദേഹം 26/03/2005 ലെ എഗ്സിബിറ്റ് പി-ഒന്ന് തീറാധാരം പ്രകാരം അയാൾ അയാളുടെ വസ്തു അതിന്റെ പൂർണ്ണമായ പ്രതിഫലം വാങ്ങിയശേഷം ഒന്നാം ഹർജികക്ഷിയ്ക്ക് വിൽപ്പന നടത്തുകയും ആ തീറാധാരം 26/ 03/2005 ൽ മതിലകം എസ്സ്. ആർ. ഒ-യിൽ യഥാവിധി രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. 30/9/2006-തീയതിയിലെ ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവിനെ കുറിച്ച് അയാൾക്ക് യാതൊരു അറിവും ഇല്ലായിരുന്നു എന്നും എഗ്സിബിറ്റ് പി 1 പ്രകാരമുള്ള വസ്തു വളരെ മുൻപേ വിറ്റിരുന്നതിനാൽ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നുമില്ലെന്ന് 2-ാം ഹർജികക്ഷി ദൃഢമായി പറഞ്ഞു. ഒന്നാം ഹർജി കക്ഷി പറയുന്നതനുസരിച്ച് 26/ 03/2005 തീയതിയിലെ എഗ്സിബിറ്റ് പി 1 വിൽപ്പന രജിസ്ട്രേഷന് ശേഷം അയാളുടെ ഭൂനികുതി ബന്ധപ്പെട്ട റവന്യൂ /വില്ലേജ് ആഫിസർ സ്വീകരിച്ചിരുന്നതും, അടുത്ത കാലത്ത്, തന്റെ സ്വത്ത് വിൽക്കാൻ ആഗ്രഹിച്ചപ്പോൾ, അയാൾ വില്ലേജ് ആഫിസറുമായി സമ്പർക്കം പുലർത്തിയപ്പോൾ, മുകളിലെ പരാതി, നടപടി ക്രമങ്ങളെ തുടർന്ന് എഗ്സിബിറ്റ് പി-1-ൽ ഉൾപ്പെട്ടിരുന്ന വസ്തു 30.09.2006 -ൽ ക്രിമിനൽ വിചാരണ കോടതി ജപ്തി ചെയ്തതായി അയാൾക്ക് അറിയാൻ കഴിഞ്ഞു. അതനുസരിച്ച്, 2-ാം ഹർജികക്ഷി, മുകളിൽ പരാമർശിച്ച എസ്സ്. ടി. നം. 8/2014 -ൽ ജപ്തിനടപടി അസാധുവാക്കുന്നതിനും മറ്റും ആവശ്യപ്പെട്ടുകൊണ്ട് 21/2016 നമ്പർ ക്രിമിനൽ എം.പി. ഫയൽ ചെയ്തു. വിചാരണ കോടതി 16/08/2016 ലെ എഗ്സിബിറ്റ് പി3 വിമർശനപരമായ ഉത്തരവ് പ്രകാരം രണ്ടാം ഹർജികക്ഷിയുടെ വാദം നിരസിക്കുകയും രണ്ടാം ഹർജ്ജികക്ഷിയ്ക്ക് ഒരു നിർദ്ദിഷ്ട നിവൃത്തി 85-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്യുന്നതും, ആ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം, രണ്ടാം ഹർജ്ജികക്ഷി ജപ്തി ഉത്തരവ് വന്ന തീയതി മുതൽ രണ്ട് വർഷങ്ങൾക്കുള്ളിൽ വിചാരണ കോടതി മുമ്പാകെ ഹാജരാകേണ്ടതിനും വാറണ്ട് നടപ്പാക്കുന്നതിൽ നിന്നും ഒഴിവാകുവാനുള്ള ഉദ്ദേശത്തിനായി താൻ ഒളിച്ചോടിയതോ മറഞ്ഞിരിക്കുകയോ അല്ലെന്നും കോടതിയിൽ തെളിയിക്കേണ്ടതും അതിൽ നിർദ്ദേശിച്ച സമയത്തിനുള്ളിൽ കോടതിയിൽ ഹാജരാകുന്നതിന് പ്രാപ്തനാക്കുന്നതിന് അയാൾക്ക് യാതൊരു വിളംബര നോട്ടിസും ലഭിച്ചിരുന്നില്ല എന്ന് കല്പിച്ചു കൊണ്ട് 16/8/2016 തീയതിയിലെ ചോദ്യം ചെയ്യപ്പെട്ട എഗ്സിബിറ്റ് പി3 ഉത്തരവ് പ്രകാരം 2-ാം ഹർജികക്ഷിയുടെ പ്രസ്തുത വാദം വിചാരണ കോടതി നിരസിച്ചു. അതനുസരിച്ച് ജപ്തി ഉത്തരവ് അസാധുവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2-ാം ഹർജികക്ഷി നൽകിയ അപേക്ഷ വിചാരണ കോടതി തള്ളി. ഈ കോടതിയുടെ ബാബു *VS* സ്റ്റേറ്റ് ഓഫ് കേരള മനു/കെ.ഇ/1577/

2011:2011(3) കെ.എൽ.റ്റി 383:2011(3) കെ.എച്ച്.സി/244:2011(2)

കെ.എൽ.ഡി 109; ഐ.എൽ.ആർ 2011 (3) കേരള 561:2011 (3) കെ.എൽ.ജെ 616. എന്നിവയിൽ റിപ്പോർട്ട് ചെയ്ത വിധിന്യായം അവലംബിച്ചു.

2. 22/8/2017 -ൽ ഈ കേസ് ഫയലിൽ സ്വീകരിക്കുകയും ആ ദിവസം തന്നെ, വസ്തുവിനെ സംബന്ധിച്ച് ഈ കോടതി പൂർവ്വസ്ഥിതി നിലനിർത്തുവാൻ നിർദ്ദേശിക്കുകയും ആയത് ചോദ്യം ചെയ്യപ്പെട്ട എഗ്സിബിറ്റ് പി 3 നടപടികളിൽ സൂചിപ്പിച്ച പ്രകാരം ക്ഷമതയുളള അധികാര സ്ഥാനങ്ങൾ നിലനിർത്തേണ്ടതുമാണ്. കൂടാതെ, 26/03/2005-ൽ നടപ്പിലാക്കിയ എഗ്സിബിറ്റ് പി-1 തീറാധാരം സംബന്ധിച്ച ഒരു റിപ്പോർട്ട് ബന്ധപ്പെട്ട എസ്.ആർ.ഒ.യിൽ നിന്നും ലഭ്യമാക്കണമെന്ന് വിദ്വാനായ പ്രോസിക്യൂട്ടറോട് കോടതി നിർദ്ദേശിച്ചിരുന്നതും, 26/03/2005 -ൽ 2-ാം ഹർജികക്ഷി 1-ാം ഹർജികക്ഷിയ്ക്ക് പ്രസ്തുത വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടു. 26/03/2005 -ലെ എഗ്സിബിറ്റ് പി-1 തീറാധാരത്തിൽ ഉൾപ്പെട്ടത് എഗ്സിബിറ്റ് പി-3 ജപ്തി ഉത്തരവിലെ വിഷയ വസ്തുവാണോ എന്ന് ക്ഷമതയുളള റവന്യൂ അധികാരസ്ഥാനങ്ങളിൽ നിന്നും പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് വിദ്വാനായ പ്രോസിക്യൂട്ടറോട് ആവശ്യപ്പെട്ടു. ജപ്തി ഉത്തരവിലെ വിഷയവസ്തുവിന്റെ വിശദാംശങ്ങളുടെ ഒരു റിപ്പോർട്ട് ബന്ധപ്പെട്ട വിചാരണ കോടതിയിൽ നിന്നും ലഭ്യമാക്കുവാൻ രജിസ്ട്രിയ്ക്ക് നിർദ്ദേശം നൽകുകയും കീഴ്കോടതി രേഖകൾ ലഭ്യമാക്കാൻ വിചാരണ കോടതിയോട് നിർദ്ദേശിക്കുകയും ചെയ്തു.

3. ഹർജി കക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ ശ്രീ ലെജിത്ത് റ്റി. കോട്ടയ്ക്കൽ, എതിർകക്ഷി സർക്കാരിന് വേണ്ടി ഹാജരാകുന്ന വിദ്വാനായ പ്രോസിക്യൂട്ടർ സെയ്ഗി ജേക്കബ് പാലാട്ടിയെയും കേട്ടു

4. എസ്.ടി. നം. 383/2005 -ൽ 5/12/2006 -ലെ ഉത്തരവ് പ്രകാരം ഇരിഞ്ഞാലക്കുട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-II നിർദ്ദേശിച്ച പ്രകാരം കൊടുങ്ങല്ലൂർ തഹസിൽദാരുടെ ബി4-1259/2007 -ാം നമ്പർ നടപടിക്രമങ്ങൾ പ്രകാരം സബ് രജിസ്ട്രാരുടെ ആഫീസിന്റെ (എസ്.ആർ.ഒ) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൈയ്പമംഗലം വില്ലേജിലെ സർവേ നം.246/1-ൽ പെട്ട വസ്തുവകകൾ ജപ്തി ചെയ്തതായി വിദ്വാനായ പ്രോസിക്യൂട്ടർ ബോധിപ്പിച്ചു. കൂടാതെ, 26/03/2005 -ലെ എഗ്സിബിറ്റ് പി-1 രജിസ്റ്റർ ചെയ്ത തീറാധാരം പ്രകാരം തർക്കവിഷയമായ വസ്തു നേരത്തെ തന്നെ 2-ാം ഹർജികക്ഷി 1-ാം ഹർജികക്ഷിയുടെ പേർക്ക് വിൽക്കുകയും കൈമാറ്റം ചെയ്യുകയും പ്രസ്തുത തീറാധാരം 26/03/2005 -ൽ ബന്ധപ്പെട്ട എസ്. ആർ ഒ-യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തതായി ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാനായ പ്രോസിക്യൂട്ടർ കൂടുതലായി ബോധിപ്പിച്ചു. അതിന് ശേഷം മാത്രമാണ്, 30/09/2006 തീയതിയിൽ വിദ്വാനായ മജിസ്ട്രേറ്റ് ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത വസ്തു ആ സമയം 2-ാം ഹർജ്ജികക്ഷിയുടെ കൈവശത്തിലായിരുന്നെന്നും മേൽപറഞ്ഞ നടപടികളിൽ 1-ാം ഹർജികക്ഷി പ്രതിയോ ജാമ്യക്കാരനോ ആയിരുന്നില്ലെന്നും, വസ്തു 2-ാം ഹർജികക്ഷി 26/03/2005 -ന് വളരെ മുൻപ് തന്നെ അയാൾക്ക് വിൽപന നടത്തി എന്നുമായ തെറ്റായ വസ്തുതയുടെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. അതിനാൽ, ജപ്തി ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ (30/09/2006), ക്രിമിനൽ നടപടി നിയമ സംഹിതയുടെ

82, 83 വകുപ്പുകൾ പ്രകാരമുള്ള നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്ന കുറ്റാരോപിതനോ ജാമ്യക്കാരനോ അല്ലാത്ത ഒരാളുടെ വസ്തു വിദ്വാനായ മജിസ്ട്രേറ്റിന് നിയമപരമായി ജപ്തി ചെയ്യാൻ കഴിയുമായിരുന്നില്ല. ഇക്കാരണത്താൽ മാത്രം, ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് നിയമവിരുദ്ധവും അനുചിതവുമാണ്.

5. ഇക്കാര്യത്തിൽ മറ്റൊരു വശമുണ്ട്. വിചാരണ കോടതിയുടെ രേഖകളുടെ ഒരു സൂക്ഷ്മപരിശോധന, പണമില്ലാതെ മടക്കിയ തർക്കത്തിലുള്ള ചെക്കിന്റെ കാര്യത്തിൽ അത് ഒരു പാർട്ട്ണർഷിപ്പ് കമ്പനിയായ മെസ്സേഴ്സ് സംഗീത സാരീസ് & റെഡി മെയ്ഡ് നൽകിയതും, തർക്കവിഷയമായ ആ ചെക്ക് ഒപ്പിട്ടതും, എക്സിക്യൂട്ട് ചെയ്തതും പരാതിയിലെ രണ്ട് പ്രതികളും, അവർ ആ പാർട്ട്ണർഷിപ്പ് ഫേമിലെ യഥാക്രമം മാനേജിംഗ് പാർട്ട്ണറും പാർട്ട്ണറും ആണെന്ന് വെളിപ്പെടുത്തുന്നതും. അതിനാൽ, പരാതിയിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യം ചെയ്യപ്പെട്ട ചെക്കിലെ പണം പിൻവലിക്കുന്നയാൾ ഒരു പാർട്ട്ണർഷിപ്പ് ഫേം എന്നത് വളരെ വ്യക്തവും അതുകൊണ്ട് പരമോന്നത കോടതി അനീറ്റാ ഹദാ ഢഎ ഗോഡ് ഫാദർ ട്രാവൽസ് & ടൂർസ് പ്രൈവറ്റ് ലിമിറ്റഡ് മനു/എസ്സ്.സി/ 0335/2012: (2012)5 എസ് സിസി 661:2012 കെ.എച്ച്.സി. 4244 2012 (2) കെ.എൽഡി16: 2012 (2) കെ.എച്ച്.സി.എസ്.എൻ 36: 2012 (4) സ്കെയിൽ 644: 2012(2) കെ.എൽജെ 456 2012 (2) കെ.എൽ.റ്റി.736: എ.ഐ.ആർ. 2012 എസ് സി 2795: 2012 ക്രി.ലാ.ജേ 2525 എന്നീ കേസുകളിലെ വിഖ്യാതമായ വിധിയിൽ നടത്തിയ ഉദ്ധരണികളിലൂടെ പോകുകയും കൈമാറ്റ പ്രമാണ ആക്റ്റിന്റെ 142-ാം വകുപ്പിൻ കീഴിൽ ഒരു ക്രിമിനൽ പരാതി, പാർട്ട്ണർഷിപ്പ് ഫോമോ / കമ്പനിയോ നല്കിയ പണമില്ലാതെ മടങ്ങിയ ഒരു ചെക്കിനെ സംബന്ധിച്ച്, ബന്ധപ്പെട്ട പാർട്ട്ണർമാരെ കൂടാതെ ആ പാർട്ട്ണർഷിപ്പ് ഫേമിനെ പ്രതി ചേർത്താൽ മാത്രമേ നിലനിൽക്കുകയുള്ളു. നിലവിലെ കേസിൽ പരാതിയുടെ ഒരു പരിശോധനയിൽ വ്യക്തമാകുന്ന കാര്യം എന്തെന്നാൽ, മാനേജിംഗ് ഡയറക്ടറും പാർട്ട്നറും മാത്രം (രണ്ട് പ്രതികളായി ചേർക്കപ്പെട്ടവർ) പാർട്ട്ണർഷിപ്പ് ഫേമിനെ ഒരു പ്രതിയായി ചേർത്തിട്ടില്ല. അതിനാൽ മേൽ അനീറ്റാ ഹദായുടെ കേസിലെ സുപ്രീം കോടതിയുടെ വിധി വാചകം പരിശോധിച്ചാൽ പരാതി നിലനിൽക്കാത്തതും പ്രസ്തുത ഫേമിലെ പണം പിൻവലിക്കുന്നയാളെ പട്ടികയിൽ ഉൾപ്പെടുത്താത്ത കാരണത്താൽ മാത്രം നിരസിക്കാൻ ബാദ്ധ്യസ്ഥവുമാണ്. അതുകൊണ്ട്, ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് അധികാരിത ഇല്ലാത്തതും അതുപോലെ പരാതിക്ക് തന്നെ നിയമപരമായി നിലനിൽപ്പില്ലാത്തതുമാണ്. നിലവിൽ ഇനിയും രണ്ട് പ്രതികൾ പരാതിക്കാരനുമായുള്ള തർക്കം പൂർണ്ണമായി പരിഹരിച്ചിരിക്കുന്നതും, പരാതിക്കാരൻ നേരത്തെ തന്നെ പരാതി പിൻവലിച്ചതായി എഗ്സിബിറ്റ് പി-2 വ്യക്തമാക്കുന്നതും 20/10/2014 തീയതിയിലെ എഗ്സിബിറ്റ് പി 2 ഉത്തരവ് പ്രകാരം വിചാരണ കോടതി 2-ാം ഹർജികക്ഷിയെയും മറ്റ് പ്രതിയേയും വെറുതെ വിടുകയും ചെയ്തു.

6. 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 85-ാം വകുപ്പ് താഴെ പറയും പ്രകാരം വായിക്കാം:

"85 ജപ്തിചെയ്ത വസ്തുവിന്റെ മോചനവും വിൽപ്പനയും തിരികെ കൊടുക്കലും- (1) വിളംബരം ചെയ്യപ്പെട്ട ആൾ, വിളംബരത്തിൽ നിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ ഹാജരാകുന്നുവെങ്കിൽ, കോടതി, വസ്തു ജപ്തിയിൽ നിന്ന് മോചി

പ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) വിളംബരം ചെയ്യപ്പെട്ടയാൾ വിളംബരത്തിൽ നിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ ഹാജരാകാത്ത പക്ഷം, ജപ്തിക്കു കീഴിലുള്ള വസ്തു സംസ്ഥാന സർക്കാരിന് യഥേഷ്ടമായ കൈകാര്യം ചെയ്യലിന് വിധേയമായിരിക്കുന്നതും എന്നാൽ അത് ജപ്തിയുടെ തീയതി മുതൽ ആറുമാസം കഴിയുന്നതുവരെയും, 84-ാം വകുപ്പിൻ കീഴിൽ ഉന്നയിക്കപ്പെടുന്ന ഏതെങ്കിലും അവകാശവാദമോ ബോധിപ്പിക്കപ്പെട്ട ഏതെങ്കിലും ആക്ഷേപമോ ആ വകുപ്പിൻകീഴിൽ തീർപ്പാക്കപ്പെടുന്നതുവരെയും, അത് വേഗത്തിലും സ്വഭാവികമായും കേടുവരുന്നതായിരിക്കുകയോ അല്ലെങ്കിൽ വിൽക്കുന്നത് ഉടമസ്ഥന്റെ ഗുണത്തിനായിരിക്കുമെന്ന് കോടതി കരുതുകയോ ചെയ്യാത്ത പക്ഷം, വിൽക്കാൻ പാടില്ലാത്തതും, ആ രണ്ടു സംഗതികളിൽ ഏതിലും കോടതിക്ക് അതിനു യുക്തമെന്നു തോന്നുമ്പോൾ എപ്പോഴും അത് വിൽക്കാവുന്നതുമാണ്.

(3) ആരുടെ വസ്തുവാണോ (2)-ാം ഉപ-വകുപ്പിൻ കീഴിൽ സംസ്ഥാന സർക്കാരിന് ഇഷ്ടംപോലെ കൈകാര്യം ചെയ്യാവുന്നതായി ഇരിക്കുന്നതോ ഇരുന്നിട്ടുള്ളതോ, അയാൾ ജപ്തി തീയതി മുതൽ രണ്ടു വർഷത്തിനകം ഏത് കോടതിയുടെ ഉത്തരവുപ്രകാരമാണോ വസ്തു ജപ്തി ചെയ്തത്, ആ കോടതിയുടേയോ ആ കോടതി ഏത് കോടതിയുടെ കീഴിലാണോ ആ കോടതിയുടെയോ, മുമ്പാകെ സ്വേച്ഛയാ ഹാജരാവുകയോ, പിടിച്ചുകൊണ്ടുവരപ്പെടുകയോ ചെയ്യുകയും വാറന്റ് നടപ്പാക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറാൻവേണ്ടി താൻ ഒളിവിൽ പോവുകയോ സ്വയം ഒളിച്ചിരിക്കുകയോ ചെയ്യ്തില്ലെന്നും തനിക്ക് വിളംബരത്തെക്കുറിച്ച്, അതിൽ നിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ ഹാജരാകാൻ കഴിയാത്തവിധം അറിവ് ഇല്ലായിരുന്നുവെന്നും തെളിയിക്കുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള വസ്തുവോ അത് വിറ്റിട്ടുണ്ടെങ്കിൽ, വിറ്റുകിട്ടിയ അറ്റവരവോ വസ്തുവിന്റെ ഭാഗം മാത്രമേ വിറ്റിട്ടുള്ളുവെങ്കിൽ വിറ്റുകിട്ടിയ അറ്റവരവും, ബാക്കി വസ്തുവും കൂടിയോ അതിൽ നിന്ന് ജപ്തിയുടെ അനന്തരഫലമായി നേരിട്ടിട്ടുള്ള എല്ലാ ചെലവുകളും കൊടുത്തു തീർത്തതിനുശേഷം അയാൾക്ക് നല്കേണ്ടതാകുന്നു."

7. ബാബു *Vs* സ്റ്റേറ്റ് ഓഫ് കേരള മനു/കെ.ഇ/1577/2011:2011(3)കെ.എൽ.റ്റി 383: 2011(3) കെ.എച്ച് സി.244: 2011(2) കെ.എൽ.ഡി 109: ഐ.എൽ ആർ 2011 (3) കേരള 561: 2011 (3) കെ.എൽ ജെ 616 എന്നീ കേസുകളിൽ റിപ്പോർട്ട് ചെയ്ത ഈ കോടതിയുടെ തീരുമാനങ്ങളിൽ, മറ്റു കാര്യങ്ങൾക്കിടയിൽ, ക്രിമിനൽ നടപടി നിയമസംഹിതയിലെ 85-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥ, പ്രഖ്യാപിത കുറ്റവാളികൾ സ്വമേധയാ ഹാജരാകുകയോ ജപ്തി ഉത്തരവ് തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ കോടതിയിൽ കൊണ്ടു വരികയും അയാൾ വാറണ്ട് നടപ്പിലാക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറുന്നതിനായി നിയമത്തിന്റെ പിടിയിൽപ്പെടാതിരിക്കുവാൻ ഒഴിഞ്ഞ് പോകുകയോ ഒളിഞ്ഞിരിക്കുകയോ ചെയ്തിട്ടില്ലെന്നും അങ്ങനെയുള്ള കോടതി മുമ്പാകെ തെളിയിക്കുകയും അല്ലെങ്കിൽ പ്രഖ്യാപനത്തിനെ കുറിച്ച് ഒരു സൂചന ലഭിച്ചില്ലെന്നും പ്രസ്തുത ഇരു വ്യവസ്ഥകൾ തൃപ്തികരമായാൽ ജപ്തി ഉത്തരവിട്ട കോടതിയ്ക്ക്, സ്വത്ത്, മറ്റുള്ളവ വിട്ടുകൊടുക്കുക എന്നല്ലാതെ മറ്റ് യാതൊരു മാർഗ്ഗവും ഇല്ല. തീർച്ചയായും, സർക്കാരിന് യഥേഷ്ടമായ കൈകാര്യം ചെയ്യലിന് വിധേയമായ സമയത്തിനിടയ്ക്ക്, വിറ്റഴിക്കപ്പെട്ടുവോ എന്ന ചോദ്യം ഉദിക്കുകയും ആ വസ്തു വിൽക്കാതിരിക്കുകയും ചെയ്താൽ, കോടതിയ്ക്ക് ആ ജപ്തി വിടുതൽ ചെയ്യാവുന്നതും

അതിന്റെ തിരിച്ചെടുക്കലിന് ഉത്തരവിടാവുന്നതും ആ വസ്തു മുഴുവനോ ഏതെങ്കിലും ഭാഗമോ സർക്കാർ വിൽക്കുകയാണെങ്കിൽ, ചെലവുകൾ തട്ടിക്കഴിച്ച് ശേഷിക്കുന്ന വസ്തു വിട്ടുനൽകുന്നതിനും/ അല്ലെങ്കിൽ വിറ്റുകിട്ടുന്ന പണത്തിനോ ഉത്തരവിടുന്നതിന് കോടതിയ്ക്ക് അധികാരമുണ്ട്, എന്ന് വിധിച്ചിട്ടുണ്ട്. സംഹിതയുടെ 85-ാം വകുപ്പിന്റെ (3)-ാം ഉപ-വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള 2 വർഷക്കാലയളവ് കാലഹരണ പരിധി അല്ലാത്തതും, അതത് സംഗതിപോലെ, ജപ്തി വസ്തുവോ വിറ്റുവരവോ വിട്ടുനൽകുന്നതിന് കോടതിയോട് അഭ്യർത്ഥിക്കുന്നതിന് മുൻപ്, പ്രഖ്യാപിത വ്യക്തി പാലിക്കേണ്ട ഇരു മുൻ ഉപാധികളിൽ ഒന്നാകുന്നതുമാണ്. 85-ാം വകുപ്പിലെ 3-ാം ഉപ-വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള കാലയളവ് കാലഹരണ പരിധി അല്ലാത്ത പക്ഷം അത് ഇരു മുൻ ഉപാധികളിൽ ഒന്ന്, കാലഹരണ ആക്റ്റിന്റെ 4 മുതൽ 24 വരെയുള്ള വകുപ്പുകളുടെ ബാധകത പ്രസ്തുത രണ്ട് വർഷക്കാലയളവ് 85(3)-ാം വകുപ്പിൽ ഉദിക്കുന്നതല്ലാത്തതും, ജപ്തി ചെയ്ത തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞാൽ വസ്തു മുതലായവ വീണ്ടെടുക്കുന്നതിനുള്ള ഉത്തരവ് നല്കുവാൻ കോടതിയ്ക്ക് ഉള്ള അധികാരിത നഷ്ടമാകുന്നതുമാണ്. പ്രസ്തുത വിധിയിൽ മറ്റു കാര്യങ്ങൾക്കിടയിൽ 19-ാം ഖണ്ഡികയിൽ ക്രിമിനൽ നടപടി നിയമസംഹിതയിലെ 85 (2) വകുപ്പിൽ സൂചിപ്പിക്കുന്ന യാദൃശ്ചിക സംഭവത്തിൻമേൽ ജപ്തി ചെയ്യപ്പെട്ട വസ്തു "സംസ്ഥാന സർക്കാരിന് യഥേഷ്ടം കൈകാര്യം ചെയ്യുന്നതിന് വിധേയമായിരിക്കുന്നതും", കൂടാതെ, ആ ജപ്തി ഒരു അവകാശം നല്കുന്നില്ല, എന്നാൽ, കൈമാറ്റത്തെ തടയുന്നത് മാത്രവും ജപ്തി ചെയ്ത വസ്തു സർക്കാരിന് യഥേഷ്ടം കൈകാര്യം ചെയ്യാനാകുമ്പോൾ, അത് സർക്കാരിന് ആ വസ്തുവിേ ൽ ഒരു അവകാശവും നല്കുന്നില്ല, കൂടാതെ അത് സർക്കാരിൽ ഒരു അവകാശവും നിക്ഷിപ്തമാക്കുന്നുമില്ല, എന്നാൽ, വസ്തു ജപ്തി തുടരുന്ന കാലയളവിൽ സ്വത്തിൽ നിന്നുള്ള ആദായം സ്വീകരിക്കുന്നതിനുള്ള അവകാശം മാത്രമേ സർക്കാരിന് നൽകുന്നുള്ളു എന്നും സംഹിതയുടെ 85-ാം വകുപ്പിന്റെ (2) -ാം ഉപ-വകുപ്പ് അനുസരിച്ച്, ഇതിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ജപ്തി ചെയ്ത വസ്തു വിൽക്കുവാൻ സർക്കാരിന് അധികാരമുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്.

8. ക്രിമിനൽ നടപടി നിയമസംഹിതയിലെ 85 (2) വകുപ്പിന്റെ വ്യാപ്തിയും പരിധിയും വിമൽബെൻ അജിബായി പട്ടേൽ ഢഛ വത്സ്ലബീൻ അശോക്ഭായി പട്ടേൽ മനു/എസ്.സി/7334/2008:(2008) 4 എസ്.സി 694-ലും അതുപോലെ തന്നെ ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് മൊയ്തീൻ ഢഛ സബ് ഇൻസ്പക്ടർ ഓഫ് പോലീസ് മനു/കെ.ഇ/1310/2010:2010(3)കെ.എൽ.റ്റി 836:2010(3)കെ.എച്ച് സി 860: 2010 (2)കെ.എൽ.ഡി.417:ഐ.എൽ.ആർ. 2010 (3) കേരള 796: 2010 (3) കെ.എൽ.ജെ 112 എന്നീ കേസുകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

9. വസ്തു 2-ാം ഹർജികക്ഷിയുടെ (പ്രതി) കൈവശത്തിലുള്ളതായിരുന്നെങ്കിൽ, അപ്പോൾ, തീർച്ചയായും ജപ്തി തീയതി മുതലായവ മുതൽ രണ്ട് വർഷത്തിനുള്ളിൽ പ്രതി ക്രിമിനൽ വിചാരണ കോടതി മുമ്പാകെ ഹാജരാകണം എന്ന ക്രിമിനൽ നടപടി നിയമസംഹിതയിലെ 85 (3)-ാം വകുപ്പിലെ നിയന്ത്രണങ്ങൾക്ക് മുഖ്യമായും ബാധകം ആകുമായിരുന്നു എന്നത് സത്യമാണ്. നിലവിലെ കേസിൽ, വസ്തു ജപ്തി സമയത്ത് 2-ാമത്തെ ഹർജികക്ഷിയുടെ (പ്രതി) കൈവശം ആയിരുന്നില്ല. അങ്ങനെ ഒരു സാഹചര്യത്തിൽ ബാബു *Vs* സ്റ്റേറ്റ് ഓഫ് കേരള മനു/കെ ഇ/1577/2011:2011 (3) കെ. എൽ. റ്റി. 383:2010

(3) കെ. എച്ച്. സി. 860:2010 (2) കെഎൽഡി 417:ഐ എൽ.ആർ 2010 (3) കേരള 796: 2010 (3)കെ.എൽ.ജെ 112, എന്നീ കേസുകളിൽ റിപ്പോർട്ട് ചെയ്ത ഈ കോടതിയുടെ വിധി വാചകം തീർച്ചയായും ബാധകമല്ല. 2-ാം ഹർജികക്ഷി പ്രതി ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവിന്റെ സമയത്ത് വസ്തുവിന്റെ ഉടമസ്ഥനല്ലാതിരുന്നതിനാൽ, ആയതുകൊണ്ട്, 1-ാം ഹർജികക്ഷിയ്ക്ക് ചോദ്യം ചെയ്യപ്പെട്ട ക്രിമിനൽ നടപടികളിൽ യാതൊന്നും തന്നെ ചെയ്യാനില്ലാത്തും 26/3/2005 മുതൽ വസ്തുവിന്റെ പൂർണ്ണഉടമയായി ത്തീർന്നതും ആയത് 30/09/2006 തീയതിയിലെ ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് പുറപ്പെടുവിച്ചതിന് മുമ്പുമായിരുന്നതിനാൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 85 (3) വകുപ്പിലെ മേൽ പറഞ്ഞ നിയന്ത്രണങ്ങൾ ഈ കേസ്സിലെ വസ്തുതകൾക്ക് ബാധകമല്ല.

10. 1973 -ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 84-ാം വകുപ്പും അതിന്റെ ക്ലിപ്ത നിബന്ധനകളും താഴെ പറയുന്ന പ്രകാരം വായിക്കാം:

"84. ജപ്തി സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും-(1) 83-ാം വകുപ്പിൻ കീഴിൽ ജപ്തി ചെയ്യപ്പെടുന്ന ഏതെങ്കിലും വസ്തു സംബന്ധിച്ച് അങ്ങനെയുള്ള ജപ്തിയുടെ തീയതി മുതൽ ആറു മാസത്തിനകം, വിളംബരം ചെയ്യപ്പെട്ട ആളല്ലാത്ത ഏതെങ്കിലും ആൾ, അവകാശവാദിയോ ആക്ഷേപക്കാരനോ അങ്ങനെയുള്ള വസ്തുവിൽ ഒരവകാശമുണ്ടെന്നും അങ്ങനെയുള്ള അവകാശം 83-ാം വകുപ്പിൻകീഴിൽ ജപ്തി ചെയ്യാവുന്നതല്ലെന്നുമുള്ള കാരണത്തിൻമേൽ ഏതെങ്കിലും അവകാശവാദം ഉന്നയിക്കുകയോ, ആക്ഷേപം ബോധിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ അവകാശവാദമോ ആക്ഷേപമോ സംബന്ധിച്ച് അന്വേഷണ വിചാരണ നടത്തേണ്ടതും അത് മുഴുവനായോ ഭാഗികമായോ അനുവദിക്കപ്പെടുകയോ അനുവദിക്കപ്പെടാതിരിക്കുകയോ ചെയ്യാവുന്നതുമാകുന്നു:

എന്നാൽ, ഈ ഉപ-വകുപ്പ് അനുവദിക്കുന്ന കാലാവധിക്കുളളിൽ ഉന്നയിച്ച ഏതെങ്കിലും അവകാശവാദമോ ബോധിപ്പിക്കപ്പെടുന്ന ഏതെങ്കിലും ആക്ഷേപമോ അവകാശവാദിയോ ആക്ഷേപക്കാരനോ മരിച്ചുപോകുന്ന സംഗതിയിൽ, അയാളുടെ നിയമാനുസൃത പ്രതിനിധിക്ക് തുടരാവുന്നതാണ്.

(2) (1)-ാം ഉപ-വകുപ്പിൻ കീഴിലുളള അവകാശവാദങ്ങളോ ആക്ഷേപങ്ങളോ ജപ്തിക്കുളള ഉത്തരവ് പുറപ്പെടുവിച്ച കോടതികളിലോ അല്ലെങ്കിൽ അവകാശവാദമോ ആക്ഷേപമോ 83- ാം വകുപ്പ് (2)-ാം ഉപ-വകുപ്പിൻ കീഴിൽ എൻഡോഴ്സ് ചെയ്യപ്പെട്ട ഒരുത്തരവിൻകീഴിൽ ജപ്തിചെയ്ത വസ്തു സംബന്ധിച്ചാണെങ്കിൽ ജപ്തിയുണ്ടായ ജില്ലയിലെ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റിന്റെ കോടതിയിൽ ഉന്നയിക്കുകയോ, ബോധിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(3) അങ്ങനെയുളള ഏതൊരു അവകാശവാദവും അല്ലെങ്കിൽ ആക്ഷേപവും, അത് ഉന്നയിക്കപ്പെടുകയോ ബോധിപ്പിക്കപ്പെടുകയോ ചെയ്തത് ഏതു കോടതിയിലാണോ, ആ കോടതി അന്വേഷണവിചാരണ ചെയ്യേണ്ടതാകുന്നു:

എന്നാൽ അത് ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റിന്റെ കോടതിയിലാണ് ഉന്നയിക്കപ്പെടുകയോ ബോധിപ്പിക്കപ്പെടുകയോ ചെയ്യുന്നതെങ്കിൽ അദ്ദേഹത്തിന് അത് തന്റെ കീഴിലുള്ള ഏതെങ്കിലും മജിസ്ട്രേറ്റിന് തീർപ്പാക്കാനായി അയച്ചുകൊടുക്കാവുന്നതാണ്.

(4) ആരുടെ അവകാശവാദമോ ആക്ഷേ

പമോ ആണോ (1)-ാം ഉപ-വകുപ്പിൻ കീഴിലെ ഉത്തരവുപ്രകാരം മുഴുവനായോ, ഭാഗികമായോ അനുവദിക്കപ്പെടാതിരിന്നിട്ടു ളളത്, അയാൾക്ക് അങ്ങനെയുളള ഉത്തര വിന്റെ തീയതി മുതൽ ഒരു വർഷത്തെ കാലാ വധിക്കുളളിൽ തർക്കവസ്തുസംബന്ധിച്ച് താൻ വാദം ഉന്നയിക്കുന്ന അവകാശം സ്ഥാപിക്കുന്നതിന് വ്യവഹാരം കൊടുക്കാവ ുന്നതാണ്, എന്നാൽ അങ്ങനെയുളള വ്യവ ഹാരം ഏതെങ്കിലുമുണ്ടെങ്കിൽ അതിന്റെ ഫലത്തിനു വിധേയമായി ഉത്തരവ് നിർണ്ണായ കാ01മായിരിക്കുന്നതാകുന്നു."

അതുപോലെ ചോദ്യം ചെയ്യപ്പെട്ട പ്രതി ക്രിമിനൽ നടപടികളിൽ പ്രതിയല്ലാത്ത 1-ാം ഹർജികക്ഷിയെപോലെയുളള ആൾക്കാർക്ക് ക്രിമിനൽ നടപടി നിയമസംഹിതയിലെ 84 (1) -ാം വകുപ്പിനനുസൃതമായി ബദൽ സ്റ്റാറ്റ്യൂട്ടറി പ്രതിവിധി ഉണ്ട്. 1-ാം ഹർജികക്ഷിപറയുന്ന തനുസരിച്ച്,ഒരു സ്റ്റാറ്റ്യൂട്ടറി പ്രതിവിധിയുടെ ലഭ്യത ഈ കോടതിയ്ക്ക് ഭാരത ഭരണഘടന യുടെ 227-ാം അനുച്ഛേദ പ്രകാരം നൽകിയി ട്ടുളള വിവേചനാപരമായ ഭരണഘടനാധികാര ങ്ങൾ വിനിയോഗിക്കുന്നതിന് തടസ്സമില്ല. 1-ാം ഹർജികക്ഷിയ്ക്ക് പരാതി നടപടികളു മായി ബന്ധപ്പെട്ട് യാതൊന്നും ചെയ്യുവാൻ ഇല്ലാത്തതും അയാൾ, ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് പുറപ്പെടുവിച്ച തീയതിയ്ക്ക് വളരെ മുമ്പേ വസ്തുവിന്റെ പൂർണ്ണ ഉടമസ്ഥ നായി. ആ പരാതി തന്നെ പിൻവലിക്കു കയും, പാർട്ട്ണർഷിപ്പ് ഫേം മുതലായവയെ ചേർത്തിട്ടില്ലാത്തതിനാൽ ഈ പരാതി നില നിൽക്കുന്നതുമല്ലായിരുന്നു. ഈ കാരണങ്ങ ളെല്ലാംകൊണ്ട് ഈ കേസിന്റെ വസ്തുത കളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഭാരത ഭരണഘടനയുടെ 227-ാം അനു ച്ഛേദത്തിൻ കീഴിൽ ഈ കോടതിയ്ക്ക് നല്കി യിട്ടുളള വിവേചനാധികാരം അനുചിതമായി പ്രയോഗിക്കണമെന്നാണ് ഈ കോടതിയുടെ പരിഗണിത അഭിപ്രായം. അതനുസരിച്ച് 30/09/2006 ലെ ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവ് അസ്ഥിരപ്പെടുത്തിയതായി നിലകൊളളുന്നതും തത്ഫലമായി, 6/08/2016 തീയതിയിലെ ചോദ്യം ചെയ്യപ്പെട്ട എഗ്സി ബിറ്റ് പി-3 അസ്ഥിരപ്പെടുത്തിയതായി നില കൊളളുന്നതും, റദ്ദാക്കുന്നതിന് ഉത്തരവി ടുകയും ചെയ്യുന്നു. വിദ്വാനായ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ചോദ്യം ചെയ്യപ്പെട്ട ജപ്തി ഉത്തരവിനാൽ തഹസിൽദാർ, ജില്ലാ കളക്ടർ എസ്.ആർ.ഒ മുതലായ ബന്ധപ്പെട്ട റവന്യൂ അധികാരികൾ പുറപ്പെടുവിച്ച എല്ലാ തുടർന ടപടികളും അസ്ഥിരപ്പെടുത്തിയതായും റദ്ദാ ക്കിയതായും നിലകൊളളുന്നു. ഹർജ്ജി കക്ഷികൾ ഈ വിധിയുടെ പകർപ്പുകൾ തഹ സിൽദാർ, എസ്.ആർ.ഒ, വില്ലേജ് ആഫീസർ മുതലായ ബന്ധപ്പെട്ട ക്ഷമതയുളള റവന്യൂ അധികാരികൾ മുമ്പാകെ ഹാജരാക്കേണ്ട തും, അതിേ ൽ, ഈ കോടതി ഇപ്പോൾ റദ്ദാ ക്കിയ ജപ്തി ഉത്തരവിന്റെ സാധുത ഇല്ലാതാ ക്കുവാൻ ആവശ്യമായ ഉത്തരവുകൾ പ്രസ്തുത അധികാരസ്ഥാനങ്ങൾ പുറപ്പെടു വിക്കും. രജിസ്ട്രി, കീഴ്ക്കോടതി രേഖകൾ ഈ വിധിയുടെ ഒരു പകർപ്പിനോടൊപ്പം വിചാരണകോടതിയ്ക്ക് ആവശ്യമായ അറി വിലേക്കായി കൈമാറും.

ഈ നിരീക്ഷണങ്ങളോടും നിർദ്ദേശങ്ങ ളോടും മേൽ അസ്സൽ ഹർജി (ക്രിമിനൽ) അന്തിമമായി തീർപ്പാക്കുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എസ്.പി.ചാലി

റിട്ട് ഹർജി (സി) നം. 32325/2017 (എം)

സെബാസ്റ്റ്യൻ റ്റി. ജോസഫും മറ്റുള്ളവരും

*Vs*

കേരള സംസ്ഥാന ബാലാവകാശങ്ങൾ സംരക്ഷണ കമ്മീഷനും മറ്റുള്ളവരും

2017 ഡിസംബർ 12-ന് വിധി കൽപ്പിച്ചത്

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് സിവിൽ നടപടി നിയമ സംഹിതയിലെ മറ്റ് വ്യവസ്ഥകളെ അവലംബിച്ചുകൊണ്ട് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോ എന്നതാണ് കേസിലെ വിഷയം. വിചാരണവേളയിൽ അന്വേഷണം നടത്തുമ്പോൾ സാക്ഷികളുടെയും രേഖകളുടെയും മറ്റ് അനുബന്ധകാര്യങ്ങളുടേയും സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനായി, സിവിൽ നടപടി നിയമ സംഹിതയിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിക്കുവാൻ കമ്മിഷന് അവകാശമുള്ളതും, പ്രസ്തുത വ്യവസ്ഥ മറ്റേതെങ്കിലും രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്ന പക്ഷം ഗുണപ്രദമാകുന്നതിനേക്കാൾ വിനാശകരമായിരിക്കും ഫലം. പ്രസ്തുത വീക്ഷണത്തിന്മേൽ എതിർകക്ഷി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന് യാതൊരുവിധ നിയമസംരക്ഷണവും ഇല്ലാത്തതും ആയത് ഏകപക്ഷീയവും നിയമവിരുദ്ധവുമായതിനാൽ ഭാരത ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് ഇടക്കാല ഉത്തരവ് റദ്ദാക്കികൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു.**

### വിധിന്യായം

*ജസ്റ്റിസ് എസ്.പി.ചാലി*

റിട്ട് ഹർജിയിലെ ഒന്നാം ഹർജിക്കാരൻ തിരുവനന്തപുരം സെന്റ് തോമസ് സെൻട്രൽ സ്കൂളിന്റെ പ്രിൻസിപ്പലും, 2-ാം ഹർജിക്കാരൻ മാർതോമ്മ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ സെക്രട്ടറിയുമാണ്. 2-ാം എതിർകക്ഷിക്ക് ക്ലാസ്സിൽ ഹാജരാകുന്നതിനും, വിദ്യാഭ്യാസം തുടരുന്നതിനും മറ്റ് ബന്ധപ്പെട്ട ആശ്വാസങ്ങൾ ആസ്വദിക്കുന്നതിനുമായി 3-10-17-ൽ 2-ാം എതിർകക്ഷിയ്ക്ക് അനുകൂലമായി അനുവദിച്ച ഇടക്കാല ആശ്വാസ ഉത്തരവായ



5/463/18 - 8

എഗ്സിബിറ്റ് പി15 അസാധുവാക്കുന്നതിന് ഹർജിക്കാരൻ ആവശ്യപ്പെട്ടു, ആയത് ഇപ്രകാരം വായിക്കുന്നു:

ഒന്നാം എതിർകക്ഷി പരാതിക്കാരനായ കുട്ടിയെ ക്ലാസ്സിൽ ഹാജരാകുന്നതിനും അവന്റെ വിദ്യാഭ്യാസം തുടരുന്നതിനും അനുവദിക്കേണ്ടതാണ്. മറ്റൊരാളുടെയും ഉപദ്രവമോ വിവേചനമോ ഇല്ലാതെ വിവിധ വിഷയങ്ങളിന്മേലുളള ഇന്റേർണൽ അസെസ്മെന്റ് പൂർത്തിയാക്കുന്നതിനായി അവന് ആവശ്യത്തിന് സമയവും, വിഷയങ്ങളും നൽകേണ്ടതും ആയതിന് ന്യായമായ ഒരു അസെസ്മെന്റും സ്കൂളിൽ നിന്നും ചെയ്തു നൽകേണ്ടതാണ്. മേൽ ആവശ്യത്തിലേക്കായി ഈ ഉത്തരവിന്റെ പകർപ്പിനോടൊപ്പം കുട്ടിയുടെ അച്ഛൻ ഒന്നാം എതിർകക്ഷിയ്ക്ക് ഒരു ഔപചാരികമായ അപേക്ഷ തയ്യാറാക്കി നൽകേണ്ടതാണ്. അഞ്ചാം എതിർകക്ഷി, സംഗതിയെ കുറിച്ച് അന്വേഷണം നടത്തേണ്ടതും പതിനഞ്ച് ദിവസത്തിനുളളിൽ ഒരു വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

2. റിട്ട് ഹർജി തീർപ്പാക്കുന്നതിനുവേണ്ടി സാരവത്തായ വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

3. 2-ാം എതിർകക്ഷി 2016-17 അദ്ധ്യയന വർഷത്തിൽ പതിനൊന്നാം ക്ലാസ്സിലേക്ക് സ്കൂളിൽ പ്രവേശനം നേടുകയും ഇപ്പോൾ 12-ാം ക്ലാസ്സിലും ആണ്. 2-ാം എതിർകക്ഷി സ്കൂളിൽ വച്ച് അദ്ധ്യാപകരുടെയും മറ്റ് വിദ്യാർത്ഥികളുടെയും മുന്നിൽ വച്ച് ഒരു വിദ്യാർത്ഥിനിയെ ആലിംഗനം ചെയ്തതായി വിവരിച്ച് കൊണ്ട് 21.7.2017-ൽ ഒരു അദ്ധ്യാപിക 1-ാം ഹർജിക്കാരന് എഗ്സിബിറ്റ് പി2 റിപ്പോർട്ട് സമർപ്പിച്ചു. ഹർജിക്കാരൻ പറയുന്ന പ്രകാരം, പ്രസ്തുത സംഭവത്തിനു ശേഷം, വിദ്യാർത്ഥികൾ ഇരുവരും ക്ലാസ്സിൽ ഹാജരാകുന്നില്ല. സ്കൂളിലെ സമിതിയുടെ ശിപാർശപ്രകാരം, ഇരു വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളെ ഒന്നാം ഹർജിക്കാരൻ വിളിപ്പിക്കുകയും അവർ സംഭവം സമ്മതിച്ചുകൊണ്ട് എഗ്സിബിറ്റ് പി.4-ഉം പി.5-ഉം സമർപ്പിക്കുകയും ചെയ്തു.

4. സാമൂഹ്യ മാധ്യമമായ ഇൻസ്റ്റാഗ്രാമിൽ, ഇതിനെ കുറച്ച് ദിവസങ്ങൾക്ക് ശേഷം, 2-ാം എതിർകക്ഷിയുടെയും വിദ്യാർത്ഥിനിയുടെയും അനുരഞ്ജന നിലയിലുളള ചില ഫോട്ടോഗ്രാഫുകൾ ശ്രദ്ധയിൽപ്പെട്ടു. 2-ാം എതിർകക്ഷി പുറത്തുവിട്ട പ്രസ്തുത ഫോട്ടോഗ്രാഫുകൾ മറ്റ് വിദ്യാർത്ഥികളും അതുപോലെതന്നെ പൊതുജനങ്ങളും കാണുകയും അത് വിദ്യാർത്ഥികളുടെ മനോവീര്യത്തെയും, സ്കൂളിന്റെ യശസ്സിനെയും ബാധിക്കുകയും ചെയ്തു.

5. അതേസമയം, 11-8-2017-ൽ 2-ാം എതിർകക്ഷിയുടെ രക്ഷാകർത്താക്കൾ, വിദ്യാർത്ഥിയുടെ വസതിയിൽ വച്ച് അവർ വിദ്യാഭ്യസം നൽകുന്നുവെന്നും, തുടർന്ന് വരുന്ന പരീക്ഷകളിൽ അവരുടെ ആശ്രിതന് ഹാജരാകുന്നതിനായി അനുമതിതേടികൊണ്ടും ഒന്നാം ഹർജിക്കാരനെ സമീപിക്കുകയും എഗ്സിബിറ്റ് പി6 നിവേദനം സമർപ്പിക്കുകയും ചെയ്തു. പട്ടികപ്രകാരം 21-8-2017 മുതൽ 31-8-2017 വരെയുളള ഓണപരീക്ഷകൾക്ക് ഹാജരാകുന്നതിനായി ആ വിദ്യാർത്ഥിയെ അനുവദിച്ചിരുന്നു. എന്നിരുന്നാലും, അച്ചടക്ക സമിതി ഇരു വിദ്യാർത്ഥികൾക്കും എതിരെ ശിക്ഷാ നടപടി ആരംഭിച്ചു. 11-9-2017 തീയതിയിലെ എഗ്സിബിറ്റ് പി.7 ഉത്തരവ് പ്രകാരം ഇരു വിദ്യാർത്ഥികളെയും

സസ്പെൻഷനിൽ നിർത്തുകയും, 22-9-2017 തീയതിയിലെ എഗ്സിബിറ്റ് പി.8 ചാർജ്ജ് മെമ്മോ അവർക്ക് നൽകുകയും ചെയ്തു. ആ വിദ്യാർത്ഥികൾ എഗ്സിബിറ്റ് പി.9-ഉം, പി10-ഉം ക്ഷമാപണം സമർപ്പിച്ചു. എഗ്സിബിറ്റ് പി.9-ഉം, പി10-ഉം കണക്കിലെടുത്ത് അച്ചടക്ക നടപടികൾ മാറ്റിവച്ചു.

6. സംഗതികൾ അങ്ങനെയായിരിക്കെ, 2-ാം എതിർകക്ഷി ഫയൽചെയ്ത പരാതിയുടെ പകർപ്പിനോടൊപ്പം ഒന്നാം എതിർകക്ഷി 17-8-2017 തീയതിയിൽ പുറപ്പെടുവിച്ച എഗ്സിബിറ്റ് പി12 സമൻസും ഒന്നാം പരാതിക്കാരന് നൽകി. അതിേ ൽ, 7.9.2017 തീയതിയിലെ എഗ്സിബിറ്റ് പി.13 റിപ്പോർട്ട് ഒന്നാം ഹർജിക്കാരൻ സമർപ്പിച്ചു, എഗ്സിബിറ്റ് പി.13നോടൊപ്പം, സാമൂഹ്യ മാധ്യമത്തിൽ നിന്നും വീണ്ടെടുത്ത ഫോട്ടോഗ്രാഫുകളുടെ പകർപ്പും വിദ്യാർത്ഥികൾക്കെതിരെ ആരംഭിച്ചിട്ടുള്ള വിവിധ നടപടിക്രമങ്ങളുടെ പകർപ്പുകളും ഹാജരാക്കി. അതിനുശേഷം, 18-9-2017-ൽ ഹർജിക്കാർ ഹാജരാകണമെന്ന് അറിയിച്ചു കൊണ്ട് 14-9-2017 തീയതിയിലെ എഗ്സിബിറ്റ് പി.14 സമൻസ് ഒന്നാം എതിർകക്ഷി നൽകി. അപ്രകാരം ഒന്നാം ഹർജി കക്ഷി 18-9-2017-ൽ ഹാജരാകുകയും 1-ാം എതിർകക്ഷി, 1-ാം ഹർജിക്കാരനോട് അച്ചടക്ക നടപടിക്രമങ്ങൾ പൂർത്തിയാക്കി അതിന്മേലുള്ള തീരുമാനം അറിയിക്കണമെന്നും ഉപദേശിച്ചു. എന്നിരുന്നാലും, 1908-ലെ സിവിൾ നടപടി നിയമസംഹിതയിലെ 94 (ഇ) വകുപ്പും, 151-ാം വകുപ്പും പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കൊണ്ട് 2-ാം എതിർകക്ഷിയെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് 3-10-2017 തീയതിയിലെ എഗ്സിബിറ്റ് പി.15 ഉത്തരവ് ഹർജിക്കാർക്ക് നൽകി. കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വെച്ച് ആ അധികാരത്തിന് ശിപാർശയുടെ സ്വഭാവം മാത്രമാണ് ഉള്ളതെന്നും, അതിനാൽ, അന്വേഷണം നടത്താതെയുള്ളതും, അധികാരമില്ലാതെയും പുറപ്പെടുവിച്ച എഗ്സിബിറ്റ് പി.15 ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതല്ല എന്നുമായിരുന്നു ഹർജിക്കാരുടെ വാദം. ഈ പശ്ചാത്തലത്തിൽ, ഹർജിക്കാർ എഗ്സിബിറ്റ് പി.15 റദ്ദാക്കണമെന്ന് ആവശ്യപ്പെടുന്നു.

7. 2-ാം എതിർകക്ഷിയ്ക്ക് വേണ്ടി അവന്റെ പിതാവ് വിശദമായ എതിർസത്യവാങ്മൂലം ഫയൽ ചെയ്തു. 2-ാം എതിർകക്ഷി പറയുന്നത് അനുസരിച്ച്, 21-7-2017-ൽ സ്കൂൾ കലോത്സവം നടക്കുമ്പോൾ, 2-ാം എതിർകക്ഷി, അവളുടെ ഒരു ഗാനാലാപനത്തിൽ വളരെയധികം ആകൃഷ്ടനായി വിനയത്തോടും ബഹുമാനത്തോടും കൂടി അഭിനന്ദനീയമായി കെട്ടിപ്പിടിച്ച ആ വിദ്യാർത്ഥിനി യദൃശ്ചയാ അവന്റെ ഒരു സുഹൃത്ത് കൂടിയാണ്. അവളെ അഭിനന്ദിക്കുക എന്നല്ലാതെ, അവന്റെ ഭാഗത്ത് യാതൊരു ദുഷ്ട ലക്ഷ്യമോ മറ്റ് ഏതെങ്കിലും പദ്ധതിയോ ഉണ്ടായിരുന്നില്ല. മറ്റ് വാദങ്ങളും പ്രസ്തുത സംഭവത്തെ ന്യായീകരിക്കുന്നതായി ചൂണ്ടിക്കാട്ടുന്നു. അദ്ധ്യാപിക 2-ാം എതിർകക്ഷിയെയും വിദ്യാർത്ഥിനിയെയും കൂടി വൈസ് പ്രിൻസിപ്പലിന്റെ മുറിയിൽ കൊണ്ടുപോകുകയും, അവിടെവച്ച് സംഭവിച്ചതിനെല്ലാം 2-ാം എതിർകക്ഷിയും വിദ്യാർത്ഥിനിയും നിരുപാധികം ക്ഷമാപണം നടത്തുകയും, അവരുടെ ഭാഗത്ത് നിന്നും അങ്ങനെ യാതൊരു പെരുമാറ്റവും ഉണ്ടാകുകയില്ലെന്ന് ഉറപ്പ് നൽകുക കൂടി ചെയ്തതായും ബോധിപ്പിച്ചു. വസ്തുതകൾ ഇങ്ങനെയായിരുന്നിട്ടും,

ക്ലാസ്സ് ടീച്ചർ വഴങ്ങാതിരുന്നതും, വൈസ് പ്രിൻസിപ്പലിനോട് ബാക്കി കാര്യം അവർ നോക്കാം എന്ന് ഉറപ്പിച്ചു പറയുകയും, 2-ാം എതിർകക്ഷിയോടും വിദ്യാർത്ഥിനിയോടും അടുത്ത ദിവസം ക്ലാസ്സിൽ ഹാജരാകരുതെന്ന് ആവശ്യപ്പെട്ടതായും കൂടി പറഞ്ഞു. രക്ഷാകർത്താക്കളെ വിളിപ്പിച്ചതും, അവരെ കൊണ്ട് സത്യവാങ്മൂലം സമർപ്പിച്ചതും മുതലായ മറ്റ് സംഗതികൾ എല്ലാം സമ്മതിച്ചിട്ടുണ്ട്.

8. സ്കൂൾ ജീവിതത്തിലെ അന്തിമ സമയത്ത് സ്കൂൾ അധികാരികളുമായി നീണ്ട യുദ്ധം നടത്തുവാൻ താല്പര്യമില്ലാത്തതിനാലും ഓണപരീക്ഷകൾക്ക് ശേഷം, ആയതിന് ഹാജരാകുന്നതിന് അവരെ അനുവദിച്ചിരുന്നു, ഹാജരാകുവാൻ അനുവദിക്കുമെന്ന പ്രതീക്ഷയിൽ 2-ാം എതിർകക്ഷിയും, രക്ഷാകർത്താക്കളും ഈ അപമാനം സഹിച്ചതായി കൂടി തർക്കിച്ചു. എന്നാൽ, 11-8-2017-ൽ 2-ാം എതിർകക്ഷിയുടെ രക്ഷാകർത്താക്കളെ 1-ാം ഹർജിക്കാരൻ ആഫീസിലേക്ക് വീണ്ടും വിളിച്ചുവരുത്തുകയും ആ സംഭവത്തിൽ ഉൾപ്പെട്ട 2-ാം എതിർകക്ഷിയുടെയും വിദ്യാർത്ഥിനിയുടെയും ചില ചിത്രങ്ങൾ കാണിക്കുകയും ചെയ്തു. 2-ാം എതിർകക്ഷി സാമൂഹ്യ മാധ്യമമായ ഇൻസ്റ്റഗ്രാം -ൽ പോസ്റ്റ് ചെയ്ത ചില ചിത്രങ്ങളാണെന്നും, ഈ ചിത്രങ്ങൾ അശ്ലീല സ്വഭാവമുള്ളതാണെന്നും ആരോപിക്കുകയും, അതിനാൽ സ്കൂളിൽ തുടരുവാൻ അവനെ അനുവദിക്കുവാൻ കഴിയില്ലെന്നും പറഞ്ഞു. 1-ാം ഹർജ്ജിക്കാരൻ അയാളുടെ ഫോണിൽ ഈ ചിത്രങ്ങൾ രക്ഷാകർത്താക്കളെയും കൂടി കാണിച്ചു.

9. ഇൻസ്റ്റഗ്രാം ഒരു സാമൂഹ്യ മാധ്യമമാണ് എന്നും, അതിലെ അംഗങ്ങളുടെ സ്വകാര്യതയെക്കുറിച്ച് വളരെ സൂക്ഷ്മമായതാണെന്നും ഇൻസ്റ്റഗ്രാമിലെ ഒരു അംഗം അയാളുടെ സ്വകാര്യമായ അക്കൗണ്ടിൽ ഉള്ള ഫോട്ടോകൾ കാണുവാൻ ഒരംഗത്തിന് അധികാരം കൊടുക്കുന്ന സംഗതിയിൽ മാത്രമേ അതിന് സാദ്ധ്യമാകുകയുള്ളു എന്നും 2-ാം എതിർകക്ഷി തർക്കിച്ചു. അതിനാൽ അംഗങ്ങളുടെ സ്വകാര്യത സംരക്ഷിക്കുന്നതിനായി അംഗങ്ങൾ പോസ്റ്റുചെയ്ത ഫോട്ടോകൾ ഡൗൺലോഡ് ചെയ്യുന്നതിനായി ഇൻസ്റ്റാഗ്രാം ഏതൊരു സ്വാതന്ത്ര്യവും നൽകിയിട്ടില്ല. 2-ാം എതിർകക്ഷിയുടെ അക്കൗണ്ടിലും അതുപോലെ തന്നെ വിദ്യാർത്ഥിനിയുടെ അക്കൗണ്ടിലും പോസ്റ്റുചെയ്ത ഫോട്ടോകളുടെ സ്ക്രീൻ ഷോട്ടുകളാണ് രക്ഷാകർത്താക്കളെ കാണിച്ച ഫോട്ടോഗ്രാഫുകൾ.

10. ഈ ചിത്രങ്ങൾ 2-ാം എതിർകക്ഷിയുടെയും, അതുപോലെതന്നെ വിദ്യാർത്ഥിനിയുടെയും ഒരു ജന്മദിന പാർട്ടിയിൽവെച്ച് എടുത്തിട്ടുള്ളതാണെന്നും, ആയത്, തികച്ചും സ്വകാര്യവും, തെറ്റായ ലക്ഷ്യങ്ങളോ ഉദ്ദേശ്യങ്ങളോ വരുന്നില്ലായെന്നും, വളരെ യോജിച്ചതും ശാന്തവുമായ അന്തരീക്ഷത്തിൽ വെച്ച് എടുത്തതാണ് എന്നു കൂടി ബോധിപ്പിച്ചു. 1-ാം ഹർജിക്കാരൻ ആരോപിക്കുന്നതുപോലെ ഈ ചിത്രങ്ങളിൽ സദാചാരവിരുദ്ധമായി യാതൊന്നും തന്നെയില്ല. 1-ാം ഹർജിക്കാരനോ സ്കൂൾ അധികാരികളോ 2-ാം എതിർകക്ഷിയുടെ സാമൂഹ്യ മാധ്യമത്തിലെ അനുയായി അല്ല എന്നും, അവന്റെ അക്കൗണ്ടിൽ പ്രവേശിക്കുവാൻ അവരെ അനുവദിച്ചിട്ടില്ലായെന്നും, ആയതിനാൽ 2-ാം എതിർകക്ഷിയുടെ അക്കൗണ്ട് ഹാക് ചെയ്തതിനും അനുമതിയില്ലാതെ അവർ അവന്റെ പോസ്റ്റുകളുടെ സ്ക്രീൻ ഷോട്ട് എടുത്തതിനും അത്

ഉപയോഗിച്ച് അയാളെ ഭീഷണിപ്പെടുത്തിയതിനും സ്കൂളിലും സമൂഹ ത്തിലും അവന്റെ പ്രതിച്ഛായക്ക് മങ്ങലേൽ പ്പിക്കുന്ന കുറ്റം കൂടി ചെയ്തതായി സമർപ്പിച്ചു.

11. സാമൂഹ്യ മാധ്യമം മുതലായവയിൽ രചിക്കുന്ന നിയമവിരുദ്ധമായ പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ചും മറ്റ് തർക്കങ്ങൾ ഉന്നയിച്ചു. 1-ാം എതിർകക്ഷിയ്ക്ക് ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ എല്ലാ അധികാരങ്ങളും നൽകിയിട്ടുള്ളതായും ഹർജിയിൽ എതിർകക്ഷികൾക്ക് എതിരെയുള്ള ആരോപണങ്ങൾ നിയമപരമായി നിലനിൽക്കാത്തതാണെന്നും കൂടി ബോധിപ്പിച്ചു. ഇത്തരത്തിലെ എല്ലാ തർക്കങ്ങൾക്കും പുറമേ, 2-ാം എതിർകക്ഷി, പൊതു നിയമ പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതും ഈ സംഭവങ്ങൾ അയാൾക്ക് കടുത്ത മാനസികാഘാതം ഉണ്ടാക്കുന്നതായും പറഞ്ഞു. അതുകൊണ്ട്, 1-ാം എതിർകക്ഷി പുറപ്പെടുവിച്ച എഗ്സിബിറ്റ് പി.15 ഉത്തരവിൽ ഇടപെടലുകൾ നടത്തിയതായി സമർത്ഥിക്കുന്നതിന് ഹർജിക്കാർക്ക് സാധിച്ചിട്ടില്ല എന്ന് 2-ാം എതിർകക്ഷി ബോധിപ്പിക്കുന്നു.

12. റിട്ട് ഹർജിയിൽ സ്വീകരിച്ചിട്ടുള്ള നിലപാട് തുടരെ ആവർത്തിച്ചുകൊണ്ട് 2-ാം ഹർജിക്കാരൻ ഒരു മറുപടി സത്യവാങ്മൂലം ഫയൽ ചെയ്തു. എഗ്സിബിറ്റ് പി4-ഉം പി5-ഉം എഴുതിയത് വിദ്യാർത്ഥികളും അവരുടെ തന്നെ രക്ഷാകർത്താക്കളുമാണ് എന്നും, അതിനാൽ, ഹർജിക്കാരുടെ നിർബന്ധിത അടവ് മുഖാന്തിരമാണ് അവർ സത്യവാങ്മൂലങ്ങൾ സമർപ്പിച്ചിട്ടുള്ളതെന്ന എതിർ സത്യവാങ്മൂലത്തിലെ വാദങ്ങൾ നിലനിൽക്കത്തക്കതല്ലെന്നും സമർപ്പിച്ചിട്ടുണ്ട്. ഹർജിക്കാരുടെ നടപടിയെ ന്യായീകരിച്ച് മറ്റ് തർക്കങ്ങളും കൂടി ഉന്നയിച്ചു.

13. റിട്ട് ഹർജി തീർപ്പാക്കാനിരിക്കെ, സ്കൂൾ അധികാരികൾ അന്വേഷണവുമായി മുന്നോട്ട് പോവുകയും, 2-ാം എതിർകക്ഷി കുറ്റക്കാരനായി കണ്ട് അച്ചടക്കസമിതി എഗ്സിബിറ്റ് ആർ 2(എഫ്) അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും, തത്ഫലമായി സ്കൂളിൽ നിന്നും പുറത്താക്കാനുള്ള ശിക്ഷ ചുമത്താൻ നിർദ്ദേശിച്ചുകൊണ്ട്, 2-ാം എതിർകക്ഷിയോട് അറിയിപ്പ് ലഭിച്ച തീയതി മുതൽ 48 മണിക്കൂറിനുള്ളിൽ നിർദ്ദേശിച്ച നടപടിയിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 22.11.17 തീയതിയിലെ എഗ്സിബിറ്റ് ആർ 2 (എച്ച്) ഉത്തരവ് 1-ാം ഹർജിക്കാരൻ പുറപ്പെടുവിക്കുകയും ചെയ്തു. അതിേ ൽ, 2-ാം എതിർകക്ഷി 23-11-2017 തീയതിയിലെ എഗ്സിബിറ്റ് ആർ 2(ഐ) സമർപ്പിച്ചു. ഹർജിക്കാർക്ക് വേണ്ടി ഹാജരായ വിദ്വാനായ മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, വിദ്യാർത്ഥിയെ സ്കൂളിൽ നിന്നും പുറത്താക്കാൻ അവസാനം തീരുമാനിച്ചു.

14. ഹർജിക്കാർക്ക് വേണ്ടി ഹാജരായ വിദ്വാനായ മുതിർന്ന അഭിഭാഷകനെയും ബന്ധപ്പെട്ട എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകരെയും ഞാൻ കേട്ടു. ബന്ധപ്പെട്ട കക്ഷികൾ ഹാജരാക്കിയ റെക്കോർഡുകളും വാദങ്ങളും പരിശോധിച്ചു.

15. ഈ റിട്ട് ഹർജി കോടതിയുടെ ഫയലിൽ സ്വീകരിച്ചപ്പോൾ, എഗ്സിബിറ്റ് പി.15-ന്റെ പ്രവർത്തനം ഒരു മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും, ആയത്, പിന്നീട് ഒരു മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ചിരുന്നതും ഇപ്പോൾ നിലനിൽക്കുന്നതുമാണ്.

16. 21-7-2017-ൽ 2-ാം എതിർകക്ഷിയും വിദ്യാർത്ഥിനിയുമായി ബന്ധപ്പെട്ട് സ്കൂളിൽ

നടന്ന സംഭവങ്ങൾ 2-ാം എതിർകക്ഷി സമ്മതിച്ചിട്ടുളളതാണെന്ന് മുകളിൽ സൂചിപ്പിച്ചിട്ടുളള വസ്തുതാവിശകലനത്തിൽ നിന്നും വ്യക്തമാക്കാവുന്നതാണ്. അതുകൂടാതെ 2-ാം എതിർകക്ഷിയുടെയും, വിദ്യാർത്ഥിനിയുടെയും അനുരഞ്ജന നിലയിലെ രീതിയിലുളള ഫോട്ടോകൾ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തതായി 2-ാം എതിർകക്ഷി സമ്മതിക്കുകയും ചെയ്തു. വാദങ്ങൾ നടക്കുന്ന വേളയിൽ, ഇൻസ്റ്റാഗ്രാമിൽ നിന്നും എടുത്ത സ്ക്രീൻ ഷോട്ടുകളുടെ പകർപ്പുകൾ എനിക്ക് മുമ്പാകെ വാദത്തിനിടയിൽ ഹാജരാക്കി. എന്നിരുന്നാലും, 2-ാം എതിർകക്ഷിയുടെയും അതുപോലെ വിദ്യാർത്ഥിനിയുടെയും സൽപ്പേരിന് അപമാനമുണ്ടാക്കുമെന്നതിനാൽ ഫോട്ടോകൾ ഈ നടപടിക്രമങ്ങളുടെ ഭാഗമാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും, ഇൻസ്റ്റഗ്രാമിൽ വിവിധ അനുരഞ്ജന നിലയിലുളള വ്യത്യസ്ത ഫോട്ടോകൾ പരസ്യപ്പെടുത്തിയതായി കാണുകയും, ആയതിന് പ്രസിദ്ധീകരണത്തിന്റെ പ്രഭാവമുണ്ടെങ്കിൽ ആ വിഷയം സ്കൂളിന്റെ യശസ്സിന് തീർച്ചയായും പ്രതിബന്ധമാകും. അത്തരം സംഭവങ്ങൾ രക്ഷാകർത്താക്കളെയും സ്കൂൾ വിദ്യാർത്ഥികളെയും കൂടാതെ വലിയതോതിൽ പൊതുജനങ്ങളെ പോലും അസ്വസ്ഥമാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ആലിംഗനവുമായി ബന്ധപ്പെട്ട് 21-7-2017-ൽ നടന്ന സംഭവം 2-ാം എതിർകക്ഷി സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത സംഭവത്തിന് സാക്ഷിയായ അദ്ധ്യാപിക സമർപ്പിച്ച എഗ്സിബിറ്റ് പി.2 റിപ്പോർട്ടിൽ ആ സംഭവം കണ്ട് അവർ ഞെട്ടിയതായും അത്തരത്തിലെ പൊതു സ്നേഹപ്രകടനം താൻ ഇതുവരെയും കണ്ടറിഞ്ഞിട്ടില്ലെന്നും കൂടി പറയുന്നു. ആ സംഭവത്തിന് മറ്റ് വിദ്യാർത്ഥികളും കൂടി സാക്ഷിയായിട്ടുളളത് സ്പഷ്ടമായതാണ്.

17. അതേപോലെ തന്നെ, രണ്ടാം എതിർ കക്ഷിയെ ക്ലാസ്സിൽ ഹാജരാകുന്നതിന് സ്കൂളിന് നിർദ്ദേശം നൽകി കൊണ്ടും, അതിൻ കീഴിൽ അനന്തര നിർദ്ദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഒരു ഇടക്കാല ഉത്തരവിറക്കുന്നതിന് 1-ാം ഹർജിക്കാരന്റെ അധികാരം സംബന്ധിച്ചുളള ചോദ്യമാണ്, ഈ റിട്ട് ഹർജിയിലെ ഹർജിക്കാർ ഇപ്പോൾ ഉന്നയിച്ചത്. 1-ാം എതിർകക്ഷിയായ കമ്മിഷന്റെ അധികാരം, 2005-ലെ ബാലാവകാശ സംരക്ഷണ കമ്മിഷൻ ആക്റ്റിലെ (ഇതിനുശേഷം ആക്റ്റ്, 2005 എന്ന് പറയുന്നു), 14-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ആയത് ഇപ്രകാരം വായിക്കാം:

14. അന്വേഷണങ്ങളുമായി ബന്ധപ്പെട്ട അധികാരങ്ങൾ.—(1) 13-ാം വകുപ്പിലെ 1-ാം ഉപ-വകുപ്പിന്റെ (ജെ) ഖണ്ഡത്തിൽ സൂചിപ്പിച്ച ഏതെങ്കിലും സംഗതിയിൽ അന്വേഷണം നടത്തുമ്പോൾ കമ്മിഷന്, 1908-ലെ (1908-ലെ 5) സിവിൽ നടപടി നിയമസംഹിതയിൻ കീഴിൽ, ഒരു കേസ് വിചാരണ ചെയ്യുമ്പോഴുളള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണെന്നും, കൂടാതെ, പ്രത്യേകിച്ച്, താഴെപറയുന്ന സംഗതികളിൽ, അതായത്:-

(എ) ഏതെങ്കിലും വ്യക്തിയെ വിളിച്ചു വരുത്തുന്നതിനും, ഹാജരാകാൻ നിർബന്ധിക്കുന്നതിനും, ശപഥത്തിേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതൊരു രേഖയുടെയും കണ്ടെത്തലും ഹാജരാക്കലും;

(സി)സത്യവാങ്മൂലത്തിൽ തെളിവുകൾ സ്വീ കരിക്കുന്നതിനും;

(ഡി) ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും; കൂടാതെ

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മിഷനുകളെ നിയോഗിക്കുന്നതിനും.

(2) ഏതൊരു കേസും അധികാരികതയുള്ള ഒരു മജിസ്ട്രേറ്റിന് ആയത് വിചാരണയ്ക്കായി അയക്കുന്നതിന് കമ്മിഷന് അധികാരമുണ്ടായിരിക്കു ന്നതും, അങ്ങനെയുള്ള ഏതെങ്കിലും കേസ് ഒരു മജിസ്ട്രേറ്റിന് അയച്ചുകൊടുത്താൽ, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2) 346-ാം വകുപ്പ് പ്രകാരം ആ കേസ് അയാൾക്ക് അയച്ചതു പോലെ പ്രതികൾക്കെതിരെയുള്ള പരാതി കേൾക്കേണ്ടതാണ്.

18. ഹർജിക്കാർക്ക് വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ 2005 ആക്റ്റിലെ 14 -ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരം, 1908-ലെ സിവിൽ നടപടി നിയമ സംഹിതയുടെ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ മാത്രം ആവശ്യമുള്ള നടപടിക്രമങ്ങൾ മാത്രമാണെന്നും, കൂടാതെ, ആ അധികാരം സംഹിതയുടെ കീഴിലുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ 1-ാം എതിർകക്ഷിയ്ക്ക് സാധ്യമാക്കുന്നതല്ല എന്നും തർക്കിച്ചു. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതു പോലെ, സിവിൽ നടപടി നിയമസംഹിതയിലെ 94 (ഇ) വകുപ്പ് 151-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ അവലംബിച്ചുകൊണ്ട് 1-ാം എതിർകക്ഷി ഉത്തരവ് പുറപ്പെടുവിച്ചു. സംഹിതയുടെ 94-ാം വകുപ്പ് ഒരു അനുബന്ധ നടപടി ക്രമത്തെ കുറിച്ചാണ് വിവക്ഷിക്കുന്നത്, കൂടാതെ, നീതിന്യായ വ്യവസ്ഥയുടെ ലക്ഷ്യം പരാജയപ്പെടുന്നത് തടയുന്നതിനായി കോടതിയ്ക്ക് അത് അപ്രകാരം നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, ഈ സന്ദർഭത്തിൽ 94 -ാം വകുപ്പിലെ (ഇ) ഖണ്ഡം പ്രസക്തമാകുന്നു, ആയത് ഇങ്ങനെ വായിക്കാം:

(ഇ) കോടതിയ്ക്ക് ന്യായവും സൗകര്യപ്രദവുമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അങ്ങനെയുള്ള മറ്റ് ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

19. ഇപ്പോൾ പരിഗണിക്കുന്നതിന് അവശേഷിക്കുന്ന ഒരു ചോദ്യം, 2005 ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സിവിൽ നടപടി നിയമസംഹിതയിലെ മറ്റ് വ്യവസ്ഥകളെ അവലംബിച്ചുകൊണ്ട് 1-ാം എതിർകക്ഷിയ്ക്ക് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയുമോ എന്നതാണ്. 13-ാം വകുപ്പിന്റെ (1)-ാം ഉപ-വകുപ്പിലെ (ജെ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും വിഷയത്തിൽ അന്വേഷണം നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ കീഴിലെ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിയുടെ പ്രത്യേകിച്ചും അതിൻ കീഴിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച അധികാരങ്ങളും കമ്മിഷനുണ്ട് എന്ന് 14-ാം വകുപ്പിൽ ഉപയോഗിച്ചിട്ടുള്ള പ്രയോഗ ശൈലിയിൽ നിന്നും വളരെ വ്യക്തമാണ്. അതുകൊണ്ട് 1-ാം ഹർജിക്കാരന് നൽകിയിട്ടുള്ള അധികാരങ്ങൾ ഒരു വിചാരണ നടപടിയുമായി ബന്ധപ്പെട്ടാണ് എന്ന് നിസ്സംശയം വ്യക്തമാണ്.

വിചാരണ എന്നത് സിവിൽ നടപടി നിയമസംഹിതയിൽ നിർവ്വചിച്ചിട്ടില്ല. അതിനാൽ, വിചാരണ എന്ന വാക്കിനെ സംബന്ധിച്ച് ബ്ലാക്സ് ലാ ഡിക്ഷണറിയുടെ ഒമ്പതാം പതിപ്പിൽ പറഞ്ഞിട്ടുള്ളത് സന്ദർഭോചിതമായിരിക്കും, ആയത്, വിചാരണ എന്ന വാക്ക് താഴെപറയും പ്രകാരം നിർവ്വചിച്ചിരിക്കുന്നു:

> "ഒരു എതിർകക്ഷിയുടെ സാന്നിദ്ധ്യത്തിൽ വിചാരണ ചെയ്യപ്പെട്ട കേസിൽ, തെളിവുകളുടെ ഒരു ഔപചാരിക ജുഡീഷ്യൽ പരിശോധനയും നിയമപരമായ അവകാശവാദത്തിന്റെ നിർണ്ണയവും"

20. ബ്ലാക്സ് ലാ ഡിക്ഷണറി അംഗീകരിച്ചത് പ്രകാരം വിചാരണയ്ക്ക് വിവിധ ആവിർഭാവങ്ങൾ ഉണ്ട്. എന്നിരുന്നാലും, അതിന് കീഴിൽ വിശദമാക്കിയിട്ടുള്ള മുഴുവൻ വിചാരണയും, ഒരു എതിർകക്ഷിയുടെ സാന്നിദ്ധ്യത്തിൽ വിചാരണ ചെയ്യപ്പെട്ട കേസിൽ തെളിവുകളുടെ ഒരു ജുഡീഷ്യൽ പരിശോധനയും നിയമപരമായ അവകാശവാദത്തിന്റെ നിർണ്ണയവും ആണ് വിവക്ഷിക്കുന്നത്. അതുകൂടാതെ, 14-ാം വകുപ്പിന്റെ ഒരു വിശകലനത്തിൽ, 14-ാം വകുപ്പു പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത് എന്തെന്നാൽ, അതിന് കീഴിൽ അടങ്ങുന്ന നിർദ്ദിഷ്ട നിബന്ധനകൾ സംബന്ധിച്ച് മാത്രമാണ് എന്ന് വ്യക്തമാകുന്നതും, അങ്ങനെയുള്ള അധികാരങ്ങൾ സിവിൽ നടപടി നിയമസംഹിതയുടെ കീഴിൽ വിചാരണ തുടരുന്നതിന് ഒരു സിവിൽ കോടതിയ്ക്ക് നൽകിയിട്ടുള്ള അത്തരത്തിലുള്ള അധികാരങ്ങളാണ് എന്നും അങ്ങനെ അർത്ഥമാക്കുന്നു. എന്റെ അഭിപ്രായത്തിൽ, ബ്ലാക്സ് ലാ ഡിക്ഷണറിയുടെ ഒമ്പതാം പതിപ്പിൽ അംഗീകരിച്ച എയ്സ്ഡെം ജെനറിസ് എന്ന നിയമ തത്വം ഈ അവസ്ഥയെ കൂടുതലായി ഉദാഹരിക്കുന്നു, ആയത് ഇങ്ങനെ വായിക്കാം:

എയ്സ്ഡെം ജെനറിസ് ധ ഒരേ തരത്തിൽ അല്ലെങ്കിൽ ഇനത്തിൽപ്പെട്ട, ലാറ്റിൻപ(17സി) 1. ഒരു പ്രത്യേക പട്ടികയിൽ ഉള്ള വാക്കുകളെ തുടർന്ന് ഒരു പൊതുവായ വാക്കോ ശൈലിയോ വന്നാൽ, പൊതുവായ വാക്കോ ശൈലിയോ ലിസ്റ്റ് ചെയ്തിരിക്കുന്ന അതേ വർഗ്ഗത്തിലുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തുന്നതിനായി വ്യാഖ്യാനിക്കപ്പെടുമെന്നത് ഒരു നിയമം ആണ്.

21. അതുകൊണ്ട്, വിചാരണ വേളയിൽ അന്വേഷണം നടത്തുമ്പോൾ സാക്ഷികളുടെയും രേഖകളുടെയും, മറ്റ് അനുബന്ധ കാര്യങ്ങളുടെയും സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനായി, സിവിൽ നടപടി നിയമസംഹിതയിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിക്കുന്നതിന് കമ്മിഷന് അവകാശമുണ്ടെന്ന അർത്ഥത്തിൽ 2005 ആക്റ്റിലെ 14(1) വകുപ്പിലെ വ്യവസ്ഥകൾ വായിക്കുന്നതാണ്. ഈ വ്യവസ്ഥ മറ്റേതെങ്കിലും രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്ന പക്ഷം, ഗുണപ്രദമാകുന്നതിനേക്കാൾ വിനാശകരമായിരിക്കും ഫലം. കൂടാതെ, 14-ാം വകുപ്പിലെ അന്വേഷണവും വിചാരണയും എന്ന ശൈലികൾ പ്രയോഗിക്കുമ്പോൾ അങ്ങനെയുള്ള ഒരു അധികാരം നൽകുന്നതിൽ പാർലമെന്റിന് ജാഗ്രതയുള്ളതായിരുന്നു. സിവിൽ നടപടി നിയമസംഹിതയിൽ വിഭാവനം ചെയ്തിട്ടുള്ള അന്വേഷണത്തിന്റെയും വിചാരണയുടെയും അധികാരങ്ങൾ ആസ്വദിക്കുന്ന പരിമിതമായ പരിധിവരെ അധികാരം ക്ലിപ്തപ്പെടുത്തുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.

22. കൂടാതെ, 2005 ആക്റ്റിലെ 13(1)(ജെ) വകുപ്പ് താഴെപ്പറയുന്ന വസ്തുതകളുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുന്ന

തിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്വമേധയാ നോട്ടീസ് എടുക്കുന്നതും വിവക്ഷിക്കുന്നു:

(i) ബാലാവകാശങ്ങൾ എടുത്തുകളയുന്നതും ലംഘിക്കുന്നതും;

(ii) കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും വ്യവസ്ഥചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കുന്നതും;

(iii) കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും, അങ്ങനെയുളള കുട്ടികൾക്ക് ആശ്വാസം നൽകുന്നതിനും, നയതീരുമാനങ്ങളോ, മാർഗ്ഗനിർദ്ദേശകരേഖകളോ അല്ലെങ്കിൽ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനുളള നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കുന്നതും;

അല്ലെങ്കിൽ അങ്ങനെയുളള സംഗതികളിൽ നിന്നും ആവിർഭവിക്കുന്ന പ്രശ്നവിഷയങ്ങൾ സമുചിത അധികാരസ്ഥാനങ്ങൾ ഏറ്റെടുക്കുന്നതും .

2005, ആക്റ്റിലെ 2(ബി) വകുപ്പിൽ ബാലാവകാശങ്ങൾ നിർവ്വചിച്ചിരിക്കുന്നു, ആയത് ഇപ്രകാരം വായിക്കാം:

ബാലാവകാശങ്ങൾ എന്നതിൽ 1989 നവംബർ 20-ന് ബാലാവകാശങ്ങളി‍േ ലുളള യു.എൻ കൺവെൻഷനിൽ അംഗീകരിച്ചതും ഭാരത സർക്കാർ 1992 ഡിസംബർ 11-ന് അംഗീകരിച്ചിട്ടുളളതുമായ ബാലാവകാശങ്ങൾ ഉൾപ്പെടുന്നു

23.ബാലാവകാശങ്ങളിന്മേൽ ഐക്യരാഷ്ട്രസഭാ കൺവെൻഷനുകളിൽ സ്വീകരിച്ച ബാലാവകാശങ്ങൾ എഗ്സിബിറ്റ് പി 16 ഹർജികക്ഷികൾ ഹാജരാക്കി. എഗ്സിബിറ്റ് പി 16-ന്റെ 1-ാം ആർട്ടിക്കിളിൽ കുട്ടി എന്നാൽ, 18 വയസ്സിനു താഴെ പ്രായമുളള ഏതൊരു മനുഷ്യനും കുട്ടികൾക്ക് ബാധകമായ നിയമത്തിൻ കീഴിൽ അല്ലാതെ അതിന് മുമ്പ് പ്രായപൂർത്തി എത്തിയവർ എന്നർത്ഥമാക്കുന്നു. എല്ലാ തരത്തിലുളള വിവരങ്ങളും ആശയവിനിമയത്തിനുളള സ്വാതന്ത്ര്യവും ഉൾപ്പെടെ, അതിർത്തികളെ പരിഗണിക്കാതെ, വാക്കാലോ രേഖാമൂലമോ അല്ലെങ്കിൽ അച്ചടിച്ചതോ, കലയുടെ രൂപത്തിലോ അല്ലെങ്കിൽ കുട്ടിയുടെ താൽപര്യത്തിലുളള മറ്റേതെങ്കിലും മാധ്യമങ്ങളിലൂടെയോ ഉളള അഭിപ്രായ പ്രകടനത്തിനുളള അവകാശം 13-ാം ആർട്ടിക്കിൾ വിവക്ഷിക്കുന്നു. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായുളള ഏറ്റവും മെച്ചപ്പെട്ട നിലവാരത്തിനും ചികിത്സയ്ക്കും പുനരധിവാസത്തിനുമുളള സൗകര്യങ്ങൾക്കും ഉളള അവകാശങ്ങൾ 24-ാം ആർട്ടിക്കിൾ അംഗീകരിക്കുന്നതും, കൂടാതെ, അങ്ങനെയുളള ആരോഗ്യ സംരക്ഷണ സേവനങ്ങളിലേക്കുളള പ്രാപ്യത അവകാശപ്പെടാനുളള അവന്റെയോ അവളുടെയോ അവകാശം യാതൊരു കുട്ടികൾക്കും നഷ്ടമാകുന്നി ല്ലെന്ന് കക്ഷികൾ ഉറപ്പുവരുത്താൻ പരിശ്രമിക്കേണ്ടതുമാണ്. എഗ്സിബിറ്റ് പി.16-ൽ നിന്നും വ്യക്തമാകുന്ന കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്ര സഭ കൺവെൻഷന്റെ പ്രാധാന്യം ഇതാണ്. അങ്ങനെയുളള ഒരു നിഗമനത്തിൽ എത്തിച്ചേരാൻ എന്നെ പ്രേരിപ്പിക്കുന്ന മറ്റൊരു കാരണം, 2005 ആക്റ്റിലെ 15-ാം വകുപ്പിൽ അടങ്ങുന്ന നിബന്ധനയായ അന്വേഷണത്തിന് ശേഷമുളള നടപടികൾ ആണ്. 15-ാം വകുപ്പിന്റെ (ശശശ) -ാം ഖണ്ഡം പ്രസക്തമാണ്, ആയത് ഇപ്രകാരം വായിക്കാം:

കമ്മിഷൻ, ആവശ്യമാണെന്ന് കരുതുന്നപക്ഷം, ഇരയ്ക്കോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ അംഗങ്ങൾ



5/463/18 - 9

ക്കോ അങ്ങനെയുളള ഇടക്കാലാശ്വാസം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട സർക്കാരിനോടോ അല്ലെങ്കിൽ അധികാര സ്ഥാനത്തോടോ ശിപാർശ ചെയ്യാം.

24. അതിനാൽ, 1-ാം എതിർകക്ഷിക്ക് ഏതെങ്കിലും അധികാരം നൽകപ്പെട്ടിട്ടുണ്ടെങ്കിൽ, ആയത്, ശിപാർശാസ്വഭാവത്തിൽ മാത്രമായതും അല്ലെങ്കിൽ അവന്റെ കുടുംബത്തിലെ അംഗങ്ങൾക്കുളള താൽക്കാലിക ആശ്വാസം അനുവദിക്കുന്നതിനായി സർക്കാരിനുളള ശിപാർശ മാത്രമാണ്. അതല്ല, കുട്ടികളുടെ അവകാശങ്ങൾക്ക് 2(ബി) വകുപ്പിൽ നൽകിയ നിർവ്വചനം കൂടാതെ ഐക്യരാഷ്ട്രസഭയുടെ കൺവെൻഷനിലെ എഗ്സിബിറ്റ് പി.16 പ്രകാരമുളള പ്രസക്ത വ്യവസ്ഥകളും സൂചിപ്പിച്ചുകൊണ്ട്, 2005 ആക്റ്റ് പ്രകാരം 1-ാം എതിർകക്ഷി നടത്തിയ അന്വേഷണം, എഗ്സിബിറ്റ് പി.16-ൽ പരാമർശിച്ചിരിക്കുന്ന മേഖലകളുമായി പരിമിതപ്പെടുത്തുന്നതും അത് സ്കൂളിൽ അച്ചടക്കം നിലനിർത്തുന്നതിനോട് യോജിച്ചയാതൊരു സാഹചര്യവും കൈകാര്യം ചെയ്യുന്നില്ല എന്നാണ് എന്റെ പരിഗണിത അഭിപ്രായം. സ്കൂളിലെ പ്രിൻസിപ്പാൾ സ്കൂളിന്റെ സംരക്ഷകനാകുന്നതും സ്കൂളിലെ അച്ചടക്കം, ധാർമ്മികത എന്നിവ നിലനിർത്തുന്നതിന് ആവശ്യമായ നടപടി എടുക്കുന്നതിനുളള അധികാരങ്ങൾ അയാളിൽ നിക്ഷിപ്തമായിട്ടുളളതും, അതിൽ 1-ാം എതിർകക്ഷിക്ക് പ്രതിബന്ധമുണ്ടാക്കാനോ ഇടപെടാനോ സാധ്യമല്ല. ആയതിൻപ്രകാരം, വിവിധ വിധിന്യായങ്ങളിൽ പ്രത്യേകിച്ച് താഴെപ്പറയുന്ന വിധിന്യായങ്ങളിൽ പരമോന്നതകോടതി നിയമവ്യവസ്ഥകൾ നന്നായി അംഗീകരിച്ചിട്ടുണ്ട്. വൈസ് ചാൻസിലർ ഗുരുഘാസിദാസ് യൂണിവേഴ്സിറ്റി *Vs* ക്രെയ്ഗ് മക്ക്ലിയോഡ്, ധമനു/ എസ് സി /0652/2012:2012 (11)എസ് സി സി 275പ ഡയറക്ടർ (സ്റ്റഡീസ്)-ഉം, മറ്റുളളവരും് വൈഭവ് സിംഗ് ചൗഹാൻ ധമനു/ എസ് സി /4557/2008: 2009 (1) എസ് സി സി 59പ ഉം വാരണാസേയ സംസ്കൃത വിശ്വവിദ്യാലയവും മറ്റുളളവരും ഢ രാജ്കിഷോർ ത്രിപാഠി (ഡോ)-ഉം മറ്റൊരാളും ധമനു/ എസ് സി /0430/1976 : 1977 (1) എസ് സി സി 279പ.

25. അത് അങ്ങനെ ആയിരിക്കെ, ഈ റിട്ട് ഹർജിയിൽ ഈ കോടതി ഇടക്കാല ഉത്തരവ് അനുവദിച്ചതിനെ തുടർന്ന് 2-ാം എതിർകക്ഷിയ്ക്ക് സ്കൂളിൽ ഹാജരാകുവാൻ കഴിഞ്ഞില്ലെന്നുളളത് വാസ്തവമാണ്. അന്വേഷണം മുന്നോട്ട് പോവുകയും 2-ാം എതിർകക്ഷി കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ചെയ്തു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സ്കൂൾ ആരംഭിച്ച നടപടികൾ സ്കൂളിൽ നടന്ന ദൗർഭാഗ്യകരമായ സംഭവവുമായി ബന്ധപ്പെട്ടതായിരുന്നതും സ്കൂളിന്റെ അച്ചടക്കത്തെയും, മനോവീര്യത്തെയും സാരാംശത്തിൽ ബാധിക്കുകയും ചെയ്തു. അതുകൊണ്ട്, 2-ാം എതിർകക്ഷിക്ക് എതിരെ നടപടി സ്വീകരിച്ച് മുന്നോട്ടു പോയ ഹർജിക്കാരിൽ കുറ്റം കണ്ടെത്താൻ കഴിയില്ല.

26. എന്നിരുന്നാലും, കൗമാരത്തിൽ വിദ്യാർത്ഥികളുടെ സ്വാഭാവികമായ സഹജവാസന, കടുത്ത യാഥാർത്ഥ്യമായ ഒന്നായി അവശേഷിക്കുന്നു. അപ്രകാരം പറഞ്ഞുകൊണ്ട്, സ്കൂൾ ആരംഭിച്ച അച്ചടക്ക നടപടിയിൽ ഇടപെടുന്നതിന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ സ്കൂളിലെ പ്രിൻസിപ്പാളും, അദ്ധ്യാപകരും ലോക്കോ പാരന്റീസിന്റെ സ്വഭാവ സവിശേഷതകളും തത്വങ്ങളും ആസ്വദിച്ച് അപ്രകാരം പ്രവർത്തിക്കുന്നതിനാലും,

തീർച്ചയായും ഇത്തരം വസ്തുതകളിൽ ഒരു വലിയ വിശാലമായ കാഴ്ചപ്പാട് ഉണ്ടാകുന്നതും 2-ാം എതിർകക്ഷി 12-ാം ക്ലാസ്സ് വിദ്യാർത്ഥിയും പ്രത്യേകിച്ചും മാർച്ച്/ഏപ്രിൽ മാസത്തിൽ ബോർഡ് പരീക്ഷ നേരിടുന്നു എന്ന കാര്യവും മനസ്സിലാക്കിക്കൊണ്ട് സ്കൂൾ അധികാരികൾ അവസരത്തിന് ഒത്ത് ഉയർന്ന് പ്രശ്ന വിഷയം പുന:പരിശോധിക്കുന്നതിന് യാതൊരു തടസ്സവും ഇല്ല. ഉടൻ തന്നെ നടക്കാനിരിക്കുന്ന മോഡൽ പരീക്ഷകൾക്ക് അവന് ഹാജരാകേണ്ടത് കൂടി ഉണ്ട്.

27. സ്കൂളിന്റെ നിലവാരവും യശസ്സും നിലനിർത്തുന്നതിന്, നടപടികളുമായി മുന്നോട്ടു പോയ സ്കൂളിലെ അധികാരികളുടെ ഭാഗത്ത് നിന്ന് ഏതെങ്കിലും നിയമവിരുദ്ധതയോ അനീതിയോ തീർച്ചയായും ഉണ്ടായിരുന്നില്ല എന്ന് പറയാൻ എനിക്ക് യാതൊരു സംശയമോ മടിയോ ഇല്ല. എന്നിരുന്നാലും, സ്കൂൾ അധികാരികൾക്കും ഇക്കാര്യത്തിൽ ഒരു സമതുലിതമായ സമീപനം മനസ്സിൽ കരുതാം. വിദ്യാർത്ഥികൾ മേലിൽ കുറ്റം ചെയ്യുന്നതിനെ വിലക്കുന്നതിനായും, സമാനമായ സംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻ കരുതൽ എന്ന നിലയിലും 2-ാം എതിർകക്ഷിയുടെ മാതാപിതാക്കളിൽ നിന്നും ന്യായമായ പിഴ ചുമത്തുന്നതിന് കൂടി അധികാരികൾക്ക് സ്വാതന്ത്ര്യമുണ്ട്. കൂടാതെ പെൺകുട്ടിയോ അവളുടെ മാതാപിതാക്കളോ ഇത് സംബന്ധിച്ച് ആർക്കും ഒരു പരാതിയും നൽകിയിട്ടില്ലെന്ന വസ്തുതയും നിരീക്ഷണങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. എന്നിരുന്നാലും, മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ ഏതെങ്കിലും നിർബന്ധമായി തെറ്റിദ്ധരിക്കപ്പെടേണ്ടതില്ല എന്നും ആയതിൽ 2-ാം എതിർകക്ഷിക്ക് ഏതെങ്കിലും വ്യവഹാരകാരണം ഉണ്ടാക്കാൻ കഴിയുമെന്നും ഞാൻ വ്യക്തമാക്കുന്നു.

28. എല്ലാ വിധത്തിലുമുള്ള സമർപ്പണങ്ങളും വിലയിരുത്തുമ്പോൾ, 2-ാം എതിർകക്ഷിക്ക് ക്ലാസ്സുകളിൽ തുടരുന്നതിന് അനുവാദം നൽകണമെന്നും അങ്ങനെയുള്ള അനന്തര നടപടികളും പാലിക്കണമെന്നും സ്കൂളിനോട് നിർദ്ദേശിച്ചുകൊണ്ട്, ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 1-ാം എതിർകക്ഷിക്ക് യാതൊരു അധികാരവുമില്ല എന്നതാണ് എന്റെ പരിഗണിത അഭിപ്രായം. വിചാരണ നടപടിക്കാലയളവിൽ അന്വേഷണം നടത്തുമ്പോൾ സിവിൾ നടപടി നിയമസംഹിതയുടെ കീഴിൽ വരുന്ന അധികാരത്തിന് മാത്രമാണ് 2005 ആക്റ്റിലെ 14 -ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരം എന്ന് ഞാൻ ആവർത്തിക്കുന്നു. സംഗതിയുടെ ആ വീക്ഷണത്തിൽ, 1-ാം എതിർകക്ഷി പുറപ്പെടുവിച്ച എഗ്സിബിറ്റ് പി.15 ഇടക്കാല ഉത്തരവിന് യാതൊരുവിധ നിയമ സംരക്ഷണവും ഇല്ലാത്തതും, ആയത്, ഏകപക്ഷീയവും നിയമവിരുദ്ധവുമായി ഭവിക്കുന്നതും, ഭാരത ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 3.10.2017 തീയതിയിൽ 1-ാം എതിർകക്ഷി പുറപ്പെടുവിച്ച എഗ്സിബിറ്റ് പി.15 ഉത്തരവ് ഞാൻ റദ്ദാക്കുകയും മേൽപ്പറഞ്ഞ നിരീക്ഷണങ്ങളോടെ റിട്ട് ഹർജി തീർപ്പാക്കുകയും ചെയ്യുന്നു. .

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് ആന്റണി ഡോമിനിക്**

**ബഹു. ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു**

**റോസ് ലിൻഡ് ജോൺ**

***Vs***

**കേരള സർക്കാരും മറ്റുള്ളവരും**

**റിട്ട് (അപ്പീൽ) നം. 126/2018**

**2018 ജനുവരി 23-ന് വിധി കല്പിച്ചത്**

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**പൊതുതാൽപര്യത്തിന്മേൽ നിർബന്ധിതമാക്കുന്ന ഒരു നിബന്ധന ഗുണഭോക്താവിന് വിട്ടുകളയാൻ സാദ്ധ്യമല്ല. വിവേചനാധികാരങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങൾക്ക് മാത്രമേ പ്രയോഗിക്കുവാൻ കഴിയുകയുള്ളൂ.**

**വിധിന്യായം**

*ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു*

1. അപ്പീൽവാദി റോസ്‌ലിൻഡ് ജോൺ കഴിഞ്ഞ കുറെ വർഷങ്ങളായി ഒരു കരിങ്കൽ ക്വാറി നടത്തിവരുന്നു. ആവശ്യമായ എല്ലാ അനുമതികളും അവൾക്കുണ്ട്. കുറെ വർഷങ്ങൾക്കു ശേഷം, 50 മീറ്റർ ചുറ്റളവിനുള്ളിൽ വാസയോഗ്യമായ ഒരു കെട്ടിടമുണ്ടെന്ന കാരണത്താൽ ഖനന പ്രക്രിയ നിർത്തിവയ്ക്കണമെന്ന് അവളോട് ആവശ്യപ്പെട്ടു കൊണ്ട് അധികാരികൾ എഗ്സിബിറ്റ് പി 10 നോട്ടീസ് നല്കി. എഗ്സിബിറ്റ് പി.10-നെ ചോദ്യം ചെയ്തു കൊണ്ട് റോസ് ലിൻഡ് റിട്ട് ഹർജി (സി) നം.32554/2017(റ്റി) ഫയൽ ചെയ്തു. റിട്ട് ഹർജി തള്ളി, അവൾ അധികാരമുള്ള ഈ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു.

2. അപ്പീൽവാദിക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ, റോസ്‌ലിന്റ് ഏകദേശം മൂന്ന് ദശാബ്ദങ്ങളായി ഖനനം നടത്തുന്നുണ്ടെന്ന് ശക്തമായി വാദിച്ചു. ആദ്യമായി, അധികാരികൾ ലൈസൻസ് നൽകിയപ്പോൾ, അവൾ അയൽവാസിയായ ആരുടെ വീടാണോ ഖനന സ്ഥലത്തു നിന്ന് 50 മീറ്റർ ചുറ്റളവിലുള്ളത് അയാളിൽ നിന്നും എതിർപ്പില്ല എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നു. പിന്നീട്, അധികാരികൾ, അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ പരിഗണിച്ച് ലൈസൻസ് നൽകി. അത് തുടർച്ചയായി പുതുക്കിയും വരുന്നു. അവൾ പറയുന്നതനുസരിച്ച്, അധികാരികൾ ഇപ്പോൾ ക്വാറി ലൈസൻസ് നിയമവിരുദ്ധമായി തടയാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

3. പൊതുതാൽപര്യത്തിേ ൽ നിർബന്ധിതമാക്കുന്ന ഒരു നിബന്ധന ഗുണഭോക്താവിന് വിട്ടുകളയാൻ സാധിക്കില്ല എന്ന് വിദ്വാനായ സിംഗിൾ ജഡ്ജി വിധിച്ചിട്ടുള്ളതായി ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ നിന്നും കാണുന്നു. മുൻപ്

കൃഷ്ണൻ ലാൽ *Vs* സ്റ്റേറ്റ് ഓഫ് ജമ്മു ആന്റ് കാശ്മീർ (മനു/എസ് സി/0728/1994:(1994)4 എസ് സി സി 422)-ൽ സുപ്രീംകോടതി അപ്രകാരം വിധിച്ചിട്ടുണ്ട്

4. ഒരു സമഗ്ര കാഴ്ചപ്പാടിലേയ്ക്കായി, അതുകൂടാതെ നിയമപരമായ വ്യവസ്ഥയും ഞങ്ങൾ പരിശോധിയ്ക്കുന്നു. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ 40(1) (ശ)-ാം ചട്ടം താഴെപ്പറയും പ്രകാരം വായിക്കാവുന്നതാണ്:

" 40(1) (ശ) ബന്ധപ്പെട്ട റയിൽവേ ഭരണ അധികാരികളുടെ രേഖാമൂലമുള്ള മുൻ അനുവാദത്തോടെയല്ലാതെ റയിൽവേ ലൈനിന്റേയോ ദേശീയ പാതയിലെ ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ബിന്ദുക്കളിൽ നിന്നോ 100 മീറ്ററിനകത്തോ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെയോ അല്ലെങ്കിൽ സർക്കാരിന്റെയോ അല്ലെങ്കിൽ ക്ഷമതയുള്ള അധികാര സ്ഥാനങ്ങളുടെയോ മുൻ അനുവാദത്തോടെയല്ലാതെ ഏതെങ്കിലും ജലസംഭരണി, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, പൊതുനിരത്തുകൾ, മറ്റ് പൊതുമരാമത്ത് വാസസ്ഥലങ്ങൾ, തീക്ഷണമായ മലമ്പാത, ശ്മശാനം, ആരാധനാലയങ്ങളുടെ അതിരുമതിലുകൾ എന്നിവയ്ക്കുളളിൽ നിന്നും 50 മീറ്ററോ അല്ലെങ്കിൽ വന്യജീവി സങ്കേതം, ദേശീയ ഉദ്യാനം എന്നിവിടങ്ങളിൽ നിന്നും ഒരു കിലോമീറ്ററിന് അകത്തോ പാട്ടക്കാരൻ ഏതെങ്കിലും ഖനന പ്രക്രിയ നടത്തുവാനോ നടത്തുന്നതിന് അനുവദിക്കാനോ പാടില്ലാത്തതാണ്:

എന്നാൽ റയിൽവേ ഭരണകൂട ത്തിനോ സംസ്ഥാന സർക്കാരിനോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോ ഇതിലേക്കായി അങ്ങനെയുള്ള അനുവാദം നൽകുന്നതിൽ, ഉചിതമെന്നും അനിവാര്യമെന്നും കാണാവുന്ന അങ്ങനെയുള്ള മറ്റു നിബന്ധനകളും ചുമത്താവുന്നതാണ്:

"എന്നുമാത്രമല്ല ഖനനത്തിന് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്ന സംഗതികളിൽ, അങ്ങനെയുള്ള ഖനനത്തിന് അനുമതി നല്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ളതു പോലെ കാലാകാലങ്ങളിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന അകലത്തിനുള്ളിൽ ഏതൊരു റയിൽവേ ലൈൻ, പാലങ്ങൾ, ജലസംഭരണികൾ, ടാങ്കുകൾ, വാസസ്ഥലങ്ങൾ, സർക്കാർ സംരക്ഷിത സ്മാരകങ്ങൾ, കനാലുകൾ, നദികൾ, വാഹനഗതാഗതമുള്ള പൊതുനിരത്തുകൾ, മറ്റേതെങ്കിലും പൊതുമരാമത്ത് അല്ലെങ്കിൽ ആരാധനാ സ്ഥലങ്ങളുടെ അതിരു മതിലുകൾ അല്ലെങ്കിൽ ഏതെങ്കിലും ശ്മശാനത്തോ തീക്ഷണമായ മലമ്പാതയിലോ വനഭൂമികളോ ആയതിൽ നിന്നും 50 മീറ്ററുകളിലോ പാട്ടക്കാരൻ ഏതെങ്കിലും ഖനന പ്രക്രിയ നടത്തുവാനോ നടത്തുവാൻ അനുവദിക്കാനോ പാടില്ല."

5. മേൽ ചട്ടത്തിൽ കാണുന്നതു പോലെ, അധികാരസ്ഥാനങ്ങൾക്ക് മാത്രമേ നിബന്ധന വിട്ടുകളയാൻ കഴിയുകയുള്ളൂ, കൂടാതെ, "ഉചിതമെന്നും അനിവാര്യമെന്നും കാണാവുന്ന അങ്ങനെയുള്ള മറ്റ് നിബന്ധനകളും" നിർബന്ധമാക്കാവുന്നതുമാണ്. പ്രയോഗത്തിലുളള ചട്ടങ്ങളിൽ നിന്നും, സ്ഥലവാസിക്ക് യാതൊന്നും പറയാനില്ലെന്ന് പ്രത്യക്ഷമാകുന്നു. 40 (1) (ശ)-ാം ചട്ടത്തിലെ അനുബന്ധമായ ക്ലിപ്ത നിബന്ധന പോലും ഊന്നൽ നൽകുന്നത്, വിവേചനാധികാരങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങൾക്ക് മാത്രമേ പ്രയോഗിക്കാൻ കഴിയുകയുള്ളൂ എന്നാണ്. തികച്ചും വിവേചനാധികാരം പോലും സോപാധിക നിബന്ധനകളാൽ സുരക്ഷാകാര്യങ്ങളാൽ മറയ്ക്കപ്പെട്ടു.

ഈ സാഹചര്യങ്ങളാൽ, ഈ റിട്ട് അപ്പീലിൽ ഞങ്ങൾ യാതൊരു മെറിറ്റും കാണാത്തതിനാൽ ഇത് തളളുന്നു. ചെലവില്ല.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു.ജസ്റ്റിസ്.എസ്.പി.ചാലി.

ദാസൻ

*Vs*

കേരള സർക്കാരും മറ്റുള്ളവരും

റിട്ട് പെറ്റിഷൻ (സി) നം. 29035/2016

21 ഫെബ്രുവരി 2018-ൽ വിധിപ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഭരണപരമായ അധികാരികളുടെ തീരുമാനങ്ങളിേ ൽ ജുഡീഷ്യൽ പുന: പരിശോധനാധികാരം ഒരു റിട്ട് കോടതി വിനിയോഗിക്കുമ്പോൾ, സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ മനസ്സിൽ കരുതിക്കൊണ്ടായിരുന്നോ, അധികാരികൾ ഉത്തരവ് പാസ്സാക്കിയത് എന്നും പശ്ചാത്തല വസ്തുതകളും പാർശ്വവർത്തി നിയമങ്ങളും കണക്കിലെടുത്ത് കാരണങ്ങൾ നൽകിയിരുന്നോ എന്നതുമാണ് ആകെ പരിഗണിക്കേണ്ട ആവശ്യം.**

1. എക്സ്പ്ലോസീവ്സ് ആക്റ്റും ചട്ടങ്ങളും പ്രകാരം ഹർജികക്ഷി ലൈസൻസ് പുതുക്കാൻ വിസമ്മതിച്ചുകൊണ്ട് യഥാക്രമം 4- ഉം 2- ഉം എതിർകക്ഷികൾ പുറപ്പെടുവിച്ച എഗ്സിബിറ്റ്സ് പി 8-ഉം 9-ഉം ഉത്തരവുകൾ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഹർജികക്ഷി ഈ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. ഈ റിട്ട് ഹർജി തീർപ്പാക്കുന്നതിന് മുഖ്യമായ വസ്തുതകൾ താഴെപ്പറയും പ്രകാരമാണ്.

2. ഹർജികക്ഷി എഗ്സിബിറ്റ് പി.1 ലൈസൻസിന്റെ അടിസ്ഥാനത്തിൽ കരിമരുന്ന് പ്രയോഗത്തിന്റെയും വെടിമരുന്ന് നിർമ്മാണത്തിന്റെയും ബിസിനസ്സ് നടത്തി വരുന്നു. ഹർജി കക്ഷി പറയുന്നതനുസരിച്ച്, എഗ്സിബിറ്റ് പി-1 കാലാകാലങ്ങളിൽ പുതുക്കിയിരുന്നതും 31-3-2015 വരെ സാധുവുമായിരുന്നു. എഗ്സിബിറ്റ് പി-1 ലൈസൻസ് പ്രകാരം, കരിമരുന്നോ അല്ലെങ്കിൽ വെടിമരുന്നോ അല്ലെങ്കിൽ രണ്ടും കൂടിയോ ഒരു സമയം 15 കി.ഗ്രാമിൽ കവിയാതെ നിർമ്മിക്കാൻ ഹർജി കക്ഷിയെ അനുവദിച്ചിട്ടുണ്ട്. 2008-ലെ എക്സ്പ്ലോസീവ്സ് ചട്ടങ്ങളിലെ 112-ാം ചട്ട പ്രകാരം ഹർജി കക്ഷി 4-ാം എതിർകക്ഷി മുമ്പാകെ അയാൾക്ക് നൽകിയിട്ടുള്ള എഗ്സിബിറ്റ് പി-1 ലൈസൻസ് പുതുക്കി നൽകുന്നതിന് 28-2-2015-ൽ ഒരു അപേക്ഷ സമർപ്പിച്ചതായി എഗ്സിബിറ്റ് പി-2-ൽ നിന്നും വ്യക്തമാകുന്നു. എഗ്സിബിറ്റ് പി-2 നോടൊപ്പം ഹർജികക്ഷി ചട്ടങ്ങളിലെ 112 -ാം ചട്ടം പ്രകാരം ആവശ്യമായ എല്ലാ പ്രസക്തമായ വസ്തുതകളും രേഖകളും, സമർപ്പിക്കുകയും, ഫീസും ഒടുക്കിയതായും എഗ്സിബിറ്റ് പി-3-ൽ നിന്നും വ്യക്തമാകുന്നു. അപേക്ഷയ്ക്ക് അനുസൃതമായി 5-ഉം 6-ഉം എതിർകക്ഷികളിൽ നിന്ന് 3-ാം എതിർകക്ഷി ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടു. 5-ഉം 6-ഉം എതിർകക്ഷികൾ എഗ്സി

ബിറ്റ്സ് പി 4-ഉം പി-5-ഉം യഥാക്രമം 12-5-2015-ഉം 26-6-2015- ഉം തീയതികളിൽ റിപ്പോർട്ടുകൾ സമർപ്പിച്ചു. ഹർജികക്ഷിയുടെ എക്സ്പ്ലോസീവ് യൂണിറ്റിന് 200 മീ ചുറ്റളവിനുളളിൽ സ്കൂളോ, ആശുപത്രിയോ, പെട്രോൾ പമ്പോ അല്ലെങ്കിൽ മറ്റേതെങ്കിലും പെട്ടെന്ന് തീ പിടിക്കുന്ന വസ്തുവകകളോ ഇല്ല എന്ന വിവരം എഗ്സിബിറ്റ്സ് പി4-ലും പി-5-ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10 മീറ്റർ ചുറ്റളവിനുളളിൽ യാതൊരു ഇലക്ട്രിക് ലൈനും ഇല്ലായെന്നും ഹർജികക്ഷിയുടെ എക്സ്പ്ലോസീവ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിനെതിരെ യാതൊരു പരാതിയോ ആക്ഷേപങ്ങളോ ഇല്ലായെന്നും കൂടി റിപ്പോർട്ട് ചെയ്തിട്ടുളളതിനാൽ ലൈസൻസ് പുതുക്കാൻ ശിപാർശ ചെയ്തു.

3. അതിനുശേഷം, ലൈസൻസ് പുതുക്കാൻ കഴിയുകയില്ലെന്നും അയാൾക്ക് നല്കിയിട്ടുളള എക്സ്പ്ലോസീവ് ലൈസൻസ് റദ്ദാക്കാത്തത് എന്തുകൊണ്ടെന്നും ഹർജികക്ഷിയോട് ആരാഞ്ഞുകൊണ്ട് എഗ്സിബിറ്റ് പി6 കാരണം കാണിക്കൽ നോട്ടീസ് നല്കി. 4-ാം എതിർകക്ഷിയുടെ പരിശോധനയിൽ നിന്നും നിർമ്മാണയൂണിറ്റിനു സമീപം ധാരാളം വാസയോഗ്യമായ വീടുകൾ കണ്ടുവെന്നും യൂണിറ്റിലേക്കുളള വഴി ഗതാഗതയോഗ്യമല്ലായെന്നും കൂടി എക്സിബിറ്റ് പി-6-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഹർജികക്ഷി എക്സിബിറ്റ് പി-6 കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചപ്പോൾ, ഹർജികക്ഷി, എക്സ്പ്ലോസീവ് നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചതിന് ശേഷമാണ് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചിട്ടുളളതെന്നും നടപ്പാത തെളിച്ചു ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് അയാളുടെ വിശദീകരണം നൽകി. തൊട്ടടുത്ത താമസക്കാരുടേതെന്ന് ആരോപിക്കുന്ന സമ്മതപത്രങ്ങൾ ഹർജികക്ഷി ഹാജരാക്കി, ആയത്, എഗ്സിബിറ്റ് പി-7 ആയി രേഖപ്പെടുത്തുകയും ചെയ്തു.

4. 4-ാം എതിർകക്ഷി, 10.12.2015 തീയ്യതിയിലെ എഗ്സിബിറ്റ് പി-8 ഉത്തരവ് പ്രകാരം എഗ്സിബിറ്റ് പി-1 ലൈസൻസ് റദ്ദ് ചെയ്യുകയും സ്ഫോടകവസ്തുക്കൾ പോലീസ് മുമ്പാകെ സറണ്ടർ ചെയ്യുന്നതിനും നിർദ്ദേശിച്ചു. ആയതിൽ സങ്കടപ്പെട്ടുകൊണ്ട് 2-ാം എതിർകക്ഷി മുമ്പാകെ അപ്പീൽ ബോധിപ്പിച്ചു, എന്നിരുന്നാലും അത് എഗ്സിബിറ്റ്-പി 9 പ്രകാരം തളളി. അങ്ങനെ പ്രസ്തുത ഉത്തരവുകളെ ചോദ്യം ചെയ്തുകൊണ്ടാണ്, ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

5. ഹർജികക്ഷി ഉന്നയിച്ച എല്ലാ ആരോപണങ്ങളും അവകാശവാദങ്ങളും ആവശ്യങ്ങളും ഖണ്ഡിച്ചുകൊണ്ട് 2-ാം എതിർകക്ഷിക്ക് വേണ്ടി ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്തു. 31.03.2015 വരെ ലൈസൻസ് സാധുവായിരുന്നെന്നും ലൈസൻസിന്റെ കാലാവധി തീരുംമുമ്പ് 28.02.2015 തീയ്യതിയിൽ ഒരു അപേക്ഷ 4-ാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിട്ടുളളതായും അതിൽ പറഞ്ഞിരിക്കുന്നു. അപേക്ഷ ലഭിച്ചയുടൻ വിശദമായ അന്വേഷണവും സ്ഥല പരിശോധനയും നടത്തുകയും, മൂന്ന് വാസയോഗ്യമായ വസതികൾ നിർമ്മാണ യൂണിറ്റിൽ നിന്നും 50 മീറ്റർ അകലത്തിൽ സ്ഥിതി ചെയ്യുന്നതായും നിർമ്മാണ യൂണിറ്റിലേയ്ക്കുളള നടപ്പാത ഗതാഗത യോഗ്യമല്ലെന്നും കണ്ടെത്തി. നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം സമീപവാസികളുടെ ജീവന് ഭീഷണിയുണ്ടാക്കുന്നതും, ലൈസൻസിൽ നിർദ്ദേശിച്ചിട്ടുളള സുരക്ഷിത ദൂരത്തിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതുമാണ്. ഇതിനുപുറമേ, ഗതാഗത യോഗ്യമല്ലാത്ത നടപ്പാതയായതിനാൽ നിർമ്മാണ യൂണിറ്റിലേക്ക് സ്ഥിര പരിശോധനയ്ക്ക് സ്വതന്ത്ര പ്രവേശനം സാധ്യമല്ലാ

യെന്നും സമീപവാസികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിർത്തേണ്ടത് അനിവാര്യവുമാണ്. മേൽ വസ്തുതകൾ പരിഗണിച്ചുകൊണ്ട്, 4-ാം എതിർകക്ഷി ലൈസൻസ് റദ്ദ് ചെയ്തു.

6. അപേക്ഷയെ തുടർന്ന് തൃശ്ശൂർ (റൂറൽ) ജില്ലാ പോലീസ് ചീഫ്, മുകുന്ദപുരം തഹസിൽദാർ എന്നിവരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതായും കൂടി ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത വ്യക്തികൾ സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, 4-ാം എതിർകക്ഷി സ്ഥലം പരിശോധിക്കുകയും നിർമ്മാണയൂണിറ്റിനു സമീപം വാസയോഗ്യമായ ധാരാളം കെട്ടിടങ്ങൾ ഉളളതായും യൂണിറ്റിനു എതിർവശത്തുള്ള പ്ലോട്ടുകൾ വാസയോഗ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തെളിച്ച് ഇട്ടിരിക്കുന്നതായും ബോദ്ധ്യപ്പെട്ടു. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 4-ാം എതിർകക്ഷി ഹർജികക്ഷിയെ കാരണം കാണിക്കൽ നോട്ടീസിലൂടെ ലൈസൻസ് പുതുക്കാൻ സാധ്യമല്ലായെന്ന് അറിയിക്കുകയും അയാൾക്ക് നല്കിയിട്ടുളള എക്സ്പ്ലോസീവ് ലൈസൻസ് റദ്ദ് ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന്, സമീപവാസികളുടെ സമ്മതപത്രങ്ങൾ ഹർജികക്ഷി സമർപ്പിക്കുകയും നടപ്പാത തെളിച്ച് ഗതാഗത യോഗ്യമാക്കിയെന്നും ബോധിപ്പിച്ചു

7. നിർമ്മാണ യൂണിറ്റിനു സമീപം സ്ഥിതിചെയ്യുന്ന വാസയോഗ്യമായ കെട്ടിടങ്ങൾ സംബന്ധിച്ചുള്ള ഒരു ലോക്കേഷൻ സ്കെച്ച് വില്ലേജ് ആഫീസറിൽ നിന്നും ലഭ്യമാക്കുകയും, റിപ്പോർട്ടും ലൊക്കേഷൻ സ്കെച്ചും പരിശോധിച്ചതിൽ നിന്നും നിർമ്മാണ യൂണിറ്റിൽ നിന്നും 50 മീറ്റർ അകലത്തിനുളളിൽ മൂന്ന് വാസയോഗ്യമായ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുവെന്ന് വെളിപ്പെട്ടു. അതിലുപരിയായി, എഗ്സിബിറ്റ് പി 9 പുറപ്പെടുവിക്കുന്നതിന് മുമ്പായി, രണ്ടാം എതിർകക്ഷി, ഒരു വ്യക്തിഗത ഹിയറിംഗിന് പരാതിക്കാരന് 17.06.2016-ൽ അവസരം നല്കിയിരുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. നിർമ്മാണ യൂണിറ്റ് യാതൊരുവിധ പരാതികളുമില്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് ഹിയറിംഗ് വേളയിൽ ബോധിപ്പിക്കുകയും എക്സ്പ്ലോസിവ് ലൈസൻസ് പുതുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

8. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് കണക്കിലെടുത്തുകൊണ്ട്, തർക്കവിഷയത്തിലെ എല്ലാ വശങ്ങളും പരിഗണിച്ചതിനുശേഷം, 4-ാം എതിർകക്ഷി എടുത്ത തീരുമാനത്തിൽ ഇടപെടാൻ മതിയായ കാരണമില്ലെന്ന് 2-ാം എതിർകക്ഷി കണ്ടെത്തി. അതിനുശേഷം മാത്രമാണ്, ഹർജികക്ഷി സമർപ്പിച്ച അപ്പീൽ, എഗ്സിബിറ്റ് പി 9 പ്രകാരം തളളിയത്. ആയതിനാൽ, റിട്ട് ഹർജിയിൽ 2-ാം എതിർകക്ഷി പറയുന്നതു പ്രകാരം, ഹർജികക്ഷി, ആവശ്യപ്പെട്ടിരിക്കുന്ന പരിഹാരങ്ങൾ ലഭ്യമാക്കുന്നതിന് മതിയായ കാരണങ്ങൾ ഇല്ല.

9. ഞങ്ങൾ, ഹർജികക്ഷിക്ക് വേണ്ടിയുളള വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ. എസ്. ശ്രീകുമാറിനേയും എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിദ്വാനായ ഗവ. പ്ലീഡർ ശ്രീ. സന്തോഷ് പീറ്ററേയും കേട്ടു. റിക്കാർഡിലുളള രേഖകളും ബന്ധപ്പെട്ട കക്ഷികൾ ഉന്നയിച്ച വാദപ്രതിവാദരേഖകളും പരിശോധിച്ചു.

10. പരിഗണിക്കേണ്ട ചോദ്യം, ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനങ്ങൾ പാസ്സാക്കിയ എഗ്സിബിറ്റ് പി 8-ഉം പി 9-ഉം ഉത്തരവുകളിൽ ഏതെങ്കിലും രീതിയിലുള്ള ഇടപെടൽ അനിവാര്യമാണോയെന്നതാണ്.

ഞാൻ രണ്ട് ഉത്തരവുകളിൽ കൂടിയും സമഗ്രമായി പോകുകയും, 50 മീറ്റർ അകലത്തിൽ മൂന്ന് വാസയോഗ്യമായ കെട്ടിടങ്ങൾ നിലനിൽക്കുന്നത് സംബന്ധിച്ച് പ്രാഥമിക അധികാരസ്ഥാനവും അതുപോലെ തന്നെ അപ്പീൽ അധികാരിയും സ്പഷ്ടമായ കണ്ടെത്തലുകൾ നടത്തിയതായി ഞാൻ കാണുന്നു. ജില്ലാ പോലീസ് മേധാവിയുടേയും ബന്ധപ്പെട്ട തഹസിൽദാരുടേയും റിപ്പോർട്ടുകളെ ശക്തമായി അവലംബിച്ചുകൊണ്ടാണ് സ്റ്റാറ്റ്യൂട്ടറി അധികാര സ്ഥാനങ്ങൾ പ്രസ്തുത വസ്തുതാപരമായ കണ്ടെത്തലുകളിൽ എത്തിച്ചേർന്നിട്ടുള്ളത്. വില്ലേജ് ഓഫീസറിൽ നിന്നും ഒരു ലൊക്കേഷൻ സ്കെച്ച് കൂടി ആവശ്യപ്പെട്ടിട്ടുള്ളതും, തർക്കവിഷയത്തിലെ യൂണിറ്റിനു സമീപം വാസയോഗ്യമായ മൂന്ന് കെട്ടിടങ്ങൾ ഉള്ളതായും സമീപത്തുള്ള പ്ലോട്ടുകൾ വാസയോഗ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ളതായും കാണുന്നു. നിർമ്മാണ യൂണിറ്റിലേക്കുള്ള വഴി നിലനിർത്തിയിട്ടില്ലാത്തതും നിർമ്മാണയൂണിറ്റിലേക്കു എത്തിച്ചേരാൻ വഴിയില്ലെന്നും ഇതിൻ കീഴിൽ പ്രസ്താവിച്ചിട്ടുണ്ട്. രണ്ട് ഉത്തരവുകളിൽ നിന്നും ലൈസൻസ് റദ്ദ് ചെയ്യുന്നതിന് മുമ്പ് ഹർജികക്ഷിയെ കേട്ടിരുന്നു എന്ന് ഞാൻ കണ്ടെത്തുകയും, ആയത് എക്സ്പ്ലോസീവ്സ് ആക്റ്റിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ പ്രകാരം ആവശ്യവുമാണ്.

11. ഹർജികക്ഷിക്ക് അനുവദിച്ച ലൈസൻസിന്റെ വ്യവസ്ഥകൾ പ്രകാരം വാസയോഗ്യ കെട്ടിടങ്ങളിൽ നിന്നും സുരക്ഷിത അകലം പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് അംഗീകരിച്ച ഒരു വസ്തുതയാണ്, പ്രാഥമിക അധികാരസ്ഥാനത്തിന്റെയും അതുപോലെ തന്നെ അപ്പീൽ അധികാരിയുടെയും ഉത്തരവിൽ ഹർജികക്ഷി നിബന്ധനകൾ ലംഘിച്ചുവെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. 2008-ലെ എക്സ്പ്ലോസീവ് ചട്ടങ്ങളിലെ 118-ാം ചട്ടം ശക്തമായി അവലംബിച്ചുകൊണ്ട്, അതിൻകീഴിൽ നിർണ്ണയിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രമേ ലൈസൻസ് പിൻവലിക്കുന്നതിനോ അല്ലെങ്കിൽ റദ്ദ് ചെയ്യുന്നതിനോ സാധ്യമാകൂ എന്ന് ഹർജികക്ഷിക്കുവേണ്ടി വിദ്വാനായ മുതിർന്ന അഭിഭാഷകൻ വാദിച്ചു. വിദ്വാനായ മുതിർന്ന അഭിഭാഷകൻ പറയുന്നത് പ്രകാരം, ഹർജികക്ഷിയുടെ ലൈസൻസ് പിൻവലിക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ പ്രാഥമിക അധികാരസ്ഥാനത്തിനെ പ്രാപ്തമാക്കുന്ന യാതൊരു സാഹചര്യങ്ങളും ഇല്ല, എന്നിരുന്നാലും, ആക്റ്റിലേയോ ചട്ടങ്ങളിലേയോ അല്ലെങ്കിൽ ലൈസൻസിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും നിബന്ധനകളുടെയോ ഒരു ലംഘനം ഉണ്ടാകുന്നിടത്ത് ലൈസൻസ് പിൻവലിക്കാൻ ലൈസൻസിംഗ് അതോറിറ്റിക്ക് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് 118 (1)-ാം ചട്ടത്തിലെ (കകക) -ാം ഖണ്ഡം വ്യക്തമാക്കുന്നു. ആയത് ഇങ്ങനെ വായിക്കാം:

> "118 ലൈസൻസിന്റെ നിർത്തിവയ്ക്കലും പിൻവലിക്കലും അല്ലെങ്കിൽ റദ്ദാക്കലും:- (1) ഈ ചട്ടങ്ങളിൻ കീഴിൽ അനുവദിച്ച എല്ലാ ലൈസൻസും
>
> (I) XXXXXXXXX
>
> (II) XXXXXXXXX
>
> (III) ആക്റ്റിന്റെയോ ഈ ചട്ടങ്ങളുടെയോ അല്ലെങ്കിൽ അങ്ങനെയുള്ള ലൈസൻസിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും നിബന്ധനകളുടേയോ ഏതെങ്കിലും ലംഘനത്തിന്, ലൈസൻസിംഗ് അതോറിറ്റിക്ക് ഒരു ഉത്തരവിനാലോ, അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിന് മതിയായ കാരണമുണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുന്നപക്ഷം കേന്ദ്ര സർക്കാരിന്റെ ഉത്തരവിനാലോ നിർത്തിവ



5/463/18 - 10 Hs

യ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ബാദ്ധ്യസ്ഥമാണ്:

എന്നാൽ ഈ ചട്ടത്തിൻ കീഴിൽ, ഒരു ലൈസൻസ് നിർത്തി വയ്ക്കുന്നതിനോ അല്ലെങ്കിൽ റദ്ദ് ചെയ്യുന്നതിനോ മുമ്പായി ലൈസൻസ് കൈവശമുളളയാൾക്ക് പറയുവാനുളളത് പറയുന്നതിന് ഒരു അവസരം നല്കേണ്ടതാണ്.

(2)ssssssssss

(3)ssssssssssss

(4)sssssssssss

(5)sssssssssss

(6)ssssssssssss "

12. ക്ലിപ്ത നിബന്ധന പ്രകാരം അതിൻകീഴിൽ നിർണ്ണയിച്ചിട്ടുളള ഒരേ ഒരു ആധികാരിക ഉപാധി, ഈ ചട്ടത്തിൻകീഴിൽ, ഒരു ലൈസൻസ് നിർത്തിവയ്ക്കുന്നതിനോ അല്ലെങ്കിൽ റദ്ദാക്കുന്നതിനോ മുമ്പ്, ലൈസൻസ് കൈവശമുളളയാൾക്ക് പറയുവാനുളളത് പറയുന്നതിന് ഒരു അവസരം നൽകേണ്ടതാണ് എന്ന് ആയതിൽ വ്യവസ്ഥ ചെയ്യുന്നു. അതിനാൽ സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനം 118-ാം ചട്ടത്തിൻ കീഴിൽ വിവക്ഷിച്ചിട്ടുളള വ്യവസ്ഥകൾ നിർബന്ധമായും പിൻതുടരേണ്ടതാണെന്ന് ഇവിടെ സ്പഷ്ടവും വ്യക്തവുമാണ്. 118-ാം ചട്ടത്തിലെ (6)-ാം ഉപ-ചട്ടം, ലൈസൻസിംഗ് അതോറിറ്റി ഒരു ലൈസൻസ് നിറുത്തിവയ്ക്കുന്നതിന്റേയോ അല്ലെങ്കിൽ റദ്ദ് ചെയ്യുന്നതിന്റേയോ കാരണം ലിഖിതമായി രേഖപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലൈസൻസ് നിർത്തി വയ്ക്കുമ്പോഴോ പിൻവലിക്കുമ്പോഴോ അല്ലെങ്കിൽ റദ്ദ് ചെയ്യുമ്പോഴോ, നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സ്ഫോടകവസ്തുക്കൾ തിരിച്ചേല്പിക്കേണ്ടതാണെന്ന്, 119-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു 119-ാം ചട്ടത്തിലെ (2)-ാം ഉപ-ചട്ട പ്രകാരം, ലൈസൻസിന്റെ അവശേഷിക്കുന്ന കാലയളവിലെ ഫീസ് തിരികെ ലഭിക്കാൻ ഹർജികക്ഷിക്ക് അർഹതയുണ്ട്.

13. 86-ാം ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം, ഹർജികക്ഷി, അതത് സംഗതിപോലെ, പട്ടികയിൽ നിർദ്ദേശിച്ചിട്ടുളള സുരക്ഷിത അകലവും ലൈസൻസിന്റെ ഉപാധികളും പാലിക്കാൻ ബാദ്ധ്യസ്ഥനാണ്. എഗ്സിബിറ്റ്സ് പി 8-ലും പി 9-ലും അടങ്ങിയ കണ്ടെത്തലുകൾ, പരിസരം വൃത്തിഹീനമായിട്ടാണെന്നും ആനുകാലികമായി സംരക്ഷിക്കുന്നില്ലെന്നും കാണിക്കുന്നു. ചട്ടങ്ങൾപ്രകാരം, പരിസരങ്ങൾ ഉടനീളം അധികാരികൾക്ക് ആനുകാലിക പരിശോധന നടത്തുന്നതിന് പ്രാപ്തമാകുംവിധം വൃത്തിയും വെടിപ്പുമുളളതായി സൂക്ഷിക്കണമെന്നതിനാൽ, നോട്ടീസ് ലഭിച്ചതിനെ തുടർന്ന്, ഹർജികക്ഷി ന്യൂനതകൾ പരിഹരിച്ചു എന്നത് ഈ സാഹചര്യത്തിൽ പര്യാപ്തമല്ല. സ്ഫോടകവസ്തുക്കൾ തിരികെ നൽകുന്നതിന് ഹർജികക്ഷിയോട് നിർദ്ദേശിച്ചിരുന്നതായി എഗ്സിബിറ്റ്സ് പി 8-ലും പി 9-ലും നിന്ന് തെളിയുന്നു. കൂടാതെ, വാസയോഗ്യമായ കെട്ടിടങ്ങൾ നിലവിൽ വന്നത് ഹർജികക്ഷിക്ക് ലൈസൻസ് അനുവദിച്ചതിന് ശേഷമാണെന്ന ഒരു തർക്കം ഉന്നയിച്ചത്കൊണ്ട് മാത്രം ഹർജികക്ഷിയെ തന്റെ പ്രവൃത്തി തുടരുന്നതിന് പ്രാപ്തനാക്കുന്ന സാഹചര്യമല്ല. വാസയോഗ്യമായ കെട്ടിടങ്ങൾ ലൈസൻസ് നൽകിയതിന് ശേഷമാണ് നിലവിൽ വന്നതെങ്കിൽ, നിർമ്മാണ പ്രവൃത്തികളുമായി മുന്നോട്ടു പോകുവാൻ ഹർജ്ജികക്ഷിയെ അനുവദിക്കുന്ന ശക്തമായ യാതൊരു വ്യവസ്ഥയും ആക്റ്റിലോ ചട്ടങ്ങളിലോ ഇല്ല. എക്സ്പ്ലോസിവ്സ് ചട്ടങ്ങളിൻ കീഴിൽ, ഒരു ലൈസൻസി, യാതൊരു വൈമുഖ്യമോ

അവഗണനയോ വീഴ്ചയോ അശ്രദ്ധയോ കാണിക്കാൻ പാടില്ല എന്നത് ശ്രദ്ധിക്കേണ്ടതും അങ്ങനെയുള്ള പെരുമാറ്റം മനുഷ്യ ജീവനും പരിസ്ഥിതിക്കും അപരിഹാര്യമായ നഷ്ടത്തിലേക്കും പരിക്കുകളിലേക്കും നയിക്കാമെന്നും മനസ്സിൽ കരുതേണ്ടതാണ്.

14.മേൽ വിവരിച്ച എല്ലാ വസ്തുതാപരമായ സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോഴും 1884-ലെ എക്സ്പ്ലോസീവ്സ് ആക്റ്റിലേയും 2008-ലെ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം, നിയമം കണക്കിലെടുക്കുമ്പോഴും റിട്ട് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്ന പോലെ ഏതെങ്കിലും പരിഹാരത്തിന് ഹർജികക്ഷിക്ക് യാതൊരു അർഹതയുമില്ല എന്നതാണ് എന്റെ പരിഗണിത അഭിപ്രായം. ഭരണപരമായ അധികാരികളുടെ തീരുമാനങ്ങളിന്മേൽ ജുഡീഷ്യൽ പുന:പരിശോധനാധികാരം ഒരു റിട്ട് കോടതി വിനിയോഗിക്കുമ്പോൾ, സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ മനസ്സിൽ കരുതിക്കൊണ്ടായിരുന്നോ, അധികാരികൾ ഉത്തരവ് പാസ്സാക്കിയത് എന്നും പശ്ചാത്തല വസ്തുതകളും പാർശ്വവർത്തി നിയമങ്ങളും കണക്കിലെടുത്ത് കാരണങ്ങൾ നൽകിയിരുന്നോ എന്നതുമാണ് ആകെ പരിഗണിക്കേണ്ട ആവശ്യം. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനങ്ങൾ ഹർജികക്ഷിക്ക് അവസരം നൽകിയിട്ടുള്ളതും, അതിന് മുമ്പാകെ ഹാജരാക്കിയ എല്ലാ രേഖകളും പരിശോധിച്ചിട്ടുള്ളതും കാരണങ്ങളോടെയുള്ള ഉത്തരവുകൾ കൂടി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അതിനാൽ, ന്യായീകരിക്കത്തക്കതോ ബോധ്യപ്പെടുത്താവുന്നതോ ആയ യാതൊരു സാഹചര്യങ്ങളും ഈ കോടതി മുമ്പാകെ ലഭ്യമല്ലാത്തതിനാൽ പുറപ്പെടുവിച്ചിട്ടുള്ള ദോഷമാരോപിക്കപ്പെട്ട ഉത്തരവുകളിൽ ഇടപെടേണ്ട സാഹചര്യമില്ല. അനിവാര്യമായി, ഈ റിട്ട് ഹർജി പരാജയപ്പെടുന്നതും ആയതിനാൽ ഇത് തള്ളപ്പെട്ടു.

*——————*



5/463/18 - 11

## ബഹു.കേരള ഹൈക്കോടതി മുമ്പാകെ

ബഹു.ജസ്റ്റിസ്. സി.കെ. അബ്ദുൾ റഹീം

ബഹു. ജസ്റ്റിസ്. ആർ. നാരായണ പിഷാരടി.

സംഗീത

*Vs*

ഷിബു.കെ. കെ

മാട്രിമോണിയൽ അപ്പീൽ നം. 487/2018

2018 ആഗസ്റ്റ് 10 ന് വിധി കല്പിച്ചത്.

### പ്രസക്തഭാഗങ്ങൾ

**അപ്പീൽ വാദിയ്ക്കെതിരെ പാസ്സാക്കിയ എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് ഒരു ഉപാധിയായി 5000/- രൂപയുടെ ഒരു തുക ചെലവിനത്തിൽ എതിർകക്ഷിയ്ക്ക് കൊടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്തതാണ് ഈ അപ്പീൽ**

**അപ്പീൽവാദിക്കെതിരെ ഡിക്രി പുറപ്പെടുവിക്കുന്നതിന് മുൻപ്, കീഴ്കോടതി, സിവിൽ നടപടി നിയമ സംഹിതയിലെ ഓർഡർ തതത11 15-ാം ചട്ടത്തിൻ കീഴിൽ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടില്ലെന്നും അതിനാൽ അവൾക്കെതിരെ പുറപ്പെടുവിച്ചിട്ടുളള എക്സ് പാർട്ടി ഡിക്രി നിയമവിരുദ്ധവും അനുചിതവുമാണെന്നും എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അവൾ ഫയൽ ചെയ്ത അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്നായിരുന്നു അപ്പീൽ വാദിയുടെ വാദം. ഒരു പക്ഷേ, ഡിക്രിക്ക് തന്നെ എതിരായി ഒരു അപ്പീലിൽ ആ ഡിക്രി ചോദ്യം ചെയ്യുന്നതിന് അവൾക്ക് ഇതൊരു മതിയായ കാരണമാകാം. അതിനാൽ, അവൾക്കെതിരെ വിവാഹമോചന ഡിക്രി പുറപ്പെടുവിക്കുന്നതിന് മുൻപ് സിവിൽ നടപടി നിയമ സംഹിതയുടെ ഓർഡർ തതത11 15-ാം ചട്ടത്തിൻ കീഴിൽ ഏതെങ്കിലും അന്വേഷണം യഥാർത്ഥത്തിൽ കീഴ്ക്കോടതി നടത്തിയിട്ടുണ്ടോ എന്ന ചോദ്യം ഇവിടെ പരിഗണിക്കേണ്ട ആവശ്യമില്ല.**

### വിധിന്യായം

*ജസ്റ്റിസ് ആർ. നാരായണ പിഷാരടി.*

1. അപ്പീൽവാദി ഭാര്യയും എതിർകക്ഷി ഭർത്താവുമാണ്. ഇരിങ്ങാലക്കുട കുടുംബ കോടതി, അപ്പീൽവാദിക്കെതിരെ പാസ്സാക്കിയ എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് ഒരു ഉപാധിയായി 5000/- രൂപയുടെ ഒരു തുക ചെലവിനത്തിൽ എതിർകക്ഷിക്ക് കൊടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യംചെയ്തുകൊണ്ട് ഫയൽ ചെയ്തതാണ് ഈ അപ്പീൽ.

2. എതിർകക്ഷി 1955-ലെ ഹിന്ദുവിവാഹ നിയമത്തിലെ 13 (1) (ശഎ) യും (ശശശ) യും വകുപ്പിൻ കീഴിൽ ക്രൂരതയുടെയും സുഖപ്പെടുത്താൻ പറ്റാത്ത ചിത്തഭ്രമത്തിന്റെയും കാരണങ്ങളാൽ വിവാഹമോചന വിധിക്കായി അപ്പീൽ വാദിക്കെതിരെ ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ ഒ.പി നം351/2013 ഫയൽ ചെയ്തു. കേസിൽ, അപ്പീൽ വാദിയെ അവളുടെ അച്ഛൻ അവളുടെ രക്ഷാകർത്താവായി പ്രതിനിധീകരിച്ചു. കേസിൽ അവളെ എക്സ് പാർട്ടിയാക്കുകയും എതിർകക്ഷിക്ക് അനുകൂലമായി ഒരു വിവാഹമോചന ഡിക്രി അനുവദിക്കുകയും ചെയ്തു.

3. അപ്പീൽവാദി ഐ.എ നം.3501/2016-ഉം ഐ.എ നം. 3502/16 എന്ന രണ്ട് അപേക്ഷകൾ കുടുംബകോടതിയിൽ അവൾക്ക് എതിരെ പാസ്സാക്കിയ എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷ ഫയൽ ചെയ്യുന്നതിനുണ്ടായ 810 ദിവസത്തെ കാലതാമസം മാപ്പാക്കുന്നതിനും ഫയൽ ചെയ്തു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പ്രകാരം, എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുന്നതിന് അപേക്ഷ ഫയൽ ചെയ്യുന്നതിനു വരുത്തിയ കാലതാമസത്തിനും, കൂടാതെ, കേസിന്റെ വിചാരണ തീയതിയിൽ കോടതി മുമ്പാകെ ഹാജരാകാതിരുന്നതിനും മതിയായ കാരണം കാണിക്കുന്നതിന് അപ്പീൽ വാദി പരാജയപ്പെട്ടുവെന്ന് കുടുംബകോടതി കണ്ടെത്തി. എന്നിരുന്നാലും, നീതിയുടെ താല്പര്യാർത്ഥം, കുടുംബകോടതി അപ്പീൽ വാദിക്ക് കേസ് നടത്തുന്നതിന്, എക്സ് പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിന് ഒരവസരം നൽകാൻ കഴിയും, എന്നാൽ എതിർകക്ഷിയ്ക്ക് ചെലവായി 5000 രൂപയുടെ ഒരു തുക അവൾ കെട്ടിവയ്ക്കണമെന്ന ഉപാധിയിൻമേൽ മാത്രമായിരിക്കുമെന്ന് കണ്ടെത്തി. അപ്പീൽവാദി കീഴ്കോടതി നിർദ്ദേശിച്ച പ്രകാരം ചെലവ് തുക കെട്ടിവച്ചില്ല. എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് കുടുംബകോടതി എതിർകക്ഷിക്ക് ചെലവായി 5000/- രൂപ നല്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവിനെ അവൾ ചോദ്യം ചെയ്തു.

4. ഞങ്ങൾ അപ്പീൽവാദിക്കും അത് പോലെതന്നെ എതിർകക്ഷിക്കും വേണ്ടിയുള്ള വിദ്വാൻമാരായ അഭിഭാഷകരെ കേട്ടു.

5. അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകൻ ഒ.പി.നം 351/2013 -ൽ സമൻസ്/നോട്ടീസ് അപ്പീൽവാദിക്ക് നല്കിയിട്ടില്ലായെന്നും, എന്നാൽ അവളുടെ പിതാവിന് മാത്രമാണ് നല്കിയതെന്നും തർക്കിച്ചു, കൂടാതെ, അയാൾ അപ്പീൽ വാദിക്ക് മനോരോഗമില്ലെന്നും, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ തതത11 15-ാം ചട്ടത്തിൻ കീഴിൽ ഒരു അന്വേഷണവും നടത്താതെയാണ് കീഴ്ക്കോടതി അവൾക്കെതിരെ എക്സ്പാർട്ടി ഡിക്രി പുറപ്പെടുവിച്ചിട്ടുള്ളതെന്നും തർക്കിച്ചു. വിവാഹമോചന ഡിക്രി നേടിയശേഷവും, എതിർകക്ഷി അപ്പീൽവാദിയോടൊപ്പം താമസം തുടരുകയും അതിനാൽ അവൾക്കെതിരെ പുറപ്പെടുവിച്ച ഡിക്രിയെക്കുറിച്ച് അവൾക്ക് അറിവില്ലായിരുന്നുവെന്നും വിദ്വാനായ അഭിഭാഷകൻ കൂടുതലായി തർക്കിച്ചു.

6. എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷ ഫയൽ ചെയ്യുന്നതിനുണ്ടായ 810 ദിവസങ്ങളുടെ കാലതാമസത്തിന് മതിയായ കാരണം കാണിക്കാൻ അപ്പീൽ വാദി പരാജയപ്പെട്ടു എന്ന കീഴ്ക്കോടതിയുടെ കണ്ടെത്തലിൽ ഇടപെടാൻ യാതൊരു മതിയായ കാരണവുമില്ല. യഥാർത്ഥത്തിൽ, എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷ ഫയൽ ചെയ്യുന്നതിനുണ്ടായ കാലതാമസം വിശദീകരിക്കുന്നതിൽ അപ്പീൽവാദി ഗൗരവമായ ശ്രമം നടത്തിയിട്ടില്ല എന്നത് വസ്തുതയാണ്.

അപ്പീൽവാദിയെ ചിത്തഭ്രമമുള്ള ഒരാളായി ഒ.പി.നം.351/2013 -ൽ കാണിച്ചിരുന്നു, എന്നാൽ കേസിൽ അവളെ പ്രതിനിധീകരിച്ചത് അവളുടെ രക്ഷാകർത്താവായി കാണിച്ചിരുന്ന അവളുടെ പിതാവായിരുന്നു. അപ്പീൽവാദി അവൾ ഏതെങ്കിലും മനോരോഗത്താൽ ക്ലേശം അനുഭവിക്കുന്നില്ലെന്ന വാദം ഈ കേസിൽ സ്വീകരിച്ചു. അവൾ കേസിൽ അച്ഛനോടൊപ്പം ഹാജരാകുകയും ഒരു അഭിഭാഷകനെ ഏർപ്പാടാക്കുകയും ചെയ്തു. അവളും കൗൺസിലിംഗിൽ പങ്കെടുത്തു. ഈ സാഹചര്യങ്ങളിൽ, കുടുംബ കോടതി മുമ്പാകെയുള്ള നടപടികളെക്കുറിച്ച് അവൾക്ക് അറിവില്ലായിരുന്നെന്നും അച്ഛന് മാത്രമേ നോട്ടീസ്/സമൻസ് നടത്തിയിട്ടുള്ളുവെന്നും അവൾക്ക് പറയാൻ സാധിക്കില്ല. കുടുംബകോടതിയിൽ അവൾക്കെതിരെയുള്ള നടപടിയെക്കുറിച്ച് അവൾക്ക് മതിയായ അറിവുണ്ടായിരുന്നു. സിവിൽ നടപടി നിയമ സംഹിതയിലെ ഓർഡർ കത 13-ാം ചട്ടത്തിലെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ പറയുന്നത് , പ്രതിക്ക് വിചാരണ തീയതി സംബന്ധിച്ച് അറിവുണ്ടായിരിക്കുകയും വാദിയുടെ അവകാശ വാദത്തിന് മറുപടി നൽകുവാൻ ഹാജരാകുന്നതിന് മതിയായ സമയവും ഉണ്ടായിരുന്നു എന്ന് അതിന് ബോദ്ധ്യപ്പെടുന്ന പക്ഷം സമൻസ് നടത്തിപ്പിലെ ക്രമരാഹിത്യത്തിന്റെ കാരണത്താൽ യാതൊരു കോടതിയും എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്താൻ പാടില്ല. കേസിന്റെ വിചാരണ തീയതിയിൽ കീഴ്ക്കോടതിയിൽ അവൾ ഹാജരാകാതിരുന്നതിന് മതിയായ കാരണം കാണിക്കുന്നതിന് അപ്പീൽവാദി പരാജയപ്പെട്ടുവെന്നും, കൂടാതെ, അവൾ എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷ ഫയൽ ചെയ്യുന്നതിന് വരുത്തിയ 810 ദിവസത്തെ കാലതാമസം വിശദീകരിക്കുന്നതിൽ പരാജയപ്പെട്ടുവെന്നും കണ്ടെത്താവുന്നതാണ്.

7. അപ്പീൽവാദിയുടെ ഒരു വാദം അവൾക്കെതിരെ വിവാഹമോചനത്തിനുള്ള ഡിക്രി ലഭിച്ചതിനുശേഷം പോലും, എതിർകക്ഷി അവളോടൊപ്പം താമസം തുടർന്നതിനാൽ അവൾക്കെതിരെ പുറപ്പെടുവിച്ച ഡിക്രി സംബന്ധിച്ച് അവൾക്ക് യാതൊരു അറിവും ഇല്ലായിരുന്നു എന്നതാണ്. എക്സ് പാർട്ടി വിവാഹ മോചന ഡിക്രി ലഭിച്ചതിനുശേഷവും രണ്ടാഴ്ച കാലയളവിൽ അപ്പീൽ വാദിയോടൊപ്പം താമസം തുടർന്നുവെന്ന് എതിർകക്ഷി സമ്മതിച്ചു. അത് അപ്പീൽവാദിക്ക് അവൾക്കെതിരെ എക്സ് പാർട്ടി ഡിക്രി പാസ്സാക്കിയത് 810 ദിവസക്കാലത്തോളം അറിവില്ലായിരുന്നുവെന്നതിന് മതിയായ കാരണമല്ല. നേരത്തെ സുചിപ്പിച്ചത് പോലെ, അവൾ നേരിട്ട് കുടുംബ കോടതിയിൽ ഹാജരാവുകയും കോടതിയിൽ, അവൾക്കെതിരെയുള്ള നടപടികളുടെ പൂർണ്ണ അറിവ് അവൾക്ക് ഉണ്ടായിരുന്നതും അതിനാൽ അവൾക്കെതിരെ എക്സ് പാർട്ടി ഡിക്രി പുറപ്പെടുവിച്ചതിനെ കുറിച്ച് അവൾക്ക് യാതൊരറിവും ഇല്ലായിരുന്നു എന്ന വാദം സ്വീകരിക്കാൻ കഴിയില്ല.

8. അവൾക്കെതിരെ ഡിക്രി പുറപ്പെടുവിക്കുന്നതിന് മുൻപ്, കീഴ്കോടതി, സിവിൽ നടപടി നിയമ സംഹിതയിലെ ഓർഡർ തതത11 15-ാം ചട്ടത്തിൻ കീഴിൽ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടില്ലെന്നും അതിനാൽ അവൾക്കെതിരെ പുറപ്പെടുവിച്ചിട്ടുള്ള എക്സ് പാർട്ടി ഡിക്രി നിയമവിരുദ്ധവും അനുചിതവുമാണെന്നും എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അവൾ ഫയൽ ചെയ്ത അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്നുമായിരുന്നു അപ്പീൽവാദിയുടെ വാദം. ഒരു പക്ഷേ, ഡിക്രിക്ക് തന്നെ എതിരായി ഒരു അപ്പീലിൽ ആ ഡിക്രി ചോദ്യം ചെയ്യുന്നതിന് അവൾക്ക് ഇതൊരു മതിയായ കാരണമാകാം. അതിനാൽ,

അവൾക്കെതിരെ വിവാഹ മോചന ഡിക്രി പുറപ്പെടുവിക്കുന്നതിന് മുൻപ് സിവിൽ നടപടി നിയമ സംഹിതയുടെ ഓർഡർ തതത11 15-ാം ചട്ടത്തിൻ കീഴിൽ ഏതെങ്കിലും അന്വേഷണം യഥാർത്ഥത്തിൽ കീഴ്ക്കോടതി നടത്തിയിട്ടുണ്ടോ എന്ന ചോദ്യം ഇവിടെ പരിഗണിക്കേണ്ട ആവശ്യമില്ല.

9. എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷ ഫയൽ ചെയ്യുന്നതിനുണ്ടായ 810 ദിവസത്തെ കാലതാമസത്തിന് മതിയായ കാരണം ബോധിപ്പിക്കുവാൻ അപ്പീൽ വാദി പരാജയപ്പെട്ടുവെന്ന കണ്ടെത്തലിന് ശേഷവും കോടതിയിൽ അവൾ ഹാജരാകാതിരുന്നതിന് മതിയായ കാരണം ബോധിപ്പിക്കുവാൻ അവൾ പരാജയപ്പെട്ടിട്ടും കീഴ്ക്കോടതി ഒരു മൃദുവായ കാഴ്ചപ്പാട് സ്വീകരിക്കുകയും അവൾക്ക് കേസ് നടത്താൻ ഒരു അവസരം കൂടി 5000/- രൂപ ചെലവായി എതിർകക്ഷിക്ക് നല്കുന്ന മുറയ്ക്ക് അനുവദിക്കുന്നത് ഉചിതമാണെന്ന് കരുതുകയും ചെയ്തു. അപ്പീൽവാദിക്ക് കീഴ്ക്കോടതി ചുമത്തിയ ചെലവ് തുക യുക്തിരഹിതമാണെന്നോ അല്ലെങ്കിൽ കൂടി പോയെന്നോ യാതൊരു കേസുമില്ല. എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുമ്പോൾ ഉപാധികൾ ചുമത്തുവാൻ സാധിക്കും. ചുമത്തപ്പെടുന്ന നിയന്ത്രണങ്ങൾ യുക്തിരഹിതമോ അല്ലെങ്കിൽ കഠിനമായി അമിതമാവാൻ പാടില്ല എന്നതാണ് ഒരേയൊരു നിയന്ത്രണം. (ടീ ഓക്ഷൻ ലിമിറ്റഡ് V/s ഗ്രേസ് ഹിൽ ടി ഇൻഡസ്ട്രി: മനു/എസ്സി/8494/2006 എ.ഐ.ആർ 2007 എസ്.സി 67 - ലും എം/എസ് ജി.എം. ജി. എഞ്ചിനിയറിംഗ് ഇൻഡസട്രീസ് V/s എം/എസ് ഇസ്സാ ഗ്രീൻ പവർ സൊലൂഷൻ മനു/എസ്.സി/0632/2015 എ.ഐ.ആർ 2015 എസ് സി 2675 കാണുക.)

10. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, അപ്പീൽവാദി അവൾക്കെതിരെ പാസ്സാക്കിയ എക്സ് പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് 5000/- രൂപയുടെ ഒരു തുക എതിർകക്ഷിക്ക് നല്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കീഴ്ക്കോടതി പുറപ്പെടുവിച്ച ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഇടപെടാൻ മതിയായ കാരണം ഞങ്ങൾ കാണുന്നില്ല. അപ്പീൽ തള്ളുന്നതിന് ബാദ്ധ്യസ്ഥമാണ്.

തത്ഫലമായി ഞങ്ങൾ അപ്പീൽ തള്ളുന്നു. അപ്പീലിൽ കക്ഷികൾ യഥാക്രമം അവരവരുടെ ചെലവ് വഹിക്കേണ്ടതാണ്.

*———————*

FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| | Nationality | : | Indian |
| | Address | : | Government Press, Mannanthala, Thiruvananthapuram. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 5. | Editor's Name | : | Law Secretary |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | B.G. Harindranath, Law Secretary, Law Department, Government of Kerala on behalf of Government of Kerala. |

I, B.G. Harindranath hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 12-09-2018.

*Signature of Publisher.*

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ നിയമ വകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.



RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
പേജ് 76
വാല്യം 3

ആഗസ്റ്റ് 2018
AUGUST 2018
DATE OF PUBLICATION
12-8-2018
ഇഷ്യൂ - 1



PRINTED BY K.P. MUHAMMED KUTTY, THE SUPERINTENDENT OF GOVERNMENT PRESSES, THIRUVANANTHAPURAM
PUBLISHED BY B.G. HARINDRANATH, SECRETARY, LAW DEPARTMENT, GOVERNMENT SECRETARIAT,
THIRUVANANTHAPURAM-695001
ON BEHALF OF GOVT. OF KERALA AND PRINTED AT GOVT. PRESS, MANNANTHALA, THIRUVANANTHAPURAM
AND PUBLISHED AT LAW DEPARTMENT, SECRETARIAT, THIRUVANANTHAPURAM-695001, EDITOR: B.G. HARINDRANATH